# ആഫ്രിക്കയിലൂടെ.....

1998 ഡിസംബറിലെ ഒരു തണുത്ത സായന്തനത്തിലാണ് ഞങ്ങൾ ആഫ്രിക്കയിലെ ജോഹന്നാസ് ബർഗിൽ എത്തിച്ചേർന്നത്. ഇന്ത്യയിൽ നിന്നും വളരെ അകലെ, ഏഷ്യാഭൂഖണ്ഡത്തിൽ നിന്നും കാതങ്ങൾക്കപ്പുറം ആഫ്രിക്കയുടെ കറുത്ത മണ്ണിൽ കാലുകുത്തുമ്പോൾ ചരിത്രഗ്രന്ഥങ്ങളിലും പത്രത്താളുകളിലും മാത്രം വായിച്ചറിഞ്ഞ ഇരുണ്ട രാജ്യത്തിലാണ് ഞാൻ നിൽക്കുന്നതെന്ന് വിശസിക്കാൻ പ്രയാസം തോന്നി. ഈ മണ്ണിലാണ് നിയമം പറിക്കാൻ നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജി വർഷങ്ങൾക്കു മുമ്പ് എത്തിയത്. അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിൻെറഉന്നമനത്തിനുവേണ്ടി കറുത്ത വർഗ്ഗത്തിൻെറ സ്വാതന്ത്ര്യത്തിന് വേണ്ടി നെൽസൺ മണ്ടേല എന്ന ഫിനിക്സ് പക്ഷി ഉയർത്തെഴുന്നേറ്റതും ഈ മണ്ണിൽ തന്നെയാണ്. ഒരുപാട് ചിന്തകളുമായി ചുറ്റുപാടുകളെ വിസ്മരിച്ച് വളരെ നേരം നിന്നുപോയി.

കേപ്പ് ടൗണിലെ Prime Rose

ജീവാനന്ദ്
**Ist Bsc. Botany.**



*ജീവാനന്ദ് ഗാംഗുലിയും സുച്ചിനുമൊത്ത്*

ക്രിക്കറ്റ് ക്ലബ്ബാണ് ഞങ്ങളെ ക്രിക്കറ്റ് മാച്ചിന് ആഫ്രിക്കയിലേക്ക് ക്ഷണിച്ചത്. പതിനഞ്ച് അംഗങ്ങളുള്ള ക്രിക്കറ്റ് ടീമിൽ ഞങ്ങൾ അഞ്ച് മലയാളികളും ബാക്കി പത്തു പേർ കർണ്ണാടകക്കാരുമായിരുന്നു. 1985 കാലഘട്ടങ്ങളിലെ ഇന്ത്യൻ ക്രിക്കറ്റ് ടീമിൻെറ വിശ്വസ്തനായ വിക്കറ്റ് കീപ്പർ സദാനന്ദ് വിശ്വനാഥ് ആയിരുന്നു ഞങ്ങളുടെ കോച്ച്.

ജോഹന്നാസ് ബർഗ് എയർപോർട്ടിൽ ഞങ്ങളുടെ ടീമിനെ സ്വീകരിക്കാൽ മദ്രാസുകാരനായ ആനന്ദും അദ്ദേഹത്തിന്റെ പത്നി ഡർബൻ സ്വദേശിനിയായ പോളും ഉണ്ടായിരുന്നു. സ്നേഹാർദ്രമായ അവരുടെ സ്വീകരണത്തിന്റെ മധുരവും നുണഞ്ഞുകൊണ്ട് അന്ന് തന്നെ ഞങ്ങൾ കെപ്പ് ടൗണിലേക്ക് യാത്ര തിരിച്ചു. ഡിസംബർ 26 ന് പ്രഭാതത്തിലാണ് ഞങ്ങളുടെ ടീം ക്യേപ്പ് ടൗണിലെത്തിയത്.

നട്ടുച്ചയിലും നനുത്ത കാറ്റ് ഞങ്ങളെ തഴുകിക്കൊണ്ടിരുന്നു. കേരളത്തിന്റെ പ്രകൃതിമനോഹാരിതയും അന്തരീക്ഷവും

തന്നെയാണ് അവിടെ എനിക്ക് അനുഭവിക്കാൻ കഴിഞ്ഞത്. മലബാറിലെ ഏതോ ഗ്രാമത്തിലാണോ ഞാൻ നിൽക്കുന്നത് എന്ന് തോന്നിപ്പോയി. വളക്കൂറുള്ള മണ്ണിൽ നിറയെ തലയുയർത്തി നിൽക്കുന്ന മരങ്ങളും, ചെടികളും. പോൾ ആനന്ദ് ഞങ്ങളോട് മുറിയൻ മലയാളത്തിലും ഇംഗ്ലീഷിലുമൊക്കെയായി അവിടുത്തെ സംസ്കാരത്തെയും പ്രകൃതിഭംഗിയെയും കുറിച്ച് വിവരിച്ച് തന്നുകൊണ്ടിരുന്നു. പിറ്റേന്ന് മധ്യാഹ്നത്തിൽ വലിയ ഒരു തടാകത്തിന്റെ തീരത്തെത്തി ഞങ്ങൾ കുറേ നേരം വിശ്രമിച്ചു. ആനന്ദ് കർണ്ണാടകക്കാരനായ സുഹൃത്തുക്കളോട് ഞങ്ങൾക്ക് തീർത്തും അപരിചിതമായ കന്നടഭാഷയിൽ എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങൾക്ക് അഞ്ച് മലയാളികൾക്ക് ആഫ്രിക്കയെ പരിചയപ്പെടുത്തുന്നതിൽ അതീവ ഉൽസാഹം കാണിക്കുന്നുണ്ട് ആനന്ദ്പോൾ. തടാകക്കരയിലെ വലിയ പാറക്കെട്ടിലിരുന്ന്കൊണ്ട് പോൾ നെറ്റിയിലേക്ക് വഴുതിവീണ മുടിയൊതുക്കിക്കൊണ്ട് ആഫ്രിക്കയിലെ ജലാശയങ്ങളെക്കുറിച്ച് പറയാൻ തുടങ്ങി.

27ാം തീയ്യതി ഞങ്ങളുടെ ആദ്യമത്സരമായിരുന്നു 'United cricket club'—മായിട്ടാണ് ഞങ്ങൾ കളിച്ചത്. പക്ഷേ, എന്റെ ക്ലബ്ബിലെ പല അംഗങ്ങൾക്കും യാത്രാക്ഷീണമുണ്ടായിരുന്നതിനാൽ സജീവമായി കളിക്കുവാൻ കഴിഞ്ഞില്ല. അങ്ങനെ ഞങ്ങൾ ആതിഥേയരോട് ദയനീയമായി പരാജയപ്പെട്ടു. അന്ന് വൈകീട്ട് ഞങ്ങൾ ഇന്ത്യൻ വംശജരായ, ആഫ്രിക്കയിൽ സ്ഥിരതാമസമാക്കിയവരുടെ, ഗംഭീരമായ വിരുന്നുസൽക്കാരത്തിൽ പങ്കെടുത്തു. രണ്ടാമത്തെ മത്സരത്തിൽ ലക്ഷ്യം നേടാൻ ഞങ്ങൾ മനസ്സിനെയും ശരീരത്തെയും സജ്ജമാക്കിക്കൊണ്ടിരുന്നു. കേപ്ടൗണിലെ പച്ചപ്പട്ടവിരിച്ച മൈതാനിയിൽ ഞങ്ങൾ വ്യായാമം നടത്തി. ഒടുവിൽ രണ്ടാമത്തെ മത്സരത്തിൽ ഞങ്ങൾ 'Prime Rose' -നെ പരാജയപ്പെടുത്തി.

ഞങ്ങൾ വിജയലഹരിയിലായിരുന്നു. അകലെ ഇന്ത്യയിൽനിന്നും വന്നിട്ട് വൃഥാവിലായില്ലല്ലോ എന്നോർത്തുള്ള സന്തോഷത്തിലായിരുന്നു. അടുത്ത ദിവസം ഞങ്ങൾ നഗരം ചുറ്റിക്കാണാൻ പോയി. ഞങ്ങളുടെ ട്രക്ക് ഗ്രാമങ്ങളും പട്ടണങ്ങളും ഓരോന്നോരോന്നായി പിന്നിട്ട് പോയിക്കൊണ്ടിരുന്നു. നഗരം മുഴുവൻ പുതുവത്സരത്തെ വരവേൽക്കുന്നതിന്റെ ഉത്സാഹത്തിമിർപ്പിലാണ്. നിറയെ തോരണങ്ങൾ, വിവിധ നിറങ്ങളിലുള്ള ബൾബുകൾ പ്രകാശിക്കുന്ന പാർക്കുകൾ, സംഗീതമൊഴുകിയെത്തുന്ന കൊച്ചുകടകൾ...... തിരക്ക് പിടിച്ച യാത്രക്കാർ........, വൃദ്ധന്മാർ, കൈക്കുഞ്ഞുങ്ങളെയുമെടുത്ത് സ്ത്രീകൾ, എങ്ങും ബഹളം.....

അടുത്ത ദിവസങ്ങളിൽ നടന്ന മത്സരങ്ങളിൽ ഞങ്ങൾ 'United Junior Team'– നേയും 'Prime Rose'നേയും പരാജയപ്പെടുത്തി. ഞങ്ങളുടെ ടീമംഗങ്ങൾ എല്ലാം വളരെ സന്തോഷത്തിലായിരുന്നു. അന്ന് രാത്രി ആനന്ദും പോളും നൽകിയ ഹൃദ്യമായ വിരുന്നിൽ ഞങ്ങൾ പങ്കെടുത്തു. ഓർമ്മയിൽ നിന്നും ഒരിക്കലും മായാത്തൊരു രാത്രിയായിരുന്നു അത്. അന്ന് രാത്രി എല്ലാ ടീം അംഗങ്ങളും ഒരുപാട് സന്തോഷത്തോടെയാണ് കിടന്നുറങ്ങിയത്. പുതുവർഷത്തിന് സ്വാഗതം പറഞ്ഞുകൊണ്ട് നഗരങ്ങളിൽ മുഴുവനും നൃത്തവും പാട്ടും ബഹളവുമൊക്കെയായിരുന്നു.

ഇന്ത്യൻ ക്രിക്കറ്റ് ടീം സൗത്ത് ആഫ്രിക്കയിൽ പര്യടനം നടത്തുന്ന സമയമായിരുന്നു അത്. ഞങ്ങൾ അടുത്ത ദിവസം തന്നെ ഇന്ത്യൻ ടീമിന്റെ ക്യാമ്പ് സന്ദർശിച്ചു. ഇഷ്ടതാരങ്ങളെ കാണാൻ അവസരം ഒരുക്കിത്തന്ന സദാനന്ദ് വിശ്വനാഥ് സാറിനോടുള്ള സ്നേഹം എത്രയാണെന്ന് എഴുതി അറിയിക്കാൻ കഴിയാത്തതാണ്. ഞങ്ങളുടെ സന്തോഷം അത്രയ്ക്കായിരുന്നു. ക്യാമ്പിൽ അന്നത്തെ ഇന്ത്യൻ ടീം ക്യാപ്റ്റൻ ടെണ്ടുൽക്കറുമായും വൈസ് ക്യാപ്റ്റൻ അനിൽ കുമ്പ്ലെയുമായെല്ലാം പരിചയപ്പെടാനും ഒരുപാട് നേരം സംസാരിക്കാനും സാധിച്ചു. ശാരീരിക അസ്വാസ്ഥ്യമായതിനാൽ രാഹുൽദ്രാവിഡിനെയും സബാകരീമിനെയും കാണുവാൻ സാധിച്ചില്ല. എന്റെ ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത ദിവസമായിരുന്നു അന്ന്.

കേപ്ടൗണിൽനിന്നും അകലെയുള്ള ഒരു ക്രിക്കറ്റ് ടീമുമായിട്ടായിരുന്നു പിന്നീടുള്ള ഞങ്ങളുടെ മത്സരം. ആ മത്സരത്തിൽ ഞങ്ങൾ പരാജയപ്പെട്ടു. അടുത്തദിവസം സൗത്താഫ്രിക്കയും ഇന്ത്യയും തമ്മിൽ നടക്കുന്ന ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിവസത്തെ കളികാണാൻ പോയി. ഞങ്ങളുടെ മാനേജരായ പി.വി. മോഹൻസാറിന്റെ അനുജനും കർണ്ണാടക രഞ്ജി ടീമിന്റെ ക്യാപ്റ്റനുമായ പി.വി. ശശികാന്തിന്റെ അടുത്ത സുഹൃത്ത്കൂടിയായ അനിൽകുംബ്ലെയാണ് ഞങ്ങൾക്ക് ടിക്കറ്റ് ശരിയാക്കി തന്നത്. രണ്ടാം ദിവസത്തെ കളിയിൽ മക്മില്ലനും, ലാൻസ് ക്ലൂസ്നറും അതിവേഗത്തിൽ നേടിയ സെഞ്ച്വറികൾ എനിക്കൊരിക്കലും മറക്കാൻ കഴിയാത്തൊരനുഭവമായിരുന്നു.

കേപ്ടൗണിൽ ഞങ്ങൾക്ക് നേരിടേണ്ടി വന്ന അഞ്ച് മത്സരത്തിൽ മൂന്നെണ്ണത്തിൽ ഞങ്ങൾ വിജയിച്ചു. വീണ്ടും രണ്ട് ദിവസം കൂടി കേപ്ടൗണും സിറ്റിയും പരിസരപ്രദേശങ്ങളുമെല്ലാം ചുറ്റിക്കണ്ടു. ഞങ്ങൾ സൗത്താഫ്രിക്കയോട് വിടപറയാനുള്ള ദിവസത്തിന്റെ തലേന്നാൾ എത്തിച്ചേർന്നു. കുറച്ച് ദിവസം കൊണ്ടാണെങ്കിലും കേപ്ടൗൺ നഗരവുമായി ഞങ്ങൾ വല്ലാതെ അടുത്തിരുന്നു. ഒരുപാട് പുതിയ സുഹൃത്തുക്കളെയും ആ നഗരം ഞങ്ങൾക്കുതന്നു. 'Prime Rose' ടീം ഒരുക്കിയ ഞങ്ങൾക്കുള്ള അവസാനത്തെ സൽക്കാരത്തിൽ പങ്കെടുക്കുമ്പോൾ മനസ്സിന് വല്ലാത്തൊരു വിങ്ങൽ അനുഭവപ്പെട്ടു. പിന്നീട് ജോഹന്നാസ് ബർഗിലേക്ക് ബസ് കയറി. അവിടെ ആസാദ് വില്ല ക്രക്കറ്റ് ടീമിന്റെ ക്യാപ്റ്റനും മാനേജരും ഞങ്ങളെ ഊഷ്മളമായി സ്വീകരിച്ചു. ഉച്ചയ്ക്ക് ആസാദ് വില്ലയിലെ ഇന്ത്യക്കാർ നൽകിയ സ്വീകരണത്തിലും പങ്കെടുത്തു. ഗുജറാത്തിൽനിന്നും കുടിയേറിപ്പാർത്ത ഇവർ ഞങ്ങളോട് വളരെ താൽപ്പര്യത്തോടെയാണ് സംസാരിച്ചത്.

അന്നുതന്നെയായിരുന്നു ഞങ്ങളുടെ അവസാനമത്സരം. ആസാദ് വില്ല ക്രിക്കറ്റ് ടീമുമായി നടന്ന ഡേനൈറ്റ് മത്സരത്തിൽ വിജയം ഞങ്ങൾക്കൊപ്പമായിരുന്നു. അന്ന് ഞങ്ങൾ ജോഹന്നായ് ബർഗ് ചുറ്റിക്കണ്ടു. ഒടുവിൽ ആ ദിവസം വന്നുചേർന്നു. ഒരുപാട് നല്ല ഓർമ്മകളുമായി ഞങ്ങൾ ഇന്ത്യയിലേക്ക് യാത്രതിരിക്കുകയാണ്, ആനന്ദിനെയും പോളിനെയും വളരെ അസ്വസ്ഥരായിട്ടാണ് അവസാനദിവസങ്ങളിൽ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്. ജോഹന്നാസ് എയർപോർട്ടിൽ വെച്ച് എന്റെ നീലക്കവറുള്ള ഡയറിയിൽ പോൾ എഴുതി....

Dear Boy, Thank you for being with us actually you people create the moments of our mother land.

Good Bye.............and Good Luck

തിരക്കിട്ട് അകത്തേക്ക് നടന്നടുക്കുമ്പോൾ പോൾ ആരും കാണാതെ കണ്ണീർ തുടയ്ക്കുന്നത് കണ്ടത് ഞാൻ മാത്രമായിരുന്നോ?.....

ലേഖനം

ബിമൽ റോയ്
Ist BSc
Physics

# ഭാരതസംസ്കാരം ജീർണ്ണതയിലേക്കോ


വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും, നിറഞ്ഞതാണ് നമ്മുടെ 'ആർഷ ഭാരതസംസ്കാരം'. ആർഷഭാരത സംസ്കാരത്തിന്റെ പിൻതുടർച്ചക്കാർ എന്ന നിലയിൽ ഓരോ ഭാരതീയനും അഭിമാനം കൊള്ളാറുണ്ട്. അത്രയ്ക്കും മഹത്തരമാണ് നമ്മുടെ സംസ്കാരം! പക്ഷേ, ആധുനികഭാരതത്തിൽ ഇന്നു നടക്കുന്ന സംഭവങ്ങൾ നമ്മുടെ സാംസ്കാരികപൈതൃകത്തിന് കളങ്കം ചാർത്തുന്നതരത്തിലുള്ളവയാണ്.



1998 ഡിസംബർ 26. അശാന്തിയുടെ മറ്റൊരു ഡിസംബർ കൂടി. അന്ന് ഭാരതത്തിന്റെ ശ്രദ്ധ മുഴുവൻ തെക്കൻ ഗുജറാത്തിലെ ഒരു മലയോരജില്ലയായ 'ഡാംഗി'ലേക്കു തിരിഞ്ഞു. ഡിസംബർ 25 , ക്രിസ്തുമസ് രാത്രി ഇവിടെ നടന്ന സംഭവങ്ങൾ നമ്മുടെ മതസൗഹാർദ്ദസംസ്കാരത്തിന് ഒരിക്കൽക്കൂടെ വിള്ളലുകൾ ഉണ്ടാക്കി. അന്ന് ഡാംഗ് എന്ന കൊച്ചുജില്ല ഒരു മാറ്റത്തിന് വിധേയമാകുകയായിരുന്നു. ശാന്തതയുടെ പറുദീസയിൽനിന്നും കലാപത്തിന്റെ വിളഭൂമിയായി ഈ കൊച്ചുജില്ല മാറ്റപ്പെടുകയായിരുന്നു. സാമുദായികലഹളയുടെ അശാന്തത ഇവിടേക്കും പടർന്നുപിടിച്ചു. മതഭ്രാന്തന്മാരുടെ അഴിഞ്ഞാട്ടത്തിന് ഭാരതജനത ഒരിക്കൽക്കൂടെ സാക്ഷ്യം വഹിച്ചു. അയോധ്യ–രാമജന്മഭൂമി പ്രശ്നവും അതിനെതുടർന്നുണ്ടായ ദാരുണ സംഭവങ്ങളും മനസ്സിൽ മായാതെ സൂക്ഷിക്കുന്ന ഭാരതജനത 'ഡാംഗ്' ഒരു ഞെട്ടലോടെയാണ് സ്വീകരിച്ചത്.

'ഡാംഗി'ന്റെ തീയണയും മുമ്പേ, ഒറീസയിലെ മനോഹർപൂർ ഗ്രാമത്തിൽ 'ഒരു മിഷനറി വധം' അരങ്ങേറി. ആസ്ട്രേലിയക്കാരനായ മിഷനറി ഗ്രീസ്റ്റിവാർഡ് സ്റ്റെയിൻസിനെയും മക്കളെയും ആക്രമികൾ ചുട്ടെരിച്ചുകൊന്നു. 'ഡാംഗ്' ഉൾപ്പെടെ രാജ്യത്തിന്റെ വിവിധഭാഗങ്ങളിലായി ക്രൈസ്തവർക്കുനേരെ നടന്നുവരുന്ന ആക്രമണത്തിന്റെ തുടർച്ചയായിരുന്നു ഈ മിഷനറി വധവും. ഡാംഗും മിഷനറി വധവും രാജ്യവ്യാപകമായ പ്രതിഷേധങ്ങൾക്ക് ഇടയാക്കി. യഥാർത്ഥത്തിൽ ഇന്ത്യയിൽ ന്യൂനപക്ഷസമുദായക്കാരുടെ ജീവനും അവകാശങ്ങളും ഇന്ന് സംരക്ഷിക്കപ്പെടുന്നുണ്ടോ? ഇന്ത്യയിൽ ഇന്ന് മതസൗഹാർദ്ദം എന്ന

ഒന്നുണ്ടോ? അതോ മതസൗഹാർദ്ദം എന്നത് വെറും സങ്കല്പം മാത്രമായി മാറുകയാണോ? ഇത്തരം ചോദ്യങ്ങൾക്ക് ഇന്നിവിടെ ആ പ്രസക്തി വർദ്ധിച്ചുവരികയാണ്. ഡാംഗും ഒറീസ സംഭവവും നമ്മുടെ മതേതരത്വസംസ്കാരത്തിനും അതുവഴി രാജ്യത്തിന്റെ നിലനില്പിനു തന്നെയും ഭീഷണിയാണ് എന്ന കാര്യത്തിൽ സംശയമില്ല.



ഗുജറാത്തിലും, ഒറീസയിലും മറ്റും സാമുദായികലഹളകളാണ് നടക്കുന്നതെങ്കിൽ ഇങ്ങ് ഇവിടെ കൊച്ചുകേരളത്തിൽ പെൺവാണിഭക്കാരുടെ ഒരു വേലിയേറ്റമാണ്. സൂര്യനെല്ലി, വിതുര തുടങ്ങി പെൺവാണിഭക്കേസുകൾ 'പേജർ പെൺവാണിഭ'ത്തിലും കോഴിക്കോട്ടെ 'ഐസ്ക്രീം പെൺവാണിഭ'ത്തിലും എത്തിനിൽക്കുകയാണ്. സദാചാരമര്യാദകൾക്കും, സംസ്കാരിക – സാമൂഹിക മൂല്യങ്ങൾക്കും വിലകല്പിച്ചിരുന്ന കൊച്ചുകേരളത്തിന് ഇതെന്തുപറ്റി? 'സാംസ്കാരികകേരളം' എന്ന് ഓരോ മലയാളിയും അഭിമാനിച്ചിരുന്ന കേരളം തന്നെയാണോ ഇത്? നൂറുശതമാനം സാക്ഷരത നേടിയ, രാഷ്ട്രീയപ്രബുദ്ധരായ ജനങ്ങളുള്ള ദൈവത്തിന്റെ സ്വന്തം നാടിന്റെ സ്ഥിതി അവർണ്ണനീയം തന്നെയാണ്. സംസ്കാരസമ്പന്നമായിരുന്ന കേരളം സംസ്കാരശൂന്യതയുടെ വിളനിലമായി മാറിയിരിക്കുകയാണോ?

യഥാർത്ഥത്തിൽ ഇതാണോ നമ്മുടെ സംസ്കാരം? ഭാരതസംസ്കാരത്തിന് അനുയോജ്യമായ സംഭവങ്ങളാണോ ഇവിടെ നടക്കുന്നത്. ഭാരതത്തിന് ലോകം മുഴുവൻ പുകൾപെറ്റ ഒരു സാംസ്കാരികപൈതൃകം അവകാശപ്പെടാനുണ്ട്. 'സിന്ധുനദീതടസംസ്കാരം' പോലെ പ്രാചീനമായ സംസ്കാരങ്ങൾ വളർന്നതും പടർന്നുപന്തലിച്ചതും ഈ ഭാരതഭൂമിയിലാണ്. വേദങ്ങളും പുരാണങ്ങളും ഇതിഹാസങ്ങളും, നിറഞ്ഞതാണ് നമ്മുടെ 'ആർഷ ഭാരതസംസ്കാരം'. ആർഷഭാരതസംസ്കാരത്തിന്റെ പിൻതുടർച്ചക്കാർ എന്ന നിലയിൽ ഓരോ ഭാരതീയനും അഭിമാനം കൊള്ളാറുണ്ട്. അത്രയ്ക്കും മഹത്തരമാണ് നമ്മുടെ സംസ്കാരം! പക്ഷേ, ആധുനികഭാരതത്തിൽ ഇന്നു നടക്കുന്ന സംഭവങ്ങൾ നമ്മുടെ സാംസ്കാരികപൈതൃകത്തിന് കളങ്കം ചാർത്തുന്നതരത്തിലുള്ളവയാണ്. സ്വാതന്ത്ര്യത്തിന്റെ അമ്പത് സുവർണ്ണവർഷങ്ങൾ പിന്നിട്ട ഇന്ത്യയിൽ ഇന്ന്, ഒരുപക്ഷേ സാമുദായികലഹളകളും, കുംഭകോണങ്ങളും പെൺവാണിഭങ്ങളും മാത്രമാണ് നടക്കുന്നത്. ജനസംഖ്യയുടെ കാര്യത്തിൽ ലോകത്തിൽ രണ്ടാംസ്ഥാനത്തു നിൽക്കുന്ന ആധുനിക ഇന്ത്യയിൽ ജനസംഖ്യയുടെ പകുതിഭാഗത്തോളം ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. പട്ടിണിയിൽനിന്നും മുക്തരല്ലാത്ത നാല്പത്കോടി ജനങ്ങളും, അതിൽതന്നെ വെറും അഗതികളായ ഇരുപത്കോടി ജനങ്ങളും ഉൾക്കൊള്ളുന്നതാണ് നമ്മുടെ ആധുനിക ഇന്ത്യ എന്നത് ഒരു നഗ്നസത്യം മാത്രമാണ്.

ജനസംഖ്യയുടെ പകുതിഭാഗം മുഴുപട്ടിണിയിൽ കഴിയുമ്പോൾ മറ്റേ പകുതി അന്ധമായ ഉപഭോഗസംസ്കാരത്തിലേക്ക് വഴുതിവീഴുകയാണ്. 'സായിപ്പ്' ഉപേക്ഷിച്ചതും, ഉപയോഗിക്കുന്നതുമായ എന്തിനേയും തൊണ്ടതൊടാതെ വിഴുങ്ങുന്ന ഉപഭോഗസംസ്കാരത്തിലേക്ക് ഈ വിഭാഗം തരം താണുകൊണ്ടിരിക്കുകയാണ്. 'മുഖവ്യായാമത്തിന് ഉപയോഗിക്കുന്ന ചൂയിംഗവും', 'നതിംഗ് ഒഫീഷ്യൽ എബൗട്ട് ഇറ്റ്' (Nothing official about it) സോഫ്റ്റ് ഡ്രിങ്കുകളും, 'പ്രായം തോന്നിക്കാത്ത ചർമ്മത്തിന്റെ രഹസ്യമായ' ബാത്ത് സോപ്പുകളും ഇന്നിവി

ജനസംഖ്യയുടെ പകുതിഭാഗം മുഴുപട്ടിണിയിൽ കഴിയുമ്പോൾ മറ്റേ പകുതി അന്ധമായ ഉപഭോഗസംസ്കാരത്തിലേക്ക് വഴുതിവീഴുകയാണ്. 'സായിപ്പ്' ഉപേക്ഷിച്ചതും, ഉപയോഗിക്കുന്നതുമായ എന്തിനേയും തൊണ്ടതൊടാതെ വിഴുങ്ങുന്ന ഉപഭോഗ സംസ്കാരത്തിലേക്ക് ഈ വിഭാഗം തരം താണുകൊണ്ടിരിക്കുകയാണ്.

ടുത്തെ കമ്പോളങ്ങളിൽ സുലഭമാണ്. അന്താരാഷ്ട്രകുത്തകക്കമ്പനികളുടെ മാതൃകയാണ് ഇന്ത്യയിലെ കമ്പോളം. 'കോള' യുദ്ധങ്ങളും മറ്റും അരങ്ങു തകർക്കുകയാണിവിടെ! പാശ്ചാത്യവസ്ത്രങ്ങൾ ഉൾപ്പെടെ പാശ്ചാത്യമായ എന്തിനെയും ഉപേക്ഷിക്കുകയും, ഉപേക്ഷിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്ത ആ മഹാത്മാവിന്റെ നാടായ ഭാരതമേ നീ ലജ്ജിക്കൂ!

ജനാധിപത്യത്തിന്റെ കാര്യത്തിൽ ഇന്ത്യയ്ക്ക് ലോകത്തിൽ ഒന്നാം സ്ഥാനമാണുള്ളത്. ഇത്രയും സുസ്ഥിരവും ക്രമീകൃതവുമായ ജനാധിപത്യസംവിധാനം മറ്റൊരു രാജ്യത്തുമില്ലത്രെ! പക്ഷെ, നിർഭാഗ്യകരമെന്നു പറയട്ടെ, ഈ ജനാധിപത്യസംവിധാനത്തിന്റെ സാരഥികളും സംരക്ഷകരും ആകേണ്ട ജനപ്രതിനിധികൾ അഴിമതികളിലും, തരംതാണ കൂറുമാറ്റങ്ങളിലും മുഴുകികഴിയുകയാണ്. 'ഹവാലകുംഭകോണങ്ങളും', 'കാലിത്തീറ്റ കുംഭകോണ'ങ്ങളും അവർ യഥേഷ്ടം നടത്തുന്നു. രാഷ്ട്രീയ പാർട്ടികൾ 'ദിനംപ്രതി' രൂപീകരിക്കപ്പെടുകയും ദിനംപ്രതി തകർക്കപ്പെടുകയും ചെയ്യുന്നു. 'വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും' ചെയ്യുന്ന രാഷ്ട്രീയപാർട്ടികൾ ഇന്ന് നമ്മുടെ നാട്ടിൽ ഒരു നിത്യസംഭവമാണ്. ഒരു പ്രധാനമന്ത്രി എന്ന നിരക്കിൽ കൂട്ടുകക്ഷി മാസംതോറും ഗവൺമെന്റുകൾ ഉണ്ടാക്കപ്പെടുകയും തകർക്കപ്പെടുകയും ചെയ്യുന്നു. ഇതിനുപുറമേ രാഷ്ട്രീയലാഭത്തിനു വേണ്ടി മതങ്ങളെ ദുരുപയോഗം ചെയ്യാനും, കലാപങ്ങൾ സൃഷ്ടിക്കാനും മടിയില്ലാത്ത ഒരുകൂട്ടം രാഷ്ട്രീയക്കാർ(?) ഭരണകേന്ദ്രങ്ങളുടെ അകത്തളങ്ങളിൽ വിലസുന്നു. പിന്നെ ഡാംഗും അയോധ്യ - രാമജന്മഭൂമി പ്രശ്നവും, ബോംബെ കലാപവും ഇവിടെ നടന്നില്ലെങ്കിലേ അത്ഭുതമുള്ളൂ! ഇത്രയധികം ഗുണസമ്പന്നരായ രാഷ്ട്രീയക്കാർ നയിക്കുന്ന നമ്മുടെ രാജ്യം ജനാധിപത്യത്തിന്റെ കാര്യത്തിൽ എങ്ങനെ ലോകത്തിന്റെ നെറുകയിൽ എത്താതിരിക്കും?

> **നാല്പത് കോടി പട്ടിണി പാവങ്ങളുള്ള ഇന്ത്യയെപോലുള്ള ഒരു മൂന്നാംലോകരാജ്യത്ത് അധികാരികൾ സുന്ദരിമേളകൾക്കായി കോടികൾ വാരിയെറിയുന്നു. മോഡലിംഗ് ഫാഷൻഷോകളും ഇന്ത്യയിൽ വൻ വ്യവസായമായി മാറുകയാണ്.**

ഒരുപക്ഷേ, ഗാന്ധിജിയേക്കാളേറെ ഗോഡ്സെമാർ അരങ്ങുവാഴുന്ന കാഴ്ചയാണ് നമ്മളിന്ന് കാണുന്നത്. ഗാന്ധിജി ഇവിടെ വീണ്ടും വീണ്ടും വധിക്കപ്പെടുന്നു അദ്ദേഹത്തിന്റെ ആദർശങ്ങൾ പൊളിച്ചെഴുതപ്പെടുന്നു. രാജ്ഘട്ടിൽചെന്ന് ഗാന്ധിസ്മാരകത്തിലെ ഫലകങ്ങൾ അടിച്ചുപൊളിക്കുകയും അദ്ദേഹത്തിന്റെ ശവകുടീരത്തിന് കേടുപാടുകൾ ഉണ്ടാക്കുകയും ചെയ്തവരാണ് നമ്മുടെ ആധുനിക ഇന്ത്യയിലുള്ളത്. ഗോഡ്സെയെ ന്യായീകരിക്കുന്ന പുസ്തകങ്ങളുടെയും നാടകങ്ങളുടെയും ഒരു പ്രളയമാണ് നമ്മുടെ മുന്നിൽ. കേരളത്തിലും ഇത്തരം ഒരു പുസ്തകത്തിന്റെ വിതരണം നടന്നിരുന്നു. നമ്മുടെ സ്വന്തം യൂണിവേഴ്സിറ്റിപോലും ഗാന്ധിജി വെടികൊണ്ട് അവസാനശ്വാസത്തിൽ 'ഹേ റാം, ഹേ റാം" എന്ന് ഉച്ചരിച്ചിട്ടില്ലെന്ന് സ്ഥാപിച്ചുകളഞ്ഞു – അതും 'ഇൻസ്പെയറിംഗ് ലിവ്സ്' (Inspiring lives) എന്ന പാഠപുസ്തകത്തിലൂടെ.



മഹാന്മാരോടുള്ള ആദരവും നമുക്കുള്ള ദേശഭക്തിയും ഇവിടംകൊണ്ടു തീരുന്നില്ല. ദേശഭക്തിഗാനങ്ങൾ "റീമിക്സഡായി" ഇവിടുത്തെ കമ്പോളങ്ങളിൽ ഇറങ്ങുന്നു. ഈ ആൽബങ്ങൾ ഇറക്കുന്നതോ അന്താരാഷ്ട്രകുത്തക കമ്പനികളും! എ.ആർ. റഹ്മാന്റെ 'വന്ദേമാതര'വും മറ്റും ഇതിനൊരു ഉദാഹരണം മാത്രം. ഇത്തരം ആൽബത്തിന്റെ രചയിതാക്കൾ 'ഭാരതാംബയെ' 'ഭാരതമദാമ്മ'യാക്കാനുള്ള പുറപ്പാടിലാണെന്നു തോന്നുന്നു. ദേശീയഗാനമേ നിനക്കും ഈ ഗതി ഉണ്ടാവില്ലെന്ന് നമുക്ക് ആശിക്കാം!

മഹാന്മാരെയും മഹത്ഗ്രന്ഥങ്ങളെയും മാത്രം ലോകത്തിനു സംഭാവനയായി നൽകിയിട്ടുള്ള പാരമ്പര്യമാണ് ഭാരതത്തിനുള്ളത്. പക്ഷേ ആധുനിക ലോകത്തിൽ ഭാരതത്തിന്റെ പ്രതിനിധികൾ 'ബിക്കിനിയിട്ട' അർദ്ധനഗ്നാംഗികളായ 'മിസ് യൂണിവേഴ്സമാരും', 'മിസ് വേൾഡ്'മാരുമാണ്. സുസ്മിതാസെൻ, ഐശ്വര്യാറായ്, മൻപ്രീത് ബ്രാർ... ആ പട്ടിക നീളുന്നു. നാല്പത് കോടി പട്ടിണി പാവങ്ങളുള്ള ഇന്ത്യയെപോലുള്ള ഒരു മൂന്നാംലോകരാജ്യത്ത് അധികാരികൾ സുന്ദരിമേളകൾക്കായി കോടികൾ വാരിയെറിയുന്നു. മോഡലിംഗ് ഫാഷൻഷോകളും ഇന്ത്യയിൽ വൻ വ്യവസായമായി മാറുകയാണ്. ഇങ്ങനെ ഒരു വിഭാഗം സ്ത്രീകൾ പാശ്ചാത്യസംസ്കാര അനുകരണത്തിന്റെ ആഡംബ

രതയിൽ ജീവിക്കുമ്പോൾ അവശേഷിക്കുന്ന വിഭാഗം സ്ത്രീകളുടെ ജീവിതം ദുരിതപൂർണ്ണമായി മാറുന്നു. സ്ത്രീയെ ലക്ഷ്മിയായും, ദേവിയായും പൂജിയ്ക്കുന്നവരാണ് നാം ഭാരതീയർ. പക്ഷെ നാം ഇന്ന് അവളുടെ തുണി ഉരിയുന്നതിലാണ് ശ്രദ്ധാലുക്കളായിരിക്കുന്നത്. ഉപ്പ് തൊട്ട് കർപ്പൂരം വരെയുള്ള ഏതെങ്കിലുമൊരു ഉൽപന്നം വിറ്റഴിയണമെങ്കിൽ അവളുടെ നഗ്നവും, അർദ്ധനഗ്നവുമായ ശരീരം പ്രദർശിപ്പിക്കണം. സ്ത്രീശരീരം ഇന്നൊരു വില്പനചരക്കായി മാറിയിരിക്കുന്നു. ഇന്ത്യയിൽ വേശ്യകളുടെയും ചുവന്ന തെരുവുകളുടെയും എണ്ണം അനുദിനം വർദ്ധിച്ചുവരികയാണ്. 'കോടമ്പാക്കങ്ങളും', 'സോനാഗാചികളും' നമ്മുടെ സദാചാരബോധത്തിനു മുന്നിൽ ചോദ്യചിഹ്നങ്ങളായി മാറുകയാണ്. 'സെക്സ് ടൂറിസവും' ഇന്ന് നമ്മുടെ നാട്ടിൽ പൊടിപൊടിക്കുകയാണ്. ഇതിനുപുറമെ ബലാത്സംഗങ്ങളും പത്രത്താളുകളിലെ ഒരു സ്ഥിരം വാർത്തയായി മാറിയിരിക്കുന്നു. പാപ്പാത്തിമാരും സരികാഷാമാരും ഇവിടെ രക്തസാക്ഷികളാകുന്നു. നമ്മൾ ജീവിക്കുന്ന ഈ ആധുനിക സമൂഹത്തിൽപോലും സ്ത്രീകൾ സുരക്ഷിതരല്ല എന്നത് ഒരു കയ്പേറിയ സത്യം മാത്രമാണ്.

ഒരു രാഷ്ട്രത്തിന്റെ ആശ്വാസവും, പ്രതീക്ഷയുമാണ് ആ രാഷ്ട്രത്തിലെ യുവതലമുറ. നാളെ രാജ്യത്തെ പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കു നയിക്കേണ്ടവരാണവർ. എന്നാൽ, വിധിവൈപരീത്യം എന്നുപറയട്ടെ ഇവിടെയും നമ്മൾക്ക് ജീർണ്ണത മാത്രമേ ദർശിക്കാനാകൂ. വർത്തമാനകാലത്തിന്റെ പരിച്ഛേദമായ കാമ്പസ്സുകളും സാംസ്കാരികമലിനീകരണത്തിൽനിന്നും മുക്തമല്ല. ദശകങ്ങളായി നമ്മുടെ മനസ്സിൽ സൂക്ഷിക്കുന്ന സാംസ്കാരത്തേയും മൂല്യബോധങ്ങളേയും കാറ്റിൽപറത്തുന്ന തരത്തിലുള്ളതാണ് ഇന്നത്തെ ക്യാമ്പസ് സംസ്കാരം. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന തരത്തിലുള്ള വസ്ത്രധാരണവും, അശ്ലീലത നിറഞ്ഞ സംഭാഷണരീതികളും ക്യാമ്പസിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. പാശ്ചാത്യസംസ്കാരത്തിന്റെ ദോഷവശങ്ങൾ മാത്രം അനുകരിക്കുന്ന ഒരുപറ്റം ബുദ്ധിഹീനരുടെ കോമാളിത്തരങ്ങൾക്കും, തെമ്മാടിത്തരങ്ങൾക്കും സാക്ഷ്യം വഹിക്കുന്ന രംഗവേദിയായി മാറിയിരിക്കുന്നു ആധുനികക്യാമ്പസ്. കോളേജിലേക്കാണേന്ന് പറഞ്ഞ് ബാറുകളിലേക്കും, സിനിമാശാലകളിലേക്കും, ഐസ്ക്രീംപാർലറുകളിലേക്കും പ്രവഹിക്കുന്ന വിദ്യാർത്ഥി – വിദ്യാർത്ഥിനികളും മറ്റും ഒരു സ്ഥിരം കാഴ്ചയായി മാറിയിരിക്കുന്നു. മസാലസിനിമകളിലും, ആധുനിക പൈങ്കിളിപ്രസിദ്ധീകരണങ്ങളിലും വിദ്യാർത്ഥിസമൂഹം ഒന്നടങ്കം മുങ്ങിത്താഴുകയാണ്. പാശ്ചാത്യ ഉപഗ്രഹചാനലുകളും, കേബിൾ ടിവിയും, ഇന്റർനെറ്റും വിദ്യാർത്ഥിസമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. പാശ്ചാത്യചാനലുകളിലെ മൂല്യങ്ങൾ തൊട്ടുതീണ്ടിയിട്ടില്ലാത്തതും, മനുഷ്യത്വരഹിതവുമായ പരിപാടികൾ വിദ്യാർത്ഥികൾക്ക് ഹരമായി മാറിയിരിക്കുകയാണ്. 'ബേവാച്ചും' 'WWF'ഉം ഇതിന് ഉദാഹരണങ്ങളാണ്. ഇതിനുപുറമെയാണ് മയക്കുമരുന്ന് എന്ന ഭീഷണി. 'പിൽസുകളും' 'ബ്രൗൺഷുഗറുകളും' 'കഞ്ചാവും' ഇന്നത്തെ കാമ്പസുകളിൽ സുലഭമാണ്. ഇങ്ങനെ ഫാഷൻപരേഡിന്റേയും, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു തെമ്മാടിത്തരങ്ങളുടെയും വിളനിലമാകുകയാണ് ഓരോ ക്യാമ്പസും ഇവിടെ വിദ്യാഭ്യാസം എന്നത് 'ഒരു അഭ്യാസമോ' അല്ലെങ്കിൽ ഒരു 'ആഭാസമോ' ആയി മാറുകയാണല്ലോ.

ഇങ്ങനെ ജീവിതത്തെ ഏതു കോണിൽ നോക്കിയാലും സാംസ്കാരികജീർണതയുടെ ദൂഷ്യഫലങ്ങൾ മാത്രമാണ് കാണാൻ കഴിയുന്നത്. ഈ അവസ്ഥ തുടർന്നു 'ആർഷഭാരതസംസ്കാര'മെന്നത് ചരിത്രപുസ്തകങ്ങളുടെ താളുകളിൽ മാത്രം ഒതുങ്ങും. വരും തലമുറകൾ സംസ്കാരശൂന്യരും, മനുഷ്യത്വം തൊട്ടുതീണ്ടിയിട്ടില്ലാത്തവരും ആകും. ഇത് രാജ്യത്തെ ആഭ്യന്തര കലഹങ്ങളിലേക്കും, കലാപങ്ങളിലേക്കും നയിക്കും. രാജ്യത്തിന്റെ നിലനില്പ് തന്നെ അപകടത്തിലായേക്കാം. സമീപഭാവിയിൽ നടക്കാവുന്ന കാര്യങ്ങളാണിതൊക്കെ. രാജ്യം ഇത്തരം ഒരു അപകടകരമായ പരിതസ്ഥിതിയിൽ നിൽക്കുമ്പോഴും ഭാരതത്തിലെ ഒട്ടുമുക്കാൽ ജനങ്ങളും നിസംഗതയിലാണ്. നമ്മുടെ പ്രതികരണശേഷി നഷ്ടപ്പെട്ടോ? ഉറങ്ങാതെ ഉറക്കം നടിക്കുകയാണോ നമ്മൾ? പ്രതികരണശേഷി അൽപമെങ്കിലും ബാക്കിയുള്ള യുവജനങ്ങളും മുതിർന്നവരും ഈ സാംസ്കാരിക അധപതനത്തിനെതിരെ പൊരുതണം. പൊരുതിയേപറ്റൂ. ഇതിൽ ക്യാമ്പസിനും വഹിക്കാവുന്ന പങ്ക് വളരെ വലുതാണ്. ക്യാമ്പസ് സ്വയം ഒരു ഉടച്ചുവാർക്കലിന് വിധേയമാകണം. മാറ്റത്തിന്റെ ശംഖൊലി ക്യാമ്പസുകളിൽനിന്നു തന്നെ മുഴങ്ങണം. പക്ഷേ ഇതിനു വേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ വെറും പ്രഹസനങ്ങളോ, പബ്ലിസിറ്റി സ്റ്റണ്ടുകളോ ആയി മാറരുത്. ഭാരതഭൂമിയിലെ സാംസ്കാരികമാലിന്യങ്ങളെ തുത്തെറിയാൻ കഴിയുന്നതരത്തിലുള്ള ഒരു സാംസ്കാരികവിപ്ലവം തന്നെ ഇവിടെ നടക്കണം. സംസ്കാരസമ്പന്നതയുടെ പൊൻപുലരിയിലേക്കുള്ള പ്രയാണം നമുക്ക് ആരംഭിക്കാം. നമുക്ക് അതിനു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കാം. വിജയം നമ്മുടേതായിരിക്കും – തീർച്ച. ജയ്ഹിന്ദ്. □


> **ദശകങ്ങളായി നമ്മുടെ മനസ്സിൽ സൂക്ഷിക്കുന്ന സാംസ്കാരത്തേയും മൂല്യബോധങ്ങളേയും കാറ്റിൽപറത്തുന്ന തരത്തിലുള്ളതാണ് ഇന്നത്തെ ക്യാമ്പസ് സംസ്കാരം. സഭ്യതയുടെ അതിർവരമ്പുകൾ ലംഘിക്കുന്ന തരത്തിലുള്ള വസ്ത്രധാരണവും, അശ്ലീലത നിറഞ്ഞ സംഭാഷണരീതികളും ക്യാമ്പസിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു.** ○

അബ്ദുൾ റഷീദ്. പി.കെ.
II BSc Chemistry.

# ദശദിനക്യാമ്പ്

വർത്തിവിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു സാഹചര്യത്തിലായിരുന്നു നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ ദശദിന ക്യാമ്പ് നടന്നത്. പ്രവർത്തി ദിവസങ്ങളിലായിരുന്നു ഈ വർഷത്തെ ക്യാമ്പ്, അതും മാർച്ച് മാസത്തിൽ. വളരെ സജീവമായിരുന്ന അവസാനവർഷ വിദ്യാർത്ഥികളെ നിരാശപ്പെടുത്തുന്ന ഒരു സാഹചര്യമായിരുന്നു ഇത്. കാലിക്കറ്റ് സർവ്വകലാശാല ബിരുദ വിദ്യാർത്ഥികൾക്ക് സാമൂഹ്യ സേവനം നിർബന്ധമാക്കിയതായിരുന്നു മറ്റൊരു പശ്ചാത്തലം.



രാമനാട്ടുകരയ്ക്കടുത്ത പുതുക്കോട് എന്ന ഗ്രാമത്തിലായിരുന്നു ക്യാമ്പ്. പാടത്തൂടെ പണ്ടുണ്ടായിരുന്ന; പിന്നീട് നികത്തപ്പെട്ട ഒരു തോട് പുനർനിർമ്മിക്കലായിരുന്നു പ്രധാന ജോലി. മൂന്നാം വർഷക്കാരില്ലാത്തതിനാൽ ക്യാമ്പിന് ആളുകുറയുമോ എന്ന് ഭയന്നിരുന്നു. പക്ഷേ, എല്ലാ കണക്കുകൂട്ടലുകളേയും തെറ്റിച്ചുകൊണ്ട് 140 ഓളം പേരാണ് ക്യാമ്പിന് എത്തിച്ചേർന്നത്. ഫാറൂഖ്കോളേജിന്റെ ചരിത്രത്തിലാദ്യമായിട്ടായിരുന്നു ഇത്രയധികം വിദ്യാർത്ഥികൾ അതും ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾ മാത്രം പങ്കെടുക്കുന്ന ഒരു ക്യാമ്പ് ഫെബ്രുവരി 26-ാം തീയതി പഞ്ചായത്ത് പ്രസിഡൻറിന്റെ സാന്നിധ്യത്തിൽ പ്രിൻസിപ്പാൾ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

27ാം തീയതി രാവിലെ തോടുപണി തുടങ്ങി. ശക്തമായ വെയിലും പണിയായുധങ്ങളുടെ കുറവും പ്രതികൂലാവസ്ഥ സൃഷ്ടിച്ചു. സ്വന്തം സ്ഥലത്തിനു നടുവിലൂടെ കടന്നുപോകുന്നതിനാലും, കരിങ്കൽ മതിലുകളും മറ്റും പൊളിച്ചുമാറ്റപ്പെടുമെന്നതിനാലും നാട്ടുകാരിൽ പലരും മുറുമുറുത്തപ്പോൾ രംഗം വഷളാകുമോ എന്നാദ്യം ഭയന്നെങ്കിലും പിന്നീട് നാട്ടുകാർ പൂർണമായും സഹകരിച്ചു. ഇതിൽ അപ്പുക്കുട്ടേട്ടൻ, ജോസെട്ടൻ, വേലായുധേട്ടൻ, ബാലകൃഷ്ണേട്ടൻ എന്നിവരെ എടുത്തുപറയേണ്ടിയിരിക്കുന്നു. ആദ്യത്തെ മരവിപ്പ് മാറിയപ്പോൾ ജോലി ധൃതഗതിയിൽ നടന്നുതുങ്ങി. താമസസൗകര്യത്തിന്റെഅഭാവമായിരുന്നു പിന്നീടുണ്ടായിരുന്ന മറ്റൊരു


# വിവരണം

പ്രശ്നം. ആൺകുട്ടികൾ അല്പം ഞെരുങ്ങേണ്ടിവന്നെങ്കിലും അതും പരിഹരിക്കപ്പെട്ടു.

വ്യക്തിത്വ വികസനം സേവനത്തിലൂടെ എന്ന എൻ.എസ്.എസ് ൻെറ മുദ്രാവാക്യം അർത്ഥവത്താക്കുന്ന രീതിയിലായിരുന്നു. ഉച്ചക്ക് ശേഷത്തെയും രാത്രിയയിലെയും പഠനക്ലാസ്സുകളും മറ്റു പരിപാടികളും. ഡോ. രാമൻ, കെ.ആർ. ദേവാനന്ദ്, കാനേഷ് പൂനൂർ തുടങ്ങി സാമുഹിക സാംസ്കാരിക രംഗത്തെ പ്രഗത്ഭരായിരുന്നു ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയിരുന്നത്. ക്ലാസുകളെടുക്കുവാൻവേണ്ടി ആളുകളെ നാട്ടുകാർ ഏർപ്പാടാക്കി തന്നതും പുതുമയുള്ള ഒരനുഭവമായിരുന്നു. നാട്ടുകാരുമായ് നടത്തിയ ഫുട്ബോൾ മാച്ചും രക്ഷിതാക്കളുടെ ക്യാമ്പ് സന്ദർശനവും ക്യാമ്പംഗങ്ങൾക്ക് ഉണർവേകി. യൂനിവേർസിറ്റി കോ ഓർഡിനേറ്റർ ലത്തീഫ് സാർ ക്യാമ്പ് സന്ദർശിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തത് എൻ.എസ് എസ് ൻെറ ലക്ഷ്യങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ വിദ്യാർത്ഥികൾക്ക് സഹായകമായി.

ക്യാമ്പിനിടയിൽ നടത്തിയ സാഹസിക യാത്രയായിരുന്നു മറ്റൊരു ശ്രദ്ധേയമായ സംഭവം. ആനക്കാംപൊയിലിനടുത്തുള്ള വെള്ളരിമലയിലേക്കായിരുന്നു യാത്ര പോയത്. ദീർഘദൂരത്തെ മലകയറ്റവും ഭക്ഷണത്തിൻറ കുറവും ചില വിദ്യാർത്ഥികളിൽ അസ്വസ്ഥതയുണ്ടാക്കി. അദ്ധ്യാപകരും മറ്റു വിദ്യാർത്ഥികളും അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചുകൊണ്ട് ഇവരെ താഴെയെത്തിക്കുകയായിരുന്നു. ഇതൊഴിച്ചുനിർത്തിയാൽ പരിപാടി വളരെ ആസ്വാദ്യകരമായിരുന്നു.

ക്യമ്പിലെ അവസാനത്തെ പരിപാടിയായിരുന്നു ക്യാമ്പ് ഫയർ. ഒമ്പതാം നാൾ രാത്രിയായിരുന്നു ഇത്. ക്യാമ്പംഗങ്ങൾ ശേഖരിച്ച വിറകുപയോഗിച്ചു കത്തിച്ച തീയെ സാക്ഷിയാക്കി ഓരോരുത്തരായ് ക്യാമ്പിനെ വിലയിരുത്തി. ജ്വലിക്കുന്ന അഗ്നിയെ സാക്ഷിയാക്കിയുള്ള ആ വിലയിരുത്തൽ ആത്മാർത്ഥവും അർത്ഥവത്തുമായിരുന്നു. മികച്ച കാമ്പർമാരായ



സുധീഷിനെയും (Ist BSC Botony) പൂർണ്ണിമയെയും (IInd BSc Maths) തിരഞ്ഞെടുത്തു.

മാർച്ച് 5–ാം തീയ്യതിയായിരുന്നു ഔദ്യോഗികമായ് ക്യാമ്പ് അവസാനിച്ചത്. ഏകദേശം ഒന്നര കിലോമീറ്ററോളം ദൂരത്തിൽ തോട് നിർമ്മിച്ചതും ഒരു നാട്ടിൻപുറത്ത് വന്ന് അവരിലൊരാളായ് ജീവിച്ചപ്പോഴുണ്ടായ , ഹൃദ്യമായ അനുഭവങ്ങളും ഒരുപാട് മുൻവിധികളുമായ് വന്ന തന്റെ വ്യക്തിത്വത്തിൽ വന്ന മാറ്റങ്ങളും ഉണ്ടാക്കിയ ഒരു പുത്തനുണർവോടെയായിരുന്നു. ഓരോരുത്തരും പിരിഞ്ഞത്. പത്തു ദിവസം എങ്ങനെ കഴിഞ്ഞുകിട്ടും എന്ന ആശങ്കയോടെ വന്നിരുന്നവർ ഒരു പത്ത് ദിവസം കൂടെ ഈ ക്യാമ്പ് ഉണ്ടായിരുന്നെങ്കിൽ.... എന്നു ചോദിച്ചുകൊണ്ടാണ് പോയത്

മറക്കാനാവാത്ത ഒരുപാട് ഓർമ്മകളുമായി പത്ത് ദിവസം കൊഴിഞ്ഞു വീണപ്പോൾ NSS അതിൻറ ലക്ഷ്യങ്ങളിലൂടെ മുന്നേറുകയായിരുന്നു... □

---

**അറിഞ്ഞതിൽ പാതി പറയാതെ പോയി**
**പറഞ്ഞതിൽ പാതി പതിരായും പോയി**
**പകുതി ഹൃത്തിനാൽ വെറുക്കുമ്പോൾ നിങ്ങൾ**
**പകുതി ഹൃത്തിനാൽ പൊറുത്തുകൊള്ളുക**
**ഇതെന്റെ രക്തമാണ് ഇതെന്റെ മാംസമാ –**
**ണെടുത്തുകൊള്ളുക....**

*– ബാലചന്ദ്രൻ ചുള്ളിക്കാട്*

**മയ്യനാട് ഷാഹുദ്ദീൻ**
മലയാളവിഭാഗം

# എന്തുമാതിരി ജീവിതമാണമ്മേ എനിക്കുതന്നത് ?

ഒരുവർഷം കൂടി കടന്നുപോകുകയാണ്. പോകാതിരിക്കാൻ അതിനാവില്ലല്ലൊ. നാഴികക്കല്ലെന്നോ, ചരിത്രരേഖയെന്നോ, തങ്കലിപികളാൽ ആ ലേഖനം ചെയ്യപ്പെടേണ്ടതെന്നോ പറയാവുന്ന എന്തെങ്കിലും ഉണ്ടെങ്കിൽ വരുംകാലം അതോർത്തുവയ്ക്കും. ഇല്ലെങ്കിൽ ചരിത്രത്തിന്റെ നാൾവഴിയിൽ അക്ഷരവടുക്കൾ വീഴാത്ത നഗ്നപ്രതലങ്ങളായി അതവശേഷിക്കും.

ഓർമ്മയിൽ നോവുന്നത്
മറക്കാൻ കഴിഞ്ഞെങ്കിൽ
ഓർമ്മകളിനിമേലിൽ
പിറക്കാതിരുന്നെങ്കിൽ

സ്വാസ്ഥ്യം കെടുത്തുന്ന ഒരു സമീപഭൂതകാലത്തിലൂടെ കടന്നുവന്നവരാണ് നമ്മൾ. ആന്തരിക സംഘർഷങ്ങളും ബാഹ്യപ്രതിസന്ധികളും നിറഞ്ഞ ഒരു കാലമായിരുന്നു കടന്നുപോയത്. കൺമുമ്പിൽ കണ്ട മാനുഷികദുരന്തങ്ങളെ അത്ര എളുപ്പം നമുക്ക് മറക്കാനാവില്ലല്ലോ. ലോകത്തെക്കുറിച്ചും നൂറ്റാണ്ടിനെക്കുറിച്ചും ചിന്തിക്കുന്നവന് അതിനദാരുണമായ ദുരന്തത്തിന്റേയും, തകർച്ചയുടെയും ക്രൂരതയുടെയും അനീതിയുടെയും കാരുണ്യരാഹിത്യത്തിന്റേയും ഭൂതകാലഞ്ഞടുക്കങ്ങൾ മാത്രമാണ് ബാക്കിപത്രമായുണ്ടാവുക. എന്തൊരു ദു:ഖകരമായ നൂറ്റാണ്ടിലാണ് നാം ജീവിക്കുന്നത് എന്ന് ബെർതോൾഡ് ബ്രെഹ്ത് പറഞ്ഞിട്ടുണ്ട്. രണ്ട് ലോകമഹായുദ്ധങ്ങൾ കടന്നുപോയ നൂറ്റാണ്ടാണിത്. ഏറ്റവും കൂടുതൽ മനുഷ്യർ കൊല ചെയ്യപ്പെട്ട നൂറ്റാണ്ടാണിത്. അകോളയിൽനിന്നും, സോമാലിയയിൽനിന്നും, അഫ്ഗാനിസ്ഥാനിൽനിന്നും, മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും നിലയ്ക്കാത്ത നിലവിളിയാണ് കേട്ടുകൊണ്ടിരിക്കുന്നത്. ക്യാൻസറിനുശേഷം എയ്ഡ്സും, ഹെപ്പറ്റൈറ്റിസ് ബിയും സിയും ആരോഗ്യരംഗത്തെ പിശാചുക്കളായി കടന്നുവന്നിരക്കുന്നു. വർദ്ധിത വീര്യത്തോടെ മാരകമായ ക്ഷയരോഗത്തിന്റെയും ടൈഫോയ്ഡിന്റേയും അണുകൾ നമ്മുടെ അന്തരീക്ഷത്തിൽ താണ്ഡവനൃത്തമാടുന്നു. മനുഷ്യരെ മുഴുവൻ വിഴുങ്ങാൻ പോകുന്ന പരിസ്ഥിതി

○

**ഓരോ പുതുവർഷത്തിലും നാം ആശംസിക്കാറുണ്ട് സുന്ദരമായ ഒരു വർഷം ഉണ്ടാകട്ടെ എന്ന്. ലക്ഷക്കണക്കിന് അച്ചടി ക്കാർഡുകൾ നാം അയയ്ക്കാറുണ്ട്. ആശംസാസന്ദേശങ്ങളുടെ അക്ഷരങ്ങൾക്ക് ആത്മാവുണ്ടായിരുന്നെങ്കിൽ അവ പറയുമായിരുന്നു ഞങ്ങൾ വെറും അക്ഷരങ്ങളാണല്ലോ എന്ന്.**

○

**പ്രതിഭ നശിച്ച എഴുത്തുകാരന്റെ പ്രതികരണശക്തിയില്ലാത്ത രചനകളിൽ ജനം മടുത്തുകഴിഞ്ഞു. കപടവിശ്വാസികളായ മതാദ്ധ്യക്ഷന്മാരുടെ കാരുണ്യലേശമില്ലാത്ത പ്രസംഗങ്ങൾക്ക് കാതോർക്കാർ ജനങ്ങളെ കിട്ടാതായിരിക്കുന്നു.**

പ്രശ്നം വരും നൂററാണ്ടിന്റെ തലക്കെട്ടാകുമെന്ന് പത്രപ്രവർത്തകരും ബുദ്ധിജീവികളും കണ്ടെത്തിയിരിക്കുന്നു.

ലോകം മുഴുവൻ ആളികത്തുമ്പോൾ ചിരിയും സന്തോഷവും ഉണ്ടാകുന്നതെങ്ങനെ എന്ന് സച്ചിദാനന്ദൻ ചിന്തിച്ചിട്ടുണ്ട്. കോവർകഴുതപ്പുറത്ത് കയറ്റി ബുദ്ധനെ നമ്മൾ നാടുകടത്തി എന്ന് എം. ഗോവിന്ദൻ വിലപിച്ചിട്ടുണ്ട്.

എവിടെപ്പോയെന്റെ ദിനങ്ങൾ
എവിടെപ്പോയെന്റെ കിടാങ്ങൾ
തേൻകൂടുകൾ തേടിപ്പോയോ–
രെൻകുട്ടികൾ പെൺപൈതങ്ങൾ എന്ന് കടമ്മനിട്ട വിലപിച്ചിട്ടുണ്ട്.

പ്രകൃതിയുടെ വരദാനങ്ങൾ മുഴുവൻ കൊള്ളയടിക്കപ്പെട്ടു നോൾ ഭൂമിക്കൊരു ചരമഗീതമെഴുതാൻപോലും നാം അവശേഷിക്കില്ലല്ലോ. ഇന്നലെപ്പിറന്ന നമ്മൾക്കുവേണ്ടിയല്ല ഇനിയും പിറക്കാതത ഉണ്ണികൾക്കുവേണ്ടിയാണ് ഞാൻ ആത്മനൊമ്പരം കൊള്ളുന്നത്. കുരുതിച്ചോരകൊണ്ട് സ്ലേറ്റ് മായ്ക്കാൻ അവരെ പഠിപ്പിച്ചതാരാണ്. അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും തകർത്തെറിയാൻ ആരാണ് നമുക്ക് അധികാരം തന്നത്. കണ്ണൂരിലും, കർണ്ണാകത്തിലും, കാശ്മീരിലും പിടഞ്ഞുമരിച്ച ചെറുപ്പക്കാരെ പ്രസവിച്ച അമ്മമാരുടെ കണ്ണീരിനെ അവഗണിക്കാനുള്ള കഠിനഹൃദയം നമുക്കാരാണ് തന്നത്. അഗ്നിസാക്ഷിയായി താലികെട്ടിയ പെണ്ണിനെ അഗ്നിനാളങ്ങളിലേക്ക് വലിച്ചെറിയാനുള്ള ക്രൂരത നമുക്ക് എവിടെ നിന്നാണ് കിട്ടിയത്. ദുരിതങ്ങളുടെ പ്രളയകാലത്ത് തരളിതപദങ്ങൾകൊണ്ട് കവിതരചിച്ച മൃദുലവികാരങ്ങളെ താലോലിക്കുന്ന കലാകാരന്മാർ ഉണ്ടാകുന്നതെന്തുകൊണ്ടാണ്. രക്തധമനികളിൽ ചോരയോട്ട് നിലച്ച ബുദ്ധിജീവികളുടെ പ്രസ്താവന യുദ്ധത്തിലുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പ്രതിഭ നശിച്ച എഴുത്തുകാരന്റെ പ്രതികരണശക്തിയില്ലാത്ത രചനകളിൽ ജനം മടുത്തുകഴിഞ്ഞു. കപടവിശ്വാസികളായ മതാദ്ധ്യക്ഷന്മാരുടെ കാരുണ്യലേശമില്ലാത്ത പ്രസംഗങ്ങൾക്ക് കാതോർക്കാർ ജനങ്ങളെ കിട്ടാതായിരിക്കുന്നു. ധാർമ്മിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ട ഗുരുഭൂതന്മാരുടെ പീഡിതകഥകൾക്കുമുന്നിൽ നാം നാണംകെട്ട് തലകുനിച്ചുപോകുന്നു. 80 കോടി ജനങ്ങൾ വെറും വയറുമായി ഉറങ്ങാൻ പോകുന്ന ഒരു ലോകത്ത് രാഷ്ട്രത്തലവന്മാർ ആത്മനാശത്തിൽനിന്നും രക്ഷപ്പെടാൻ വേണ്ടി തീബോംബുകൾ വർഷിക്കുന്നതെന്തുകൊണ്ടാണ്. എന്തുകൊണ്ട് വ്യക്തിജീവിതത്തിന്റെ നിഗൂഢതകളിൽ അവർ അഴിമതിയുടെ തേരോട്ടം നടത്തുന്നു. എന്തുകൊണ്ട് സുന്ദരമാകേണ്ട ഈ ജീവിതം ഇങ്ങനെ ദുരിതപൂർണ്ണമായിത്തീരുന്നു. ഓരോ പുതുവർഷത്തിലും നാം ആശംസിക്കാറുണ്ട് സുന്ദരമായ ഒരു വർഷം ഉണ്ടാകട്ടെ എന്ന്. ലക്ഷക്കണക്കിന് അച്ചടിക്കാർഡുകൾ നാം അയയ്ക്കാറുണ്ട്. ആശംസാസന്ദേശങ്ങളുടെ അക്ഷരങ്ങൾക്ക് ആത്മാവുണ്ടായിരുന്നെങ്കിൽ അവ പറയുമായിരുന്നു ഞങ്ങൾ വെറും അക്ഷരങ്ങളാണല്ലോ എന്ന്. അത് സുന്ദരമാക്കേണ്ടത് നിങ്ങൾ മനുഷ്യരാണല്ലോ എന്ന്. ഒരു ഞടുക്കത്തോടെ ഞാൻ ആലോചിച്ചു പോകുകയാണ്. എന്തുകൊണ്ട് ഈ ജീവിതം ഇങ്ങനെ ഒരു പീഡനമായിത്തീരുന്നു. എന്തുകൊണ്ട് നമ്മുടെ സ്വപ്നങ്ങൾ ഭീകരങ്ങളായിത്തീരുന്നു. എന്തുകൊണ്ട് നമ്മുടെ വാക്കുകൾ കുന്തമുനയുടെ മൂർച്ചയുള്ളതായിത്തീരുന്നു. മൃഗതുല്യമായ ആവേശത്തോടെ കിട്ടാവുന്നത് മുഴുവൻ വെട്ടിപ്പിടിക്കാനുള്ള തൃഷ്ണ നമ്മെ കീഴ്പെടുത്തിയിരിക്കുന്നു. കൊല്ലപ്പെടുന്നവനും കൊല്ലുന്നവനും നമ്മിൽപെട്ടവനല്ലല്ലോ എന്ന ചിന്തയാണ് നമ്മെ ഭരിക്കുന്നത്. പീഡിപ്പിക്കപ്പെടുന്നത് എന്റെ സഹോദരിമാരല്ലല്ലോ. അഗ്നിബോംബുകൾ വന്നു പതിക്കുന്നത് എന്റെ മണ്ണിലല്ലല്ലോ. പിച്ചിച്ചീന്തപ്പെടുന്നത് എന്റെ സ്വപ്നങ്ങളല്ലല്ലോ. പക്ഷേ... കരുതിയിരിക്കുക. ആർത്തിപൂണ്ട നാവുമായി കടന്നുവരുന്ന ചെന്നായയുടെ കാലൊച്ചകൾ മെല്ലെ വളരെ മെല്ലെ നമ്മുടെ ഉമ്മറവാതിൽക്കൽ എത്തിനിൽക്കുന്നു. എങ്കിലും എനിക്ക് പ്രതീക്ഷയുണ്ട്. ഈ ജീവിതത്തെക്കുറിച്ച്, ഈ ഭാരതത്തെക്കുറിച്ച്, ഈ ലോകത്തെക്കുറിച്ച്, എനിക്ക് പ്രതീക്ഷയുണ്ട്.

തൈതെനട്ടുമൻപോട് തടം പിടിച്ചും

തണ്ണീർ തളിച്ചും തല വെട്ടിയിട്ടും... പരിപാലിച്ചാൽ വളർന്നു



## ലേഖനം



പടർന്നു പന്തലിക്കുന്ന ഒരു സഞ്ചിത സംസ്കാരത്തിന്റെ കേദാരമാണീ മണ്ണ്. ആരൊക്കെ പരാക്രമത്തോടെ നശിപ്പിക്കാൻ ശ്രമിച്ചാലും നശിക്കില്ലെന്ന് വാശിപിടിക്കുന്ന ധാർമ്മികമൂല്യങ്ങളുടെ കലവറയാണീ ഭാരതം. ഉപഭോഗ തൃഷ്ണയുടെ ബലിയാടായിക്കഴിഞ്ഞിട്ടും ഇനിയും ഒടുങ്ങാത്ത ഒരുപാട് വിലപ്പെട്ട സ്വപ്നങ്ങളുടെ അക്ഷയഖനിയാണെന്റെ ഭാരതം. ഈ കേരളവും ഈ മലയാളവും. ഈ ഭാരതവും വിട്ടൊരു ജീവിതം എനിക്കില്ല.

പിതാമഹന്മാരെ കബറടക്കി മൂന്നു പിടി മണ്ണിട്ട്, മുപ്പതു പിടി മണ്ണിട്ട്, മൂവായിരം പിടി മണ്ണിട്ട് പള്ളിപ്പറമ്പിൽ നിന്നും കടന്നുപോകുമ്പോൾ ഒരു ആഗ്രഹം മാത്രമാണ് ബാക്കിയുള്ളത്. അനായാസേന മരണം, തികച്ചും സ്വാഭാവികമായൊരു മരണം. അടക്കം ചെയ്യാൻ ഈ ഭാരതഭൂവിൽ ആറടിമണ്ണ്. സ്വാസ്ഥ്യം കെടുത്തുന്ന വാർത്തകൾക്കിയിലും എനിക്ക് പ്രതീക്ഷയുണ്ട്. ബുദ്ധനും, ഗാന്ധിജിക്കും, ശ്രീനാരായണഗുരുവിനും ജന്മം നൽകിയ ഈ മണ്ണിൽ ഞാനെന്തിനാണ് ഭയപ്പെടുന്നത്. ലോകാ സമസ്തോ സുഖിനോ ഭവന്തു എന്ന മന്ത്രം ഉരുവിടുന്ന ആർഷഭാരതത്തിൽ നിലാവുപോലെ നിർഭയമായ സ്വാതന്ത്ര്യമാണ് നാം പ്രതീക്ഷിക്കുന്നത്. ഉച്ചരിക്കുന്ന വാക്കുകളിലും ഉറപ്പോടെ വക്കുന്ന പുമടുകളിലും നമുക്ക് പ്രതീക്ഷയുണ്ട്.

ഒരു പീഡനകാലത്തിന്റെ രൗദ്രസ്തോത്രങ്ങൾ രചനയിലുണർത്തുന്ന കലാകാരന്റെ കൈയിലാണ് നാളത്തെ ഭാരതം. വെറും പച്ചമനുഷ്യന്റെ ഹൃദയത്തിൽനിന്നുതിരുന്ന രക്തച്ചുവയുള്ള വാക്കുകളിലും പ്രവൃത്തികളിലുമാകണം ഭാവിഭാരതത്തിന്റെ രാഷ്ട്രീയം. വിപത്തുകൾ പേമാരിയായി പെയ്യുമ്പോഴും ആശ്വാസത്തിന്റെ ഗോവർദ്ധനഗിരി ഉയർത്തിപ്പിടിക്കുന്ന പുത്തൻ ഗോകുലനാഥന്മാരാണ് നമുക്കാവശ്യം. നിങ്ങൾ ഉറങ്ങിക്കൊള്ളൂ ഞാൻ ജാഗ്രതയോടെ കാവലിരിക്കാം എന്ന് ആത്മശക്തിയോടെ ഉദ്ഘോഷിക്കുന്ന ഗുരുഭൂതന്മാരാണ് നമുക്ക് വേണ്ടത്. ഈ മണൽത്തരികളുടെ ഹൃദയസ്പന്ദനം സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ട് ഞാനീ ഭൂമിക്കുമുകളിൽ കാവലിരിക്കാം എന്നു പറയുന്നന ബുദ്ധിജീവികളാണ് നമുക്ക് ആവശ്യം. കളിയും ചിരിയും തമാശകളുമായി കടന്നുപോകുന്ന കാലത്തിന്റെ ഏതെങ്കിലും ദശാസന്ധിയിൽവെച്ച് മറയില്ലാത്തൊരു മനസ്സിന്റെ പ്രാർത്ഥനയെങ്കിലും മറ്റുള്ളവനുവേണ്ടി ദാനം ചെയ്യുന്ന മതാദ്ധ്യക്ഷന്മാരാണ് നമുക്കുണ്ടാകേണ്ടത്.

വാളല്ലെൻ സമരായുധം
ഝണഝണധ്വാനം
മുഴക്കീടുവാനാളല്ലെൻ
കരവാളുവിറ്റൊരു
മണിപ്പൊൻവീണ
വാങ്ങിച്ചുഞാൻ

എന്നുപാടിയ കവിയുടെ നാടാണിത്.

എന്തൊക്കെ ദുഃഖങ്ങളും ദുരിതങ്ങളുമുണ്ടെങ്കിലും ഈ മനോഹരതീരത്ത് ഇനിയൊരു ജന്മംകൂടി തരാൻ പ്രാർത്ഥിച്ച പ്രിയകവിയുടെ നാട്. ഈ നാട്ടിൽ ജനിച്ചുവളർന്ന എനിക്ക് ഈ നാടിനെക്കുറിച്ച് ശുഭാപ്തിവിശ്വാസമാണുള്ളത്.

ഒരു കുഞ്ഞുപോലും വിശക്കാതുറങ്ങുന്ന കുടുംബമാണെന്റെ സ്വപ്നം. അയൽക്കാരൻ പട്ടിണികിടക്കുമ്പോൾ വയറുനിറച്ചുണ്ണാതിരിക്കുന്ന അയൽക്കാരനാണെന്റെ സ്വപ്നം. ഒരു മനുഷ്യനും ഭയക്കാതിരിക്കുന്ന, ഒരമ്മപോലും കരയാതിരിക്കുന്ന, ഒരു മകൾപോലും പീഡിപ്പിക്കപ്പെടാതിരിക്കുന്ന ഭാരതമാണെന്റെ സ്വപ്നം. സമസ്തലോകവും സുഖമോടിരിക്കുന്ന കാലമാണെന്റെ സ്വപ്നം. 21-ാം നൂറ്റാണ്ട് ഈ സ്വപ്നത്തിന്റെ സാക്ഷാത്കാരമായിരിക്കട്ടെ.

ഇതൊരാശംസയല്ല. പ്രാർത്ഥനയാണ്. പീഡിപ്പിക്കപ്പെടുന്നവന്റെ സ്വപ്നങ്ങൾ പൂത്തുലയുന്ന ഒരു പുതുവർഷത്തിനുവേണ്ടിയുള്ള പ്രാർത്ഥന. □

ഒരു പീഡനകാലത്തിന്റെ രൗദ്രസ്തോത്രങ്ങൾ രചനയിലുണർത്തുന്ന കലാകാരന്റെ കൈയിലാണ് നാളത്തെ ഭാരതം. വെറും പച്ചമനുഷ്യന്റെ ഹൃദയത്തിൽനിന്നുതിരുന്ന രക്തച്ചുവയുള്ള വാക്കുകളിലും പ്രവൃത്തികളിലുമാകണം ഭാവിഭാരതത്തിന്റെ രാഷ്ട്രീയം. വിപത്തുകൾ പേമാരിയായി പെയ്യുമ്പോഴും ആശ്വാസത്തിന്റെ ഗോവർദ്ധനഗിരി ഉയർത്തിപ്പിടിക്കുന്ന പുത്തൻ ഗോകുലനാഥന്മാരാണ് നമുക്കാവശ്യം.

ലേഖനം

എം. താഹിർ
ഗണിതശാസ്ത്ര വിഭാഗം

# ഗണിതശാസ്ത്രപഠനം ബിരുദതലത്തിൽ

**ബിരുദതലത്തിൽ ഗണിതപഠനത്തിന് സംഭവിച്ചിരിക്കുന്ന അപചയങ്ങളെപ്പറ്റി ഒരു തുറന്ന ചർച്ച അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയുടെ ഭാഗമായിട്ടാണ് ഇതിനെയും കാണേണ്ടത്. ബിരുദപഠനത്തിലും നമ്മൾ കൊളോണിയരീതികൾ തുടരുകയാണ്.**

1957-ൽ പഴയ സോവിയറ്റ് യൂണിയനിൽ നിന്ന് ആകാശത്തേക്ക് സ്ഫുട്നിക് എന്ന ആദ്യത്തെ ബഹിരാകാശവാഹനം വിജയകരമായി വിക്ഷേപിക്കപ്പെട്ടത്, ഒരു മഹാസംഭവമായിരുന്നു, മനുഷ്യാധിക്ഷണയും ശാസ്ത്രസാങ്കേതിക വിജ്ഞാനവും സാധ്യമാക്കിയനേട്ടം. അമേരിക്കൻ ഐക്യനാടുകളിലെ രാഷ്ട്രീയ നേതൃത്വത്തിലും, ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലും ഇത് ഞെട്ടലുണ്ടാക്കി. പല തലങ്ങളിലെ ചർച്ചകൾക്ക് ശേഷം ബഹിരാകാശ ഗവേഷണത്തിൽ സോവിയറ്റ് യൂണിയനോടൊപ്പം എത്തുന്നതിന് വേണ്ടി ആദ്യം ചെയ്യേണ്ടത്. സ്കൂൾ തലത്തിൽ ഗണിതശാസ്ത്ര സിലബസ്സ് പരിഷ്ക്കരിക്കുകയാണ് വേണ്ടതെന്ന നിഗമനത്തിലെത്തുകയും, അതിനുവേണ്ടി SMSE (School Mathematics Study Group) രൂപീകരിക്കുകയും ചെയ്തു. പിന്നീട് അമേരിക്ക മനുഷ്യനെ ചന്ദ്രനിലെത്തിച്ചതുൾപ്പെടെയുള്ള കാര്യങ്ങൾ ചരിത്രമായ മാറിക്കഴിഞ്ഞിരിക്കുന്നു. ഇതിൽനിന്ന് വ്യക്തമാവുന്നത് ശാസ്ത്ര–സാങ്കേതിക പുരോഗതിയിൽ ഗണിതശാസ്ത്രം വഹിക്കുന്ന നിർണ്ണായകമായ പങ്കാണ്. ഗണിതശാസ്ത്രത്തെ സംബന്ധിച്ച്, ഈ നൂറ്റാണ്ടിൽ ഗണിതതത്വചിന്തയിൽ മൗലികമായ മുന്നേറ്റങ്ങൾ നടത്തിയ ബർട്രാണ്ട് റസ്സൽ എഴുതി "ശരിയായ കാഴ്ചപ്പാടിൽ ഗണിതശാസ്ത്രത്തിൽ നിലീനമായിട്ടുള്ളത് സത്യം മാത്രമല്ല ഉന്നതമായ സൗന്ദര്യം കൂടിയാണ്, ഈ സൗന്ദര്യം മിതാലംകൃതമായ മനോഹര ശില്പങ്ങൾക്ക് സമാനമാണ്, ചിത്രകലയുടെയും, സംഗീതത്തിന്റെയും സമുജ്ജ്വലമായ അലങ്കാരങ്ങളിൽനിന്ന് വിമുക്തവുമാണ്. എന്നാൽ ഏറ്റവും മഹത്തായ കലയ്ക്ക് മാത്രം പ്രദാനം ചെയ്യാവുന്ന ഉദാത്തമായ പരിശുദ്ധിയും, പൂർണ്ണതയെ പുൽകാനുള്ള കഴിവും ഇതിനുണ്ട്. ആത്മപ്രഹർഷണവും, ആനന്ദവും, ഉൽകൃഷ്ടതയുടെ ഉരകല്ലായ മനുഷ്യനെക്കാൾ എന്തോ ആണെന്ന ബോധവും, കവിതയിലെന്നപോലെ ഗണിതശാസ്ത്രത്തിലും കണ്ടെത്താവുന്നതാണ്......." ബുദ്ധിശക്തിയും, ഭാവനയും, സൗന്ദര്യബോധവുംകൊണ്ട് ഗണിതശാസ്ത്രജ്ഞന്മാർക്ക് അവരുടേതായ പ്രപഞ്ചങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നു. ഒരു ശാസ്ത്രീയ ലോക വീക്ഷണം കരുപിടിപ്പിക്കുന്നതിലും ഗണിതശാസ്ത്രം സുപ്രധാനമായ പങ്ക് വഹിക്കുന്നു.

ഗണിതശാസ്ത്ര പഠനത്തിന് അനേക മാനങ്ങളുണ്ടെന്ന് മുകളിൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കുന്നു. അതുകൊണ്ട് തന്നെ നമ്മുടെ ബിരുദതലത്തിൽ ഗണിതപഠനത്തിന് സംഭവിച്ചിരിക്കുന്ന അപചയങ്ങളെപ്പറ്റി ഒരു തുറന്ന

ചർച്ച അത്യാവശ്യമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ചയുടെ ഭാഗമായിട്ടാണ് ഇതിനെയും കാണേണ്ടത്. ബിരുദപഠനത്തിലും നമ്മൾ കൊളോണിയരീതികൾ തുടരുകയാണ്. എഴുപതുകൾ വരെയും, പാർപ്പിട പരീക്ഷാസമ്പ്രദായത്തിലും, വിദ്യാർത്ഥികൾ പൊതുവെ വിഷയങ്ങൾ ആഴത്തിൽ പഠിക്കുകയും, സ്വന്തമായി കണക്കുകൾ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് നമ്മുടെ ഗുണനിലവാരത്തകർച്ചക്ക് പ്രധാന കാരണമായി ഈ വ്യവസ്ഥ മാറിക്കഴിഞ്ഞിരിക്കുന്നു.

സാമ്പത്തിക ഉദാരവൽക്കരണം, ഉപഭോഗസംസ്കാരത്തിന്റെ കടന്നുകയറ്റം തുടങ്ങി പല കാരണങ്ങൾകൊണ്ട് കേരളത്തിലെ ഉപരിവർഗ്ഗത്തിലെയും മദ്ധ്യവർഗ്ഗത്തിലെയും, ജനങ്ങൾക്ക് ശമ്പളത്തോടൊപ്പം, കിമ്പളവും നേടാൻ പറ്റിയ മെഡിസിൻ, ഇഞ്ചിനിയറിംഗ്, തുടങ്ങിയ പ്രൊഫഷനൽ കോഴ്സുകളോട് അമിതമായ ആഭിമുഖ്യം വന്നിരിക്കുന്നു. പ്രവേശനപരീക്ഷയിലെ റാങ്ക്, ശാസ്ത്രവിഷയങ്ങളിൽ 50% മാർക്കും പ്രവേശനത്തിന് മാനദണ്ഡമാവുമ്പോൾ പ്രീഡിഗ്രി ശാസ്ത്രപഠനം entrance - oriented ആവുകയും, എൻട്രൻസ് കോച്ചിംഗ് അരങ്ങ് തകർക്കുകയും ചെയ്യുന്നു. പ്രവേശന പരീക്ഷയെന്ന കടമ്പ കടക്കാനാകാത്ത പ്രീഡിഗ്രി ജയിച്ചുവരുന്ന ധാരാളം കുട്ടികൾ ഗണിതശാസ്ത്ര B.Sc ക്ക് ചേരുന്നു. ഇവരിൽ ഭൂരിപക്ഷം പേർക്കും, വിഷയത്തിൽ യഥാർത്ഥ അഭിരുചിയോ, സ്വന്തമായി കണക്കുകൾ ചെയ്യുന്നതിനുള്ള പരിശീലനമോ, അടിസ്ഥാനാശയങ്ങളിലുള്ള ഗ്രാഹ്യമോ ഇല്ല. ഇവരെക്കൊണ്ട്, തങ്ങളുടെ വിഷയത്തോട് നീതിചെയ്യിപ്പിക്കുക ഏറെ ശ്രമകരമായ ഒരു പണിയാണ്. എന്നാൽ ഇവർക്ക് അനുയോജ്യമായ രീതിയിൽ സംഗതികൾ മാറിയിരിക്കുന്നു.

നിലവാരം താഴ്ന്ന ടെക്സ്റ്റ്ബുക്കുകൾ മാർക്കറ്റ് ചെയ്യുന്ന ചില കുത്തക പ്രസിദ്ധീകരണശാലകൾ കാര്യങ്ങൾ നിയന്ത്രിക്കുന്ന ഒരവസ്ഥ സംജാതമായിട്ടുണ്ട്. സർവ്വകലാശാല ചോദ്യപേപ്പറുകളിൽ വരുന്ന ഗണിതപ്രശ്നങ്ങളിൽ നല്ലൊരു ഭാഗവും, ഈ ടെക്സ്റ്റ്ബുക്കുകളിൽ ചെയ്തുവച്ചിരിക്കുന്നതായിരിക്കും. ഈ വിപണനതന്ത്രത്തിൽ അദ്ധ്യാപകരും, വിദ്യാർത്ഥികളും, വീഴുന്നു. നാലഞ്ച് വർഷങ്ങൾ കൂടുമ്പോൾ പരിഷ്ക്കരിക്കപ്പെടുന്ന ഡിഗ്രി സിലബസ്സിലെ ഉന്നത നിലവാരമുള്ള ടെക്സ്റ്റ്ബുക്കുകൾ അവഗണിക്കപ്പെടുന്നു. പത്ത്, പന്ത്രണ്ട്, വർഷങ്ങളായി ചോദ്യപേപ്പറുകൾ Stereo Type ആകുന്നതോടൊപ്പം അച്ചടിത്തെറ്റുകളും, തെറ്റായ ചോദ്യങ്ങളും കടന്നുകൂടുന്നു. ഇതിന്റെയൊക്കെ ഫലമായി ഒരു ശരാശരി വിദ്യാർത്ഥിക്ക് പോലും, ഫസ്റ്റ്ക്ലാസ്സ് കിട്ടാറുണ്ട്. ഒരു ഗണിതശാസ്ത്ര ബിരുദധാരിയിൽ നിന്ന് നാം പ്രതീക്ഷിക്കുന്ന ബൗദ്ധികനിലവാരം കടലാസ്സിൽ മാത്രമേ കാണുവാൻ സാധിക്കൂ.

ബിരുദപഠനത്തെ ബാധിക്കുന്ന മറ്റൊരു പ്രശ്നം പ്രചോദനം നൽകാനും, കഠിനമായ ഗണിതപ്രശ്നങ്ങൾ, നിർദ്ധാരണം ചെയ്യാനുള്ള അവസരം ഒരുക്കിക്കൊടുക്കാനും പ്രാപ്തരായ നല്ല അദ്ധ്യാപകരുടെ അഭാവമാണ്. കോളേജദ്ധ്യാപകർ, ഷെയർമാർക്കറ്റ്, ചെറുകിട വ്യവസായം, എൻട്രൻസ് കോച്ചിംഗ് എന്നീ മേഖലകളിൽ സജീവരാകുമ്പോൾ, അദ്ധ്യാപന രംഗത്തിന് സംഭവിക്കുന്ന അപചയങ്ങൾ ഏറെയാണ്.

ഗണിതശാസ്ത്ര ബിരുദപഠന രംഗത്ത് ഗുണപരമായ പരിവർത്തനങ്ങൾക്ക് ഉതകുന്നു. ചില നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. കോഴിക്കോട് സർവ്വകലാശാലയിലെ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്ന സമതിയുടെ പ്രവർത്തനം അടിയന്തരമായി കാര്യക്ഷമമാക്കണം, ചോദ്യപേപ്പറുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ തീരുമാനിക്കുന്നതോടൊപ്പം, വിപണിയിൽ ലഭ്യമായ പുസ്തകങ്ങളിലെ ചെയ്തു കാണിച്ചിരിക്കുന്ന കണക്കുകൾ ചോദിക്കാതിരിക്കുകയും, സിലബസ്സിൽ നിർദ്ദേശിച്ചിരിക്കുന്ന നിലവാരമുള്ള പുസ്തകങ്ങളുടെ അന്തസത്ത ചോദ്യങ്ങളിൽ പ്രതിഫലിപ്പിക്കുകയും വേണം. അച്ചടിതെറ്റുകളും തെറ്റായ ചോദ്യങ്ങളും കടന്നുകൂടുന്ന ലജ്ജാവഹമായ സ്ഥിതിവിശേഷവും ഒഴിവാക്കുക.

2. കോഴിക്കോട് സർവ്വകലാശാലയിലെ ആദ്യത്തെ വൈസ്ചാൻസലറായിരുന്ന പ്രൊഫസർ എം.എം.ഗനി അദ്ദേഹത്തിന്റെ രണ്ടാമത്തെ ടേമിൽ, 1976–77 കാലഘട്ടത്തിൽ പരീക്ഷാപരിഷ്കരണരംഗത്ത് ചില

**കോളേജദ്ധ്യാപകർ, ഷെയർമാർക്കറ്റ്, ചെറുകിട വ്യവസായം, എൻട്രൻസ് കോച്ചിംഗ് എന്നീ മേഖലകളിൽ സജീവരാകുമ്പോൾ, അദ്ധ്യാപന രംഗത്തിന് സംഭവിക്കുന്ന അപചയങ്ങൾ ഏറെയാണ്.**

തെല്ലാം തുടങ്ങി വെച്ചു. അന്ന് പ്രൊഫസർ ഐ.ജി. മേനോനായിരുന്നു പരീക്ഷ കൺട്രോളർ. Semester system, internal assesement എന്നിവ കോളേജുകളിൽ പ്രയോഗിക്കുന്നതിനെക്കുറിച്ച്, ഒരു വിദ്യാഭ്യാസവിദഗ്ദ്ധന്റെ നേതൃത്വത്തിൽ വിശദമായ ചർച്ചകൾ നടന്നു. അവയൊക്കെ രേഖകളാക്കി. ചോദ്യബാങ്ക് സമ്പ്രദായം ആവിഷ്ക്കരിക്കുകയും ഒന്നോ രണ്ടോ തവണ ഈ സമ്പ്രദായം അടിസ്ഥാനമാക്കി പരീക്ഷകൾ നടക്കുകയും ചെയ്തു. പ്രൊഫ. ഗനിയും, പ്രൊഫ. മേനോനും, രംഗം വിട്ടതോടെ ഇത്തരം കാര്യങ്ങൾ പൂർണ്ണമായും അവഗണിക്കപ്പെട്ടു. എത്ര വൈസ് ചാൻസലർമാർ വന്നുപോയി എത്രയോ സിൻഡിക്കേറ്റ് മെമ്പർമാരെ നാം കണ്ടു. അക്കാദമിക് കാര്യങ്ങളിൽ അലംഭാവം പുലരുന്നതിന് നാമിന്ന് അമ്പരക്കുന്നില്ല. എന്നാൽ ഇനിയെങ്കിലും പരീക്ഷാപരിഷ്കരണം ഗൗരവപൂർവ്വം ഏറ്റെടുക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രമിക്കണം.

3. കഴിഞ്ഞ 30 വർഷങ്ങളായി പ്രവർത്തനരഹിതമായിരുന്ന KMA (Kerala Mathematical Association) പുനരുജ്ജീവനത്തിന്റെ പാതയിലാണ്. കൊച്ചിൻ സർവ്വകലാശാലയിലെ ഗണിതശാസ്ത്രവിഭാഗം മേധാവി പ്രൊഫ. ടി. ത്രിവിക്രമൻ നമ്പൂതിരിയാണിതിന് മുൻകൈ എടുത്തിരിക്കുന്നത്. ചില കേന്ദ്രങ്ങളിൽ വച്ചു പ്രഭാഷണങ്ങൾ നടക്കുകയുണ്ടായി. കോഴിക്കോട് സർവ്വകലാശാലയിൽ KMA ക്ക് ഒരു ചാപ്റ്ററും അതിന് കീഴിൽ, തൃശൂർ പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങളും രൂപീകരിക്കപ്പെടണം. ഇപ്പോൾ ചെറിയതോതിൽ തുടങ്ങിവച്ചിട്ടുള KMAയിലേക്ക് അംഗങ്ങളെ ചേർക്കൽ ത്വരിതപ്പെടുത്തി, ഗണിതശാസ്ത്രാദ്ധ്യാപകരുടെ ഈ വേദി യാഥാർത്ഥ്യമാക്കുകയും, ഈ കൂട്ടായ്മയിൽനിന്ന്, മേൽ സൂചിപ്പിച്ച പ്രശ്നങ്ങളും പരിഹാരത്തിനുള്ള നീക്കങ്ങൾ നടത്തുകയും വേണം. ചില കർമ്മപരിപാടികൾ ചുവടെ ചേർക്കുന്നു.

1) ശില്പശാലകൾ സംഘടിപ്പിച്ചുകൊണ്ട് ഗുണനിലവാരമുള്ള മാതൃകാ ചോദ്യപേപ്പറുകളും മാതൃകാ സിലബസ്സും രൂപപ്പെടുത്തൽ.

2) കേരളത്തിൽ കോളേജ് അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് നിലനിൽക്കുന്ന പണാധിപത്യവും, അതു അക്കാദമിക രംഗത്ത് വരുത്തിതീർക്കുന്ന കോട്ടങ്ങളെയും നേരിടാൻ KMAക്ക് മാത്രം കാര്യമായൊന്നും ചെയ്യാൻ പറ്റുകയില്ല. എന്നാൽ ഇന്ന് UGC സഹായത്തോടെ നൽകപ്പെടുന്ന Orientation courseൽ അദ്ധ്യാപന പരിശീലനം നൽകപ്പെടാത്ത സാഹചര്യത്തിൽ, പ്രഗത്ഭരായ ഗണിതശാസ്ത്രാദ്ധ്യാപകരെ ഉപയോഗിച്ച് ഒരു ഹ്രസ്വകാല അദ്ധ്യാപക പരിശീലന പദ്ധതി.

3) B.Sc.ക്ക് പഠിക്കുന്ന കുട്ടികളിൽ പ്രതിഭയുള്ളവരെ കണ്ടെത്തി അവർക്ക് പ്രത്യേക ശ്രദ്ധ കൊടുത്ത്, ഗവേഷണ രംഗത്ത് എത്തിക്കാൻ വേണ്ട ഒരു പദ്ധതി.

പദ്ധതികൾ പ്രായോഗികമാക്കാൻ NBHM (National Board of Higher Mathematics)ന്റേയും സർവ്വകലാശാലകളുടെയും, CSIR (Council for Scientific and Industrial Research) ന്റെയും ഒക്കെ ധനസഹായം തേടാവുന്നതാണ്. □

ലേഖനം

P.M. സാക്കിർ
II M.A. English

# മാറാൻ കൂട്ടാക്കാത്ത സമൃറം

*WITHOUT SPLIT*
*The conscious and unconscious today*
*Join hands in the dream, yet the mind life split*
*Blooms in the blood in to the thorny blue-nose*
*Dreams no longer follow their laws*
*But sow crisis in garden and wasteland;*
*And the rhythm of the moment dances into tried time*
*Holding stormy peace in upliged hands.*

*- Bishnu Dey.*

എല്ലാ യുദ്ധങ്ങളുടെയും അവസാനം ജയഭേരിയേക്കാൾ ഉച്ചത്തിലുയരുന്നത് മറ്റൊരു ശബ്ദമാണ്. അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ഹൃദയം പൊട്ടിയുള്ള നിലവിളി" - സക്കറിയ്യ. "വീണ്ടെടുക്കുവാനുള്ള പ്രദേശങ്ങൾ ഏറെയാണ്. ഇന്ത്യക്കും പാക്കിസ്ഥാനും ഒരു പോലെ നഷ്ടപ്പെട്ട ആത്മാവിന്റെ പ്രദേശങ്ങൾ." ആയുധവിദ്യയുടെ "ആവേശ മാണ് യുദ്ധഭൂമിയിലെ സത്യം" -- ആനന്ദ്. നൂറ്റാണ്ടുകളുടെ കടന്ന് പോക്കുകൾ കൊണ്ട് ഇനിയും പാകപ്പെട്ടിട്ടില്ലാത്ത ഒരു വ്യർത്ഥവിചാരത്തെക്കുറിച്ച് മലയാളത്തിന്റെ രണ്ട് വലീയ എഴുത്തുകാർ പ്രതികരിച്ചതിങ്ങനെയാണ്. ലൈൻ ഓഫ് കൺട്രോളിന്റെ വകതിരിവുകൾ മാറ്റിവെച്ച് ചിന്തിച്ചാൽ മൊത്തം ആയിരത്തഞ്ഞൂറിലധികം മനുഷ്യജീവനുകൾ കവർന്നെടുത്ത കാർഗിൽ നുഴഞ്ഞുകയറ്റ പ്രശ്നവും നൂറ്റാണ്ട് കണ്ട യുദ്ധങ്ങളുടെ ബാലൻസ് ഷീറ്റിൽ ഒടുവിലത്തേതായി സ്ഥാനം പിടിക്കുമ്പോഴും ഒരു പക്ഷേ ഒരിക്കലും ഭേദമാറാനിടയില്ലാത്ത മുറിവുകൾ കാർഗിൽ ഇന്ത്യയുടെ ഹൃദയരേഖയിൽ അവശേഷിപ്പിക്കുന്നുണ്ട്. ഒടുവിൽ കാർഗിൽ നുഴഞ്ഞുകയറ്റ പ്രശ്നത്തിന്റെ രാഷ്ട്രീയ അരിത്മറ്റിക്കുകൾ മെനയുന്ന രാഷ്ട്രീയ നേതൃത്വത്തിനൊപ്പം, ശതകോടി ഇന്ത്യൻ ജനതയുടെ ഹൃദയവികാരത്തെ കവർന്നെടുത്ത് രാഷ്ട്രസ്നേഹത്തിന്റേ ഉരകല്ലായി അതിനെ പ്രയോഗിക്കുവാൻ കൊണ്ട് പിടിച്ച ശ്രമങ്ങൾ നടത്തുമ്പോഴും നാം അറിയാതെ യുദ്ധങ്ങളുടെ നിരർത്ഥകതയെക്കുറിച്ച് ചിന്തിച്ച് പോവുന്നു. ജയഭേരിയേക്കാൾ ഉച്ചത്തിൽ മുഴങ്ങുന്ന നിലവിളികളുടെ പശ്ചാത്തലത്തിൽ യുദ്ധങ്ങളെക്കുറിച്ചൊരു 'അബ്സേർഡ്' വിചാരം.


മറ്റെല്ലാ അതിർത്തി പ്രദേശങ്ങളേക്കാളും നമ്മുടെ ബോധമണ്ഡലത്തെ കാർഗിൽ കീഴടക്കിയിരിക്കുന്നു. രാഷ്ട്ര സ്നേഹത്തെക്കുറിച്ച് വികാരപരവശരായി പല

കാർഗിൽ നുഴഞ്ഞുകയറ്റ പ്രശ്നത്തിന്റെ രാഷ്ട്രീയ അരിത്മറ്റിക്കുകൾ മെനയുന്ന രാഷ്ട്രീയ നേതൃത്വത്തിനൊപ്പം, ശതകോടി ഇന്ത്യൻ ജനതയുടെ ഹൃദയവികാരത്തെ കവർന്നെടുത്ത് രാഷ്ട്രസ്നേഹത്തിന്റേ ഉരകല്ലായി അതിനെ പ്രയോഗിക്കുവാൻ കൊണ്ട് പിടിച്ച ശ്രമങ്ങൾ നടത്തുമ്പോഴും നാം അറിയാതെ യുദ്ധങ്ങളുടെ നിരർത്ഥകതയെക്കുറിച്ച് ചിന്തിച്ച് പോവുന്നു.

പ്പോഴും നാം സംസാരിച്ചു. പ്രതിരോധത്തിന്റെയും സുരക്ഷയുടെയും ആവശ്യകതകളെക്കുറിച്ച് നാം വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരുന്നു. മനഃശക്തിയെ സൈനിക ശക്തി കീഴടക്കുന്നത് നാം കാർഗിലിൽ കണ്ടു. എല്ലാ സംശയങ്ങളും ചോദ്യങ്ങളും മാറ്റിവെച്ചുകൊണ്ട് നാം സൈനിക ശക്തിയെക്കുറിച്ച് സംസാരിച്ചു. ഒരു പേമാരിപോലെ എല്ലാം പെയ്തൊഴിയുമ്പോൾ വീണ്ടും ചോദ്യങ്ങൾ അവശേഷിക്കുകയാണ്. യുദ്ധത്തെക്കുറിച്ച് ആഴ്ന്നു ചിന്തിക്കുമ്പോൾ തികട്ടി വരുന്ന അസംബന്ധവിചാരങ്ങൾ!

യുദ്ധം അർത്ഥമില്ലായ്മയുടെയും മനുഷ്യവിദ്വേഷത്തിന്റേയും സൃഷ്ടിയാണെന്ന് അങ്ങിനെ നാം തിരിച്ചറിയുന്നു. വിജയം ഒരിക്കലും ഒരു വിജയമാകുന്നില്ല എന്നും മാനവികത നാശത്തിനും ശത്രുവൈരിക്കുമിടയിൽക്കിടന്ന് ഊർദ്ധ്വശ്വാസം വലിക്കുന്ന വിചിത്രമായ പ്രതിസന്ധിയാണ് അതെന്ന് വിജയിയും പരാജിതനും ഒരുപോലെ തിരിച്ചറിയുന്നു. നൂറ്റാണ്ടുകളുടെ സംഘജീവിതംകൊണ്ട് നാം സ്വരൂപിച്ചെടുത്ത സംസ്കാരത്തിന്റെ ശേഷിപ്പുകളെ ആയുധശക്തിയുടെ ഹുങ്കുകൊണ്ട് വെല്ലുവിളിക്കുന്ന വിചിത്രമായ രീതി. നാഗരികത നമുക്ക് സമ്മാനിച്ച മുഖംമൂടിവെച്ചുകൊണ്ട് നാം ചെയ്യുന്ന അസംബന്ധങ്ങൾ! ഒരു പ്രശ്നവും ഒരിക്കലും പരിഹരിക്കാതെ പ്രശ്നമായിത്തന്നെ അവശേഷിപ്പിക്കുന്ന വിരോധാഭാസങ്ങൾ! പക്ഷേ ഇവയെക്കുറിച്ചൊന്നും ഒരു യുദ്ധസമയത്ത് നാം ബോധവാനാകുന്നില്ല. അല്ലെങ്കിൽ നാം ബോധവാന്മാരാകരുത്. അങ്ങിനെയാണ് നാം പഠിച്ചുവെച്ചത്.

കാർഗിൽ നമുക്ക് മേൽ അടിച്ചേല്പിക്കപ്പെട്ടതായിരുന്നു. പാകിസ്ഥാൻ നമ്മെക്കൊണ്ട് ആയുധമെടുപ്പിക്കുകയായിരുന്നു. കാർഗിൽ കുന്നുകളിലേക്ക് നാം ബോഫോഴ്സ് തോക്കുകൾ തിരിച്ച് വച്ചില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ നമ്മുടെ പരമാധികാരം തന്നെ നുഴഞ്ഞ്കയറ്റക്കാർക്ക് വഴങ്ങിയെന്ന് വരാം. കാർഗിൽ ഒരുക്കിയ ഈ നിർബന്ധിതാവസ്ഥ ശക്തമായ ഒരു പഴുതാണ്. പക്ഷേ ഈ പഴുത് നാം ആഗ്രഹിക്കാത്തത് കൂടിയാണ് എന്ന് ചേർത്ത് വായിക്കണം. പലപ്പോഴും യുദ്ധങ്ങൾ സൃഷ്ടിച്ചിട്ടുള്ള ഇത്തരം നിർബന്ധിതാവസ്ഥകളാണ്



○

**കാർഗിൽ നമുക്ക് മേൽ അടിച്ചേല്പിക്കപ്പെട്ടതായിരുന്നു. പാകിസ്ഥാൻ നമ്മെക്കൊണ്ട് ആയുധമെടുപ്പിക്കുകയായിരുന്നു. കാർഗിൽ കുന്നുകളിലേക്ക് നാം ബോഫോഴ്സ് തോക്കുകൾ തിരിച്ച് വച്ചില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ നമ്മുടെ പരമാധികാരം തന്നെ നുഴഞ്ഞ്കയറ്റക്കാർക്ക് വഴങ്ങിയെന്ന് വരാം.**

○

ചരിത്രത്തിന്റെ ഗതിയെ മാറ്റിയെടുത്തിട്ടുള്ളത് കാർഗിൽ നമ്മെ കൊണ്ടെത്തിച്ചത് ആയുധശക്തിയുടെ വിജയഘോഷങ്ങളിലേക്കാണ്. അതിലേറെ, മനുഷ്യബോധത്തെ സൈനികവൽക്കരിക്കൽ, പ്രതിരോധത്തിൽ നിന്ന് ആനന്ദം, ഡിഫൈൻസ് ടെക്നോളജിയുടെ അത്ഭുതങ്ങൾ നശിപ്പിക്കലിന്റെ സ്റ്റാറ്റിസ്റ്റിക്സ്... തുടങ്ങി യുദ്ധത്തിന്റെ കൂട്ടായ്മകളേയും നാം ഘോഷിച്ചു.

യുദ്ധം ഒരു 'മീഡിയ ടൈപ്പ്' ആണ്. കാർഗിൽ തന്നെ ഇതിന് ഒന്നാന്തരമൊരു തെളിവ്. കാർഗിൽ പ്രശ്നം മൂർദ്ധന്യത്തിലെത്തിയപ്പോൾ നമ്മുടെ കോൺഷ്യസിനെ നിയന്ത്രിച്ചിരുന്നത് മാധ്യമങ്ങളായിരുന്നു. യുദ്ധത്തിന്റെ ലഹരിക്ക് നിറംപിടിപ്പിച്ച കഥകളുമായി വാർത്താമാധ്യമങ്ങൾ നമ്മുടെ മുമ്പിൽ നിരന്നുനിന്നു. യുദ്ധവിദഗ്ദ്ധരുടെ ശക്തമായ വാചകമടികളുടെ അകമ്പടിയോടെ യുദ്ധഭൂമിയിൽ നിന്നുള്ള ഹരംകൊള്ളിക്കുന്ന ചിത്രങ്ങൾ നിമിഷം പ്രതി ടെലിവിഷനുകൾ നമുക്കെത്തിച്ച് തന്നിരുന്നു. മീഡിയ തീർത്ത് വെച്ച ഈ വിജയലഹരി അപകടകരമാണെന്ന് നാം തിരിച്ചറിഞ്ഞിരുന്നില്ല. ഓരോ തവണ യുദ്ധത്തെ നീതികരിച്ച് കൊണ്ട് സംസാരിക്കുമ്പോഴും ഒരു നവലോകം കെട്ടിപ്പടുക്കുവാനുള്ള മനുഷ്യശക്തിയിൽ നാം ദരിദ്രമായിക്കൊണ്ടിരിക്കുകയാണ്. ശത്രുവിനെ നിഗ്രഹിക്കുവാനുള്ള ത്വരയിൽ മനുഷ്യരുമായി ഊഷ്മളമായ ബന്ധം നമുക്ക് നഷ്ടമാവുന്നു. ധാരണയുടെയും പരസ്പര ചർച്ചയുടെയും സാധ്യതകളെ നാം നിഷേധിക്കുന്നു. സത്യത്തിലും സ്നേഹത്തിലുമുള്ള വിശ്വാസം നമുക്ക് നഷ്ടമാവുന്നു. ഇത് മാനവികത ദർശിക്കുന്ന പരമമായ ദരിദ്രാവസ്ഥയാണ്. സൈനിക ശക്തിയേക്കാൾ വലിയൊരു ശക്തി വേറെയില്ലെന്ന് നാം അന്ധമായി വിശ്വസിക്കുന്നു.

കാർഗിലിലെ സമരഭടനെ നാം വിശ്വസിപ്പിക്കുവാൻ ശ്രമിച്ചതും ഈ ആശയങ്ങൾ തന്നെയായിരുന്നു.

നിയന്ത്രണരേഖയുടെ മുള്ളുവേലിക്കപ്പുറം നിൽക്കുന്നത് തന്റെ ശത്രുവാണെന്ന് അവനെ നിർബന്ധിച്ച് വിശ്വസിപ്പിക്കുന്നു. ശത്രുവിന്റെ മുഖത്ത് നിൽക്കുന്നത് മരണത്തിന്റെ അഭിമുഖം നിൽക്കലാണ്. ഒന്ന് ശരിയാണ്, കാർഗിലിൽ യുദ്ധം ചെയ്ത ഇന്ത്യൻ



ഭടന് അല്ലെങ്കിൽ ലോകത്തെ ഏതൊരു പോരാളിക്കും പൊയ്മുഖങ്ങളില്ല. മരണത്തിന് അഭിമുഖം നിന്നുകൊണ്ട് അവൻ ഒന്ന് മാത്രം തിരിച്ചറിയുന്നു. അതിർത്തിക്കപ്പുറം അവന്റെ ശത്രുവാണെന്ന്. യുദ്ധഭൂമി മരണത്തിന്റെ മൊത്തം കുത്തക ഏറ്റെടുക്കുന്ന ദുരന്തഭൂമികളായി പരിണമിക്കുന്നതിനിടെ യോദ്ധാവിന് പൊയ്മുഖങ്ങളില്ലാതാവുന്നു. പ്രത്യയശാസ്ത്രങ്ങളുടെ അകമ്പടികളില്ലാതെ ജീവിതവും മരണവും തമ്മിലുള്ള കടുംപിടുത്തങ്ങൾക്കിടയിൽപ്പെട്ട അവന്റെ മാനസിക സ്വഭാവത്തെക്കുറിച്ച് യുദ്ധത്തിന് കോപ്പ് കൂട്ടുന്ന ഭരണാധികാരികൾ അധികമൊന്നും ചിന്തിക്കാറില്ല.

കാർഗിൽ പ്രശ്നം സൃഷ്ടിച്ച പ്രതിസന്ധി രാജ്യസ്നേഹം മാറ്റുരച്ച് നോക്കുവാൻ നമുക്ക് വീണ് കിട്ടിയ അവസരമായിരുന്നു. രാഷ്ട്രഭാവിക്ക് ജീവൻ ബലിതർപ്പണം നടത്തിയ ജവാന്മാർക്ക് നാം ചരമഗീതം പാടി. യുദ്ധഭൂമിയിൽ ചിറകറ്റ് വീണ യുവത്വങ്ങൾ നമുക്ക് നഷ്ടങ്ങളായി തോന്നിയതേയില്ല. മകനെയും ഭർത്താവിനെയും നഷ്ടപ്പെട്ട ഉറ്റവർ തങ്ങളുടെ ദുരന്തങ്ങളെ രാജ്യത്തിനുള്ള സമ്മാനമായി സ്വീകരിച്ചു. ദേശസ്നേഹത്തിന്റെ നിറം പിടിപ്പിച്ച കഥകൾ നാം വേണ്ടുവോളം കേട്ടു. ഇവിടെ നാം കേരളീയർ ഫണ്ടുകൾ ശേഖരിച്ചു, രക്തദാനം നടത്തി, വീരജവാന്മാർക്ക് വേണ്ടി പ്രാർത്ഥിച്ചു. ഫണ്ട് ശേഖരണാർത്ഥം ക്രിക്കറ്റ് താരങ്ങൾ, സിനിമാതാരങ്ങൾ, ഇടതോ വലതോ എന്നൊന്നില്ലാതെ രാഷ്ട്രീയക്കാർ... ചുരുക്കത്തിൽ നമ്മൾ ഒന്നാവുകയായിരുന്നു. പ്രതിസന്ധി തീർക്കുന്ന ഐക്യത്തിന്റെ മഹാശക്തി നാമറിഞ്ഞു. സ്വാർത്ഥത തീർക്കുന്ന ലോകത്തിന്റെ അതിരിനുള്ളിൽ വൈയക്തികമല്ലാത്ത കാരണങ്ങൾ കൊണ്ട് ജീവൻ ദാനം ചെയ്ത വീരജവാന്മാർക്ക് മുമ്പിൽ നാം ശിരസ്സ് കുനിച്ച് പോവുന്ന സന്ദർഭങ്ങൾ....

പക്ഷേ, യുദ്ധം തീർക്കുന്ന ഈ ദേശസ്നേഹത്തിന് ഒരു മറുവശം കൂടിയുണ്ട്. വിദ്വേഷം കൊണ്ട് പ്രചോദിതമാവുന്ന ദേശസ്നേഹമാണിത്. 'ഞാനെന്റെ ദേശത്തെ സ്നേഹിക്കുന്നു. കാരണം ഞാനെന്റെ ശത്രുവിനെ വെറുക്കുന്നു.' എന്ന സിദ്ധാന്തത്തിലൂന്നിയ ദേശസ്നേഹം. മാനവികതയുടെ പക്ഷത്ത്നിന്ന് നാമിതിനെ കാണുമ്പോൾ ഇതപ്പാടെ സ്വീകരിക്കുവാൻ നമുക്ക് കഴിയുന്നില്ല. ശത്രുവിന് നേരെയുള്ള പ്രതികാരത്തിന്റെ കഥകളിൽനിന്ന് ഹരം കൊള്ളുന്ന ദേശസ്നേഹമാണിത്. ഇത് നൈമിഷികമായിരിക്കും. കപടമല്ലെങ്കിലും ഇന്നത്തെ ഇന്ത്യക്ക് വേണ്ടത് ഇതല്ല. അത് കൊണ്ടാണ് യുദ്ധം തീർത്ത മുറിവുണങ്ങും മുമ്പ് നാം കാർഗിൽ രാഷ്ട്രീയവൽക്കരിക്കുന്നതിന്റെ കഥകൾ കേൾക്കുന്നത്. ദേശസ്നേഹത്തിൽ ഊറ്റംകൊള്ളുന്ന നാം ഒരു രാജ്യത്തോട് പുലർത്തേണ്ട ഉത്തരവാദിത്വങ്ങളിൽ കൊള്ളരുതായ്മകൾ കാണിക്കുന്നു. അഴിമതിക്കാരും സ്വാർത്ഥമതികളുമാവുന്നു നാം. ഉപരിപ്ലവവും താൽക്കാലികവുമായ ദേശസ്നേഹം നമ്മെ ഇന്ത്യയോട് ഒരു പൗരനുള്ള ഉത്തരവാദിത്വങ്ങളെ ഓർമ്മപ്പെടുത്തുന്നില്ല. കാർഗിൽ മലനിരകളിലോ ക്രിക്കറ്റ് ഗ്രൗണ്ടുകളിൽനിന്നോ പാക്കിസ്ഥാനെ നേരിടുമ്പോൾ ജന്മമെടുക്കുന്നതാണീ ദേശസ്നേഹം. യുദ്ധമില്ലാത്തപ്പോൾ നാം ചെയ്ത് തീർക്കുന്ന കളങ്കങ്ങൾ നാം യുദ്ധസമയത്ത് അമിത ദേശഭക്തി കാണിച്ച് മൂടിവെക്കുന്നു.

യുദ്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് നാം മനുഷ്യപ്രകൃതി

---

പക്ഷേ, യുദ്ധം തീർക്കുന്ന ഈ ദേശസ്നേഹത്തിന് ഒരു മറുവശം കൂടിയുണ്ട്. വിദ്വേഷം കൊണ്ട് പ്രചോദിതമാവുന്ന ദേശസ്നേഹമാണിത്. 'ഞാനെന്റെ ദേശത്തെ സ്നേഹിക്കുന്നു. കാരണം ഞാനെന്റെ ശത്രുവിനെ വെറുക്കുന്നു.' എന്ന സിദ്ധാന്തത്തിലൂന്നിയ ദേശസ്നേഹം.

---

യുടെ അസാധാരണമായ അവസ്ഥയെക്കുറിച്ച് ചിന്തിക്കുവാൻ നിർബന്ധിതരാവുക. അധിശത്വത്തിന്റെ കഥകൾ തുടങ്ങുന്ന അനാദികാലം മുതൽ തന്നെ യുദ്ധം പല മാനുഷികമൂല്യങ്ങളുടേയും നിഷേധമായിരുന്നു. എന്നിട്ടും നാം യുദ്ധങ്ങളെക്കുറിച്ച് അധികമൊന്നും ചിന്തിക്കുവാൻ ശ്രമിച്ചിരുന്നില്ല. എന്തുകൊണ്ട് യുദ്ധങ്ങൾ? ഒരുപക്ഷേ, രാഷ്ട്രാന്തരീയ ബന്ധങ്ങളുടേയോ സ്ട്രാറ്റജിക് നയതന്ത്രത്തിന്റേയോ നിഘണ്ടുകളിൽ നാം ഇതിന് തൃപ്തികരമായ ഒരു ഉത്തരം കാണാറില്ല. പൊട്ടിത്തകരുന്ന രാഷ്ട്രാന്തരീയ ബന്ധത്തിന്റെ പ്രകടനങ്ങളാണ് യുദ്ധങ്ങൾ എന്നിരിക്കിലും ഇതിന്റെ കാരണങ്ങൾ നയതന്ത്രജ്ഞരോ പ്രതിരോധ വിശാരദന്മാരോ കണ്ടെത്തുന്നതായിരിക്കണമെന്നില്ല പലപ്പോഴും. ഏറ്റുമുട്ടലിന്റെ പുറംപൂച്ചുകൾക്കിടയിൽ നാം മനുഷ്യപ്രകൃതിയുടെ ഇരുണ്ടവശങ്ങൾ കാണുന്നു, അവനെ നശിപ്പിക്കാനുള്ള ത്വര, അധികാരം, ദാഹം, അധിശത്വം സ്ഥാപിക്കാനുള്ള അകൈതവമായ വാഞ്ഛ... ഇങ്ങനെ പോവുന്ന ഇരുണ്ട വർത്തമാനങ്ങളിലേക്ക് നമുക്ക് യുദ്ധത്തിന് തൃപ്തികരമായ ഒരു മറുപടി ലഭിക്കും. സ്വാർത്ഥമോഹങ്ങളുടെയും കാപട്യങ്ങളുടെയും വെറും വിചാരങ്ങളിൽനിന്നാണ് ഈ ഇരുണ്ട വശങ്ങൾ പ്രകടമാകുന്നത്. കുടുംബത്തിൽനിന്ന് തുടങ്ങി അയൽപക്കങ്ങളിലേക്കും അത് വഴി സാമൂഹിക ബന്ധങ്ങളിൽവരെ. നാം ഈ സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന സമൂഹത്തിൽ ഇത് സൃഷ്ടിക്കുന്ന പെരിയ യുദ്ധങ്ങൾ തന്നെയാണ് രാഷ്ട്രാന്തരീയ യുദ്ധങ്ങൾക്കും അടിസ്ഥാനമാവുന്നത്. വ്യക്തി സ്വാതന്ത്ര്യങ്ങൾക്ക് മേൽ കടന്നാക്രമണം നടത്തുന്ന രാഷ്ട്രശക്തികൾ സത്യത്തിൽ ചെയ്യുന്നതും അധിശത്വത്തിന്റെ മൊത്തം കുത്തക ഏറ്റെടുക്കുകയാണ്.

**യുദ്ധവേളകളിൽ ഹിംസയെ മഹത്വവൽക്കരിക്കപ്പെടുന്നു എന്നുള്ളതാണ് മറ്റൊരു വസ്തുത. ദേശസ്നേഹത്തിന്റേയും സുരക്ഷയുടെയും പേരിൽ നമുക്ക് ആരെയും കൊന്നൊടുക്കാം.**

യുദ്ധവേളകളിൽ ഹിംസയെ മഹത്വവൽക്കരിക്കപ്പെടുന്നു എന്നുള്ളതാണ് മറ്റൊരു വസ്തുത. ദേശസ്നേഹത്തിന്റേയും സുരക്ഷയുടെയും പേരിൽ നമുക്ക് ആരെയും കൊന്നൊടുക്കാം. സ്റ്റേറ്റ് തന്നെ ഈ ക്രൂരകൃത്യങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ ധർമ്മവും സത്യവും പുറം വാതിലിലൂടെ കടന്നുമറയുന്നു.

ഇനി ടോഫ്ളറുടെ വിചാരങ്ങളെക്കുറിച്ച് പറയാം. 'പവർഷിഫ്റ്റ്' (Power Shift), ഫ്യൂച്ചർ ഷോക്ക് (Future Shock), തേർഡ് വേവ് (Third Wave) എന്നീ ഗ്രന്ഥങ്ങളുടെ കർത്താവായ അമേരിക്കക്കാരനായ ആൽവിൻ ടോഫ്ളറുടെ ചിന്തകളിൽനിന്നാണ് യുദ്ധത്തെക്കുറിച്ച് ഈ വിധമൊരു സ്വാർത്ഥവിചാരത്തിന് ഈ ലേഖകൻ പ്രേരിതനായത്. മനുഷ്യസംസ്കൃതിയുടെ ഇന്നോളമുള്ള പരിക്രമണത്തിൽ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ബന്ധങ്ങളിലെ കെട്ടുപാടുകൾ തീർക്കുന്ന അന്യൂനമായ മാറ്റങ്ങളുടെ സ്പന്ദനം തൊട്ടറിഞ്ഞ്കൊണ്ട് ടോഫ്ളർ എഴുതുമ്പോൾ അദ്ദേഹം മറ്റൊരു 'ജാനസ്' (Janus) ആവുകയാണ്. ഒരു മുഖം പിന്നിലേക്കും ഒരു മുഖം മുന്നിലേക്കുമായി ഭൂതത്തിലേക്കും ഭാവിയിലേക്കും ടോഫ്ളർ എന്ന സാമൂഹിക വിചക്ഷണൻ ഒരുപോലെ ഇറങ്ങിച്ചെല്ലുന്നുണ്ട്. Future Shock ഇന്നിനെക്കുറിച്ചാണ് നാളെയുടെ വ്യഥകളല്ല, അതിൽ അദ്ദേഹം പറയുന്നത്. ടോഫ്ളറുടെ കണ്ടെത്തലുകൾ നമ്മെ ഏറ്റവുമധികം പിടിച്ചുലക്കുന്നത് അദ്ദേഹം യുദ്ധത്തെക്കുറിച്ച് പറയുന്നത് കേൾക്കുമ്പോഴാണ്. സംസ്കൃതിയുടെ നിരർത്ഥനഹരികളിൽ, നാഗരികതയുടെ മെറ്റീരിയൽ സമൃദ്ധങ്ങളിൽ നാം ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്. പക്ഷെ, പിടിച്ചടക്കലിന്റേയും അധിശത്വത്തിന്റേയും വഴികളിൽ നാം തുടങ്ങിയേടത്ത്തന്നെ ഈ സമൂഹം മാറാൻ കൂട്ടാക്കുന്നില്ല. ഒന്നും മാറിയിട്ടില്ല സത്യത്തിൽ, യുദ്ധം ചെയ്യുന്ന രീതിയല്ലാതെ.



ശിശുക്കൾ കോവിൽ വിട്ടോടിപ്പൊടിയിൽ കളിയാടവേ
ദൈവം അക്കളി കാണുന്നു, പൂജാരിയെ മറന്നുടൻ

– ടാഗോർ

# N.C.C. Grooming Tomorrows Leaders

**CSUO Babulal K.Rahiman**
3/29 (K) BN NCC

College life is considered one of the most exciting periods of a students life. The theoretical life of the sutdent starts from there. The practical application starts the day he completes his education. So there are many areas where one has to contribute something to the bettlerment of the nation. Especially an NCC cadet can play very significant role in the building of nation. It is indeed true that the wealth of the nation is its youth. H.G. wells was right when he opinioned that "Men are born, but citizens are made". A child takes to iteslf what is brought to it".

In an effort to organise, and to make young minds vigorious the NCC came into being on 16th April 1948. The aims of NCC are "To develop qualities of character, courage, commandarship, discipline, leadership, secular outlook, spirit of adventure and sportsmanship and the ideals of selfless service among the youth and to make them useful citizens. They create a human resource of organised in all walks of life including the Armed Forces and be always available for the service of the nation".

Through the NCC, boys and girls are able to channelise their potentials which lead to an all round mental and physical growth. NCC has inspired them to be committed to a greater course that of the well being of the nation through this undeterred effort to face all odds with a might and will to achieve.

Imbibing the spirit of unity and discipline in its warp and welt is the prime motive of the NCC as spelt by its motto.

In keeping with the spirit of adventure, grouped with discipline and good will, the NCC facilitates to satisfy the alround physical growth. through a wide range of activities and adventure sports. Through multifaced activities they are taught to control their emotions and urges which leads to prepare them for a greater world. Through regularity, punctuality and dutiful chores the cadets are prepared to face the world in every way.

The NCC plans and conducts thrilling expeditions like mountaineering, rock-climbing, trekking and cycling. Adventure sports like parasailing, hang gliding, wind surfing, kayaking and parajumping are also undertaken by the cadets. through regular camps the NCC imparts weapon training to cadets so that they are able to make efficient use of personal weapons, Field crafts to develop the hunter instinct so that they are able to make effective use of the ground, map reading to reach their destination on any terrain, self de-

**N.C.C.as its training includes all facts which are valuable for the nations progress. Its discipline teaches to be humble in every walks of life. Its training teaches to be active in each and every aspects of life. Its main model is "Never accept the defeat till the last breath and raise every step for the good of the nation.**

**It is spreading the message of unity and discipline amongst the youth who are the torch bearers of the destiny of this nation. It helps inculcate (fix) in the cadets a determination., grit and will-power to face every odd situation in life. To combat the evil designs of the divisine forces a unique force like that of the unlightened youth is created by the NCC.**

fence to overcome any situation, self discipline to make them conscious citizen, nature awareness to incalculate values of environmental conservation to check its deterioration.

The NCC is an effort of mass mobilisation of human resources. To fulfill the aspirations of the youth it provides excellent opportunities to its cadets by providing incentives to pursue higher studies, opportunities to travel abroad through youth exchange programmes. The cadets have an added advantage of an easy entry to the Armed Forces once thay complete their 'c' certificate examinations. The NCC grooms the cadets for the defence services, if that be their choice.

Through various social service activities that they undertake they are made socially responsible and above all humanity grows in them from within. Through blood donation camps the cadets gets a feeling of worthness and his moral fabric is strengthened. They realize how a good deed on their part would help save a life and diminish human suffering through their thoughtfullness. Cadets also undertake such morally enriching activities like leprosy eradication programmes, slum cleaning, traffic controlling and adult education. All this invariably contributes to the vital process of nation building.

India take pride in its rich and cultural heritage. No other nation can boast of such customs and traditions like ours. There is unity in diversity. we may speak different languages but when we are together we think in union. understanding only the language of love untarnished by lingual, regional, social or religious bias. National integration camps organised by the NCC, from time to time are an excellent platfrom to train youth in lessons of peaceful to co-existence and communal harmony.

Education is not merely amassing knowledge but also developing an ability to lead a purposeful and meaningful life. Many of you might get notion that the NCC is just an organisation aiming to militarize our nation's youth. Far from it, sincerely strives to make every cadet a good human being with divine qualities of head and heart.

It is spreading the message of unity and discipline amongst the youth who are the torch bearers of the destiny of this nation. It helps inculcate (fix) in the cadets a determination., grit and will power to face every odd situation in life. To combat the evil designs of the divisine forces a unique force like that of the unlightened youth is created by the NCC.

With such a varied activism there can be no doubt that the NCC has become and indispensable orgainsation that can lead India in the 21st century and usher in prosperity and happiness into the country. A new vision and a new dynamism is the need of the hour. The NCC in its multifacious activities inbibes into the cadets this quality. we can be absolutely sure that, as in the past, again our country and its people will emerge victorious in every situations of crisis with flying colours.

For strong national character, unity and integration every child must join the NCC as they make an individual capable of dealing with life situations. If we are to eradicate terrorism, castism or regionalism then we must follow up the morals of the NCC.

യാസിർ ഹമീദ്
**II B.A. Sociology**

# നേതൃത്വം - ഇന്നലെ, ഇന്ന്, നാളെ?

സമൂഹത്തിന്റെ അടിസ്ഥാനപരമായ പ്രത്യേകത എന്തെന്നാൽ അത് മാറ്റത്തെ ഉൾക്കൊള്ളുന്നു എന്നതാണ്. ഇങ്ങനെ സമൂഹത്തിൽ മാറ്റങ്ങൾ സംഭവിക്കുമ്പോൾ അതിനു പ്രേരകമാവുന്ന ഒരുപാട് ഘടകങ്ങളുണ്ട്. ഇവയിൽ മുഖ്യപങ്ക് വഹിക്കുന്നത് നേതൃത്വമെന്ന പ്രതിഭാസമാണ്. ഒരു സമൂഹത്തെ അല്ലെങ്കിൽ ഒരു കൂട്ടത്തെ എങ്ങനെയൊക്കെ ചലിപ്പിക്കാനാകും എന്നത് ഒരു നേതാവിന്റെ പ്രതിഭയെ അനുസരിച്ചായിരിക്കും.

ഇന്ന് നമ്മുടെ രാഷ്ട്രംപോലും അഭിമുഖീകരിക്കുന്ന പ്രശ്നം ഉറച്ച നേതൃത്വത്തിന്റെ അഭാവം തന്നെ. രാഷ്ട്രീയകക്ഷികൾ ജനസംഖ്യാപെരുപ്പത്തിനുസൃതമായി പെരുകുമ്പോൾ രാഷ്ട്രത്തിന് സുസ്ഥിരമായ നേതൃത്വം നൽകാൻ കെൽപ്പുള്ള ഒരു നേതാവിനായി ഇനിയും എത്രനാൾ കാത്തിരിക്കണം? ഒരു ലോകസഭാ തിരഞ്ഞെടുപ്പുകൂടി സംജാതമാകുന്ന ഈ വേളയിൽ അടുത്ത തെരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ അണിയറയിൽ ആരംഭിക്കേണ്ട അവസ്ഥയിലാണ് ഇന്നത്തെ നമ്മുടെ രാഷ്ട്രീയ രംഗം. ഈ അവസ്ഥക്ക് മാറ്റം വരണമെങ്കിൽ നേതൃത്വഗുണം പരിപൂർണ്ണമായും ഉൾക്കൊണ്ട വ്യക്തികൾ ഉയർന്ന് വരണം.



എന്നാൽ ഇക്കാലത്ത് നേതൃത്വം, നേതാവ് എന്നീ പദങ്ങൾ പൊതുവെ രാഷ്ട്രീയരംഗവുമായി ബന്ധപ്പെട്ടതാണെന്ന് കരുതിപോവുന്നു. പക്ഷെ, ഒരു സമൂഹത്തേയോ, ഒരു കൂട്ടത്തേയോ അനുസൃതമായ രീതിയിൽ നയിക്കുന്ന ഏതൊരു വ്യക്തിയും ഒരു നേതാവാണെന്നതിൽ തർക്കമില്ല. മൃഗങ്ങളിൽ പോലും ഒരോ ഗണത്തെയും നയിക്കുന്ന നേതാക്കളെ നമുക്ക് കാണാവുന്നതാണ്.

ഒരു നേതാവ് തന്റെ കീഴിലുള്ള അണികളെ എങ്ങിനെ സ്വാധീനിക്കുന്നുവോ, അങ്ങിനെ അയാൾ അവരാൻ വിലയിരുത്തപ്പെടുന്നു. ചില ഗ്രൂപ്പുകളിൽ നേതൃത്വം എന്നത് ഒരു വ്യക്തിയെ കേന്ദ്രീകരിച്ചാവും. എന്നാൽ മറ്റുചില ഗ്രൂപ്പുകളിൽ നേതൃത്വം ഒരു കൂട്ടം നേതാക്കൾ പങ്ക്വെക്കുന്നു. നേതാവ് തന്റെ ഗ്രൂപ്പിനെ നയിക്കുന്നതോടൊപ്പം അതിനെ ക്രോഡീകരിക്കണം. പക്വമതിയായ നേതാവ് തീരുമാനങ്ങൾ എടുക്കുന്ന

തിൽ നിപുണനായിരിക്കണം.

## നേതൃത്വത്തിന്റെ വിവിധ രൂപങ്ങൾ.

നേതൃത്വത്തിന്റെ ശൈലിയിലുള്ള മാറ്റങ്ങൾ ഗ്രൂപ്പുകളുടെ പ്രവർത്തനത്തെയും സ്വാധീനിക്കും. ഒരു നേതാവ് പ്രവർത്തിക്കുന്ന സാഹചര്യങ്ങൾ നേതൃത്വത്തിന്റെ ശൈലിയെ വളരെയധികം സ്വാധീനിക്കും. പ്രധാനമായും നേതൃത്വം ആധികാരികം, ജനാധിപത്യം, അരാജകത്വം, അഭൗമം എന്നീ വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

### i) ആധികാരികം (അതോറിറ്റേറിയൻ)

ആധികാരിക നേതൃത്വം ഗ്രൂപ്പിന്റെ പൂർണ്ണ അധികാരവും അനുഭവിക്കുന്നതോടൊപ്പം സ്വേച്ഛാധിപരമായ താത്പര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കും. ഇവർ ഗ്രൂപ്പിന്റെ കേന്ദ്രമായി പ്രവർത്തിക്കും. ഇത്തരക്കാർ ഗ്രൂപ്പിനുള്ളിലെ ആശയവിനിമയം പരമാവധി കുറക്കാൻ ശ്രമിക്കും. ഇത്തരം നേതാക്കൾ തീരുമാനങ്ങൾ സ്വയം എടുക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയം ചെയ്യും. ഇവർ അനുയായികളുടെ അഭിപ്രായത്തിന് പ്രാധാന്യം കൊടുക്കാറില്ല. ഇവർ വെല്ലുവിളികൾക്കതീതമായി തങ്ങളുടെ അധികാരസാമ്രാജ്യം വളർത്തുവാൻ ഉൽകൃഷ്ടരായിരിക്കും. രാഷ്ട്രീയ അടിയന്തരാവസ്ഥ കാലങ്ങൾ, ഭീഷണിയോ, വിമർശനങ്ങളോ ഒഴിവാക്കാനാവാത്ത അവസ്ഥ അംഗങ്ങൾക്ക് എങ്ങിനെ പെരുമാറണമെന്ന് അറിയാതിരിക്കുമ്പോൾ തുടങ്ങിയ അവസരങ്ങളിൽ അതോറിറ്റിയൻ ലീഡർ അഥവാ ആധികാരിക നേതാവ് ഉയർന്ന് വരുന്നു.

ഇത്തരം സ്വേച്ഛാധിപന്മാർക്ക് ഒരു ഗ്രൂപ്പിനെ നിയന്ത്രിക്കാനാവും. പക്ഷെ ജനങ്ങളെ ഒരു നീണ്ടകാലയളവിലേക്ക് തൃപ്തിപ്പെടുത്താൻ ഇവർക്കാവില്ല. ഇവർ ജനങ്ങളുടെ ജനാധിപത്യ താല്പര്യങ്ങൾക്കും മാനുഷികമൂല്യങ്ങക്കും വിഘ്നം നിൽക്കുന്നു. പല പഠനങ്ങളിലും സ്വേച്ഛാധിപത്യ നേതൃത്വം അമാനുഷികബന്ധങ്ങൾ പടുത്തുയർത്തുന്നു. ഹിറ്റ്ലർ, മുസ്സോളിനി, സാർ ചക്രവർത്തി, ലൂയി പതിനാലാമൻ തുടങ്ങി ഒരുപാട് നേതാക്കൾ ഈ പാതയിലൂടെ വളർന്നുവന്നത് ചരിത്രം പരിശോധിച്ചാൽ അറിയാനാകും.

### (ii) ജനാധിപത്യനേതൃത്വം (ഡെമോക്രാറ്റിക്)

ജനാധിപത്യനേതൃത്വം അംഗങ്ങളുടെ ഇടപെടലുകളെ പ്രോത്സാഹിപ്പിക്കുന്നു. ഇവർ പരസ്പര ആശയവിനിമയത്തെ അംഗീകരിക്കുന്നു. അംഗങ്ങൾ തമ്മിലുള്ള സഹകരണവും ആശയസ്വാതന്ത്ര്യവും ഈ ഗണത്തിൽ കൂടുതലുണ്ടാവും. ഇവർ തങ്ങളുടെ ഗ്രൂപ്പിനായി പ്രവർത്തിക്കുകയും നിലകൊള്ളുകയും ചെയ്യുന്നു.

ഒരു ജനാധിപത്യ നേതാവ് കൂടുതൽ ക്ഷമാശീലനും ഉൾക്കൊള്ളാൻ സന്നദ്ധനും വിട്ടുവീഴ്ചാമനോഭാവിയും ആയിരിക്കും. ഇവർ മാനുഷിക ഗുണങ്ങളായ അനുകമ്പ, ദയ, മാനവികത തുടങ്ങിയവ പ്രകടിപ്പിക്കും. ഇവർക്ക് തങ്ങളുടെ അനുയായികളെ തൃപ്തരാക്കുന്നതിലുള്ള നൈപുണ്യം വളരെ കൂടുതലാണ്. ജനാധിപത്യനേതൃത്വം സോഷ്യലിസത്തേയും സാമൂഹ്യനീതിയേയും ഉയർത്തിപ്പിടിക്കാൻ നിലകൊള്ളുന്നതായിരിക്കണം. ഇന്നത്തെ സമൂഹത്തിൽ ജനാധിപത്യ നേതൃത്വത്തെ കൂടുതൽ പ്രായോഗികമായി കണക്കാക്കുന്നുവെന്നതിന് ഏറ്റവും വലിയ ഉദാഹരണം ഇന്ന് ലോകത്തെ ബഹുഭൂരിഭാഗം രാജ്യങ്ങളും സമൂഹങ്ങളും ജനാധിപത്യനേതൃത്വത്തിന് കീഴിലക്കുന്നു എന്നതുതന്നെ.

### (iii) അരാജകത്വ നേതൃത്വം (ലെസഫെയർ)

അരാജകത്വ നേതൃത്വം പേർപോലെ തന്നെ അരാജകത്വം നിറഞ്ഞ അവസ്ഥ നല്കുന്നു. ഇതിനെ ലെസ ഫെയർ എന്നു പറയപ്പെടുന്നു. ഇക്കൂട്ടർ അനുയായികളെ ഒരുമിച്ച് നിർത്തുമ്പോഴും അവർക്ക് വേണ്ട നിർദ്ദേശം നല്കുന്നതിൽ പരാജയപ്പെടുന്നു. പൊതുവെ ഇത്തരം നേതാക്കൾ അംഗീകരിക്കപ്പെടാറില്ല. എങ്കിലും ഇവർ ജനമധ്യത്തിൽ അംഗീകരിക്കപ്പെടുന്നു എന്ന തോന്നൽ ഇവരിൽ ഉളവാകാറുണ്ട്. പക്ഷെ ഇവർ അനുസരിക്കപ്പെടാറില്ല. ഇവരുടെ നിർദ്ദേശങ്ങൾ അംഗങ്ങളുടെ ഇടയിൽ സ്വീകാര്യമല്ല. മാത്രവുമല്ല ഇവർ തങ്ങളുടെ അനുയായികൾക്ക് പ്രചോദനം ആവാറുമില്ല. ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെയും താത്പര്യങ്ങളെയും ഇവർ പ്രതികൂലമായി ബാധിച്ചേക്കും. ചില സാഹചര്യങ്ങളിൽ സ്വേച്ഛാധിപത്യ നേതൃത്വത്തിന് വഴിതെളിക്കാൻ ഇത്തരം നേതൃത്വങ്ങൾ നിമിത്തമാകാറുണ്ട്. ഇവിടെ തീരുമാനങ്ങൾ എടുക്കുന്നുത്പോലും അനുയായികൾ തന്നിഷ്ടപ്രകാരമാണ്.

### (iv) അഭൗമ നേതൃത്വം (കരിഷ്മാറ്റിക്)

പ്രധാനമായും മതങ്ങളുമായി ബന്ധപ്പെട്ട ആത്മീയ നേതാക്കളിലാണ് അഭൗമ നേതൃത്വം പ്രകടമാക്കുന്നത്. ഇവർ ആളുകളെ തങ്ങളിലേക്ക് ആകർഷിക്കും. ഇവരിൽ ഒരുതരം ഹലോ ഇമേജ് (Hallow Image) ഉണ്ടാകേണ്ടതാണ്. ഇത്തരം വ്യക്തികളെ അനുയായികൾ ആരാധനാപൂർവ്വം വീക്ഷിക്കുന്നു. അവരുടെ നിർദേശങ്ങൾ കല്പനകളായല്ല. മറിച്ച് ഉപദേശങ്ങളായാണ് അനുയായികളിൽ എത്താറുള്ളത്. അമാനുഷികമായ ഒരു സിദ്ധി ഇവർക്കുണ്ടാകും. പക്ഷേ, ചില ആത്മീയ നേതാക്കളുടെ പൗരാണി ചിത്രങ്ങൾ പരിശോധിച്ചാൽ അവരുടെ തലയ്ക്കുചുറ്റും ഒരു പ്രഭാവലയം കാണാനാകും. ഇതിനെയാണ് സോഷ്യൽ സൈക്കോളജിയിൽ ഗാലോ ഇമേജ് എന്ന് പറയുന്നതും. ഇവർക്ക് മതപരമായ പരിവേഷം നൽകിപ്പോകുന്നു. ശ്രീബുദ്ധൻ, മുഹമ്മദ്നബി, യേശുക്രിസ്തു, ശ്രീനാരായണ ഗുരു തുടങ്ങി നാനാ മതനേതാക്കലിലും പ്രവാചകരിലും ഒളി ചിന്നിയിരുന്നത് അഭൗമ നേതൃത്വം തന്നെയായിരുന്നു.

## നേതൃത്വത്തിന്റെ വളർച്ച.

ഒരു നേതാവിന്റെ മികവ് പ്രധാനമായും വ്യക്തിത്വത്തെ ആശ്രയിച്ചായിരിക്കും വളർന്ന് വരുക. ഒരാളുടെ വ്യക്തിത്വം വികസിക്കുമ്പോൾ അയാളിലെ നേതൃഗുണവും വികസിക്കുന്നു. മുഖ്യമായും ഒരു നേതാവിന്റെ ആശയവിനിമയ പാടവം അയാളിലെ വ്യക്തിപ്രഭാവത്തെ അളക്കാൻ സഹായിക്കും. ഒരു വിഷയം താൻ എങ്ങിനെ അവതരിപ്പിക്കുന്നു, അത് തന്റെ അനുയായികൾ എങ്ങനെ ഉൾക്കൊണ്ടു എന്നതൊക്കെ വളരെ പ്രധാനമാണ്. ഒരു നേതാവ് ജനിക്കുകയല്ല മറിച്ച് രൂപ്പെടുകയാണ് (A Leader is not born but he is made) എന്ന് മുൻ അമേരിക്കൻ ലിങ്കൺ അഭിപ്രായപ്പെടുന്നു. ഒരു നേതൃത്വത്തെ പടുത്തുയർത്തുന്നതിൽ പരിസ്ഥിതിപരമായ ഘടകങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ഇത്തരം പാരിസ്ഥിതികപ്രശ്നങ്ങൾ ട്രൈംതിയറിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. അനുയോജ്യവും അനുസ്യൂതവുമായ പരിശീലനത്തിലൂടെ ഒരു മികച്ച നേതാവിനെ (Effective Leader) പടുത്തുയർത്താൻ കഴിവും എന്ന സാമൂഹ്യശാസ്ത്രജ്ഞർ വിശ്വസിക്കുന്നു. അതിനായി അവർ സ്ഥലം, സമയം എന്നീ ഘടകങ്ങൾ ഊന്നൽ കൊടുക്കുന്നു.

## നേതൃത്വത്തിന്റെ ധർമ്മങ്ങൾ

നേതൃത്വത്തിന്റെ ധർമ്മങ്ങളെ പ്രധാനമായും രണ്ടായി വിഭജിക്കുന്നു. ഇവയിൽ തീരുമാനമെടുക്കൽ, നിപുണത, മറ്റു ഗ്രൂപ്പുകളിലെ അംഗീകാരം, ആന്തരിക ബന്ധങ്ങളിലെ നിയന്ത്രണം, ഒത്തുതീർപ്പുകളും മധ്യസ്ഥനയങ്ങളും, അനുമോദനങ്ങളും ശിക്ഷയും നല്കൽ തുടങ്ങിയവ പ്രാഥമിക ധർമ്മത്തിൽപെടുന്നു. എന്നാൽ അനുകരണീയത, തത്വസംഹിത, ഗ്രൂപ്പിന്റെ അടയാളമാകുക തുടങ്ങിയ ഗുണങ്ങൾ മറ്റു ഘടകമായും വിലയിരുത്തപ്പെടുന്നു.

## നേതൃത്വത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

ഒരു മികച്ച നേതൃത്വത്തിന് അല്ലെങ്കിൽ നേതാവിന് ഉണ്ടായിരിക്കേണ്ട ഒരുപാടു ഗുണങ്ങളുണ്ട്. ഇവയെല്ലാം ഒത്തുവരുന്ന നേതാക്കൾ അപൂർവ്വമായേ ഉണ്ടാകാറുള്ളൂ. ഇങ്ങനെ ഉയർന്നുവരുന്ന നേതാക്കൾ പലപ്പോഴും ഒരു കാലഘട്ടമായി മാറിയിട്ടുണ്ട്. ഒരു നേതാവ് തന്റെ പ്രാപ്തി, ആന്തരോദ്ദേശം തുടങ്ങിയവ മനസ്സിലാക്കിയിരിക്കണം. സമീകരിക്കുവാനുള്ള മനസ്സുണ്ടാവുക, ഗ്രൂപ്പിലെ അംഗങ്ങാൽ തിരിച്ചറിയപ്പെടുക തുടങ്ങിയവ ഒരു ഉയർന്ന നേതൃത്വത്തിന്റെ അടിസ്ഥാനപരമായ ഗുണങ്ങളാണ്. ലോകപ്രശസ്ത ചിന്തകനായ ആൽപോർട്ടിന്റെ വാദത്തിൽ അംഗീകരിക്കൽ, കായികക്ഷമത, ധൈര്യം, നയങ്ങളും, അത്യുത്സാഹവും, സാമൂഹിക പ്രതിബദ്ധത, ഊർജ്ജത്തെ ശക്തിപ്പെടുത്തൽ തുടങ്ങിയവ ഒരു ഉയർന്ന നേതാവിനുണ്ടായിരിക്കേണ്ട ഗുണങ്ങളാണ്. എന്നാൽ മറ്റൊരു ചിന്തകനായ ബൊഗാഡ അഭിപ്രായപ്പെടുന്നതിനങ്ങനെയാണ്. "ജനാധിപത്യപരവും, വാസ്തവപരവുമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന, അത്യുൽസാഹിയായ സുഹൃത്തും ധീരനുമായ മികച്ച നേതാവിനേ ദയയും ആശ്രയത്വവുമുണ്ടാകൂ.

ഒരു മികച്ച നേതൃത്വത്തിനുണ്ടായിരിക്കേണ്ട പഞ്ചഗുണങ്ങളെ "സ്റ്റോഗ്ഡിൽ" വിലയിരുത്തുന്നതിങ്ങനെയാണ്.

1). പ്രാപ്തി (ബുദ്ധിശക്തി, ആശയവിനിമയപാടവം തുടങ്ങിയവ)

2). നേട്ടങ്ങൾ (വിദ്യാഭ്യാസം, അറിവ്, പ്രതിഭ തുടങ്ങിയവ)

3). ഉത്തരവാദിത്തം (വിശ്വാസയോഗ്യത, ആത്മവിശ്വാസം തുടങ്ങിയവ)

4). പങ്കെടുക്കൽ (സ്പഷ്ടത, ധർമ്മബോധം, തുടങ്ങിയവ)

5). പദവി (ജനസമ്മതിയിലുള്ള സ്വാധീനം, കുടുംബപശ്ചാത്തലം തുടങ്ങിയവ)

ഇതൊക്കെ ഒരു വ്യക്തി ആർജ്ജിച്ചെടുക്കേണ്ട ഗുണങ്ങളാണ്. ഇത്തരം ഗുണങ്ങൾ ഒത്തുചേർന്ന വ്യക്തികളെ നമുക്ക് ഒരു മികച്ച നേതാവായി പരിഗണിക്കാം. ഈ അവസ്ഥയിലുള്ള വ്യക്തികൾ ഏതു ഗ്രൂപ്പിൽ ചെന്നാലും ഉടൻ ശ്രദ്ധിക്കപ്പെടുകയും, പതിയെ നേതൃത്വത്തിലേക്ക് ഉയർന്നു വരുകയും ചെയ്യുന്നു. ഒരു സമുന്നതനായ നേതാവ് എപ്പോഴും തന്റെ ഗ്രൂപ്പിനതീതമായി ഇടപഴകാൻ കഴിവുള്ളവനാകണം. മറ്റു ഗ്രൂപ്പുകളാലും അംഗീകരിക്കപ്പെടുന്ന നേതാക്കൾ ഒരു തരം 'സുപ്രീം' പദവി കാംക്ഷിക്കുന്നു.

അന്തർമുഖത, അലസത, കൃത്യനിഷ്ഠതയില്ലായ്മ, പറഞ്ഞ വാക്കു പാലിക്കാതിരിക്കുക, തീവ്രവാദപരമായ ചിന്താഗതി, സ്വാർത്ഥത തുടങ്ങിയവ ഒരു നേതാവിന് ഉണ്ടാകാൻ പാടില്ലാത്ത ശീലങ്ങളാണ്. ഇന്ന് സമൂഹത്തിലുള്ള അരാജകാവസ്ഥ മാറ്റുവാൻ കഴിവുള്ള നേതൃത്വം വളർന്നുവരേണ്ടതുണ്ട്. മേൽപറഞ്ഞ ഗുണമുള്ള നേതാവ് സമൂഹത്തിലെ ചുക്കാൻ പിടിക്കാൻ ഉയർന്നുവന്നാൽ ഇന്നിന്റെ ദൂഷ്യഫലങ്ങളെ ഒരു പരിധിവരെ മാറ്റുവാൻ കഴിയും. വർത്തമാന കാമ്പസുകളിൽ നക്ഷത്രങ്ങൾക്കിടയിലെ സൂര്യനെപ്പോലെ ഉദിച്ചുയർന്ന് തന്റെ പ്രഭയാൽ മറ്റുള്ളവർക്ക് വെളിച്ചം പകരുന്ന വ്യക്തിത്വങ്ങൾ ഉയർന്നുവരുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●

**കെ.വി.വിജയൻ**
I B.A. Malayalam

# പരിണാമത്തിന്റെ പരിവേദനം

**ഭാരതത്തിന്റെ പുണ്യനദിയെന്ന് നാം വിളിയ്ക്കുന്ന ഗംഗയിലേക്ക് ഏകദേശം 132 വ്യവസായ ശാലകൾ മാലിന്യം ഒഴുക്കി വിടുന്നുവെന്ന് റിപ്പോർട്ടുകൾ കാണിക്കുന്നു. പുണ്യനദിയിൽ മുങ്ങി പൊങ്ങുന്ന ഭക്തന്റെ തലയ്ക്കു മുകളിലൂടെ ശവശരീരങ്ങൾ ഒഴുകിപ്പോകുന്നുവെന്നതും ഈ നദിയുടെ മാത്രം പ്രത്യേകതയാണ്.**



മനുഷ്യരാശിയുടെ പുരോഗമനത്തിന് വ്യവസായികവിപ്ലവങ്ങൾ മുതൽക്കൂട്ടായി. അത്യാധുനിക സംവിധാനങ്ങൾ വളരെയധികം സാമ്പത്തിക അഭിവൃദ്ധിയും മനുഷ്യന്റെ അടിസ്ഥാന സൗകര്യങ്ങളെ ഏറ്റവും സുഖകരവും സൗകര്യപ്രദമാക്കുന്നതിലും വിജയിച്ചു. അവയെല്ലാംതന്നെ ആവിഷ്കരിച്ചപ്പോൾ സുഖം അന്വേഷിച്ചുള്ള യാത്രവീണ്ടും തുടരുവാൻ പ്രേരണ നൽകി. ശേഷം ഉണ്ടാക്കുന്ന വിപത്തുകളേക്കുറിച്ച് അന്ന് മനുഷ്യൻ ചിന്തിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ വിഷമയമായ ഒരു അന്തരീക്ഷത്തിൽ നമുക്ക് ജീവിക്കേണ്ടിവന്നു. ഗർഭസ്ഥശിശുവിനെപോലും മുരടിപ്പിക്കുന്ന രാസവസ്തുക്കൾ ഇന്ന് ഈ ഭൂപടലം മുഴുവൻ വ്യാപിച്ചിരിക്കുന്നത് നമ്മെ ഭയപ്പെടുത്തുന്നില്ലേ?

വനനശീകരണത്തിൽ തുടങ്ങി ജലമലിനീകരണമായും ഊർജ്ജതലപ്രതിസന്ധിയായും വളർന്ന പരിസ്ഥിതി പ്രശ്നം നേർത്ത് വരുന്ന ഓസോൺ പടലത്തിൽ എത്തിനിൽക്കുകയാണ്. ശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ പ്രകൃതിയെ ശ്രദ്ധിക്കാതെ വിനിയോഗിച്ചതിന്റെ ഫലമാണ് നാമിന്ന് കഴിച്ചുകൊണ്ടിരിക്കുന്നത്.


ഭൂമിയുടെ നിലനിൽപ്പ് അവതാളത്തിലാക്കുന്നവയാണ് ഇന്നത്തെ വ്യവസായ ശൃംഖലകൾ. മലിനീകരണം ഏറ്റവും അധികം നടക്കുന്നതും ഇന്ന് വ്യവസായങ്ങളിലാണ്. അതുകൊണ്ട് വ്യവസായം ഉപേക്ഷിക്കുക എന്നതല്ല മറിച്ച് ശരിയായ ശുദ്ധീകരണസംവിധാനങ്ങളോ, മലിനീകരണ നിയന്ത്രണസംവിധാനമോ വ്യവസായങ്ങൾക്കൊപ്പം വേണ്ടിയിരിക്കുന്നു. കാർബൺ ഭൂമിയിൽ ചൂട് നിലനിർത്തുവാൻ അത്യാവശ്യഘടകമാണ്. എന്നാൽ കാർബൺ കൂടിക്കഴിഞ്ഞാൽ ചൂട് അത്യധികമാകും. അന്തരീക്ഷത്തിൽ 0.03% മാത്രമാണ് കാർബൺ ഡൈ ഓക്സൈഡ് ഉള്ളത് എന്നാൽ എല്ലാവർഷവും 1.8 ബില്യൺ ടൺ കാർബൺഡൈഓ

ക്സൈഡ് അന്തരീക്ഷത്തിലേക്ക് ബഹിർഗമിക്കുന്നു. ഓരോ ഇരുപത്തിയഞ്ച് വർഷത്തിലും $2^\circ$ (ഡിഗ്രി) മുതൽ $6^\circ$ വരെ അന്തരീക്ഷത്തിൽ താപനില ഉയരുന്നുണ്ട്. ഈ നില തുടർന്നാൽ താഴ്ന്ന പ്രദേശങ്ങൾ പ്രത്യേകിച്ച് ചെറുദ്വീപുകൾ എല്ലാംതന്നെ 2050 ആകുമ്പോൾ കടൽ മൂടും എന്നാണ് നിഗമനം.

അന്തരീക്ഷത്തിലേക്ക് തള്ളുന്ന കാർബൺഡൈഓക്സൈഡിന്റെ 22% അമേരിക്കയിൽനിന്നുമാണ്. ജർമനി 3.2% മാണ്. 2005 ആകുമ്പോഴേക്കും ഇപ്പോൾ ഉള്ളതിന്റെ 25% കുറയ്ക്കുമെന്ന് ജർമൻ വ്യവസായശാലകൾ തീരുമാനിച്ചുകഴിഞ്ഞു. തീപിടിക്കാത്തതും ഊഷ്മാവ് ക്രമീകരിക്കാൻ ഏറ്റവും നല്ല ഉപാധിയുമായ CFC (Cloro Fluro Carbon) ഉപയോഗിക്കാമെന്ന കണ്ടെത്തൽ ശാസ്ത്രത്തിന് വലിയ നേട്ടമായിരുന്നു. റഫ്രിജറേറ്റിങ്ങ് സിസ്റ്റത്തിന് ഉപയോഗിക്കുന്ന CFC ഭൂമിയുടെ ഓസോൺ കവചത്തിന് വൻനാശം വരുത്തുന്നു. ഒരു CFC തന്മാത്ര 1000000 ഓസോൺ തന്മാത്രകളെ നശിപ്പിക്കുന്നു. മനുഷ്യനെ മാത്രമല്ല സസ്യങ്ങളേയും ഓസോൺ ശോഷണം ദോഷകരമായി ബാധിക്കുന്നു. ഓസോൺ വിള്ളലിലൂടെ ഭൂമിയിൽ പതിക്കുന്ന അൾട്രാവയലറ്റ് രശ്മികൾ സസ്യങ്ങളിൽ ഉണ്ടാക്കുന്ന മുഖ്യതകരാറ് വളർച്ച മുരടിപ്പാണ്. അൾട്രാവയലറ്റ് രശ്മികളുടെ പ്രവർത്തനഫലമായി വളർച്ചയെ മന്ദീഭവിപ്പിക്കാൻ കാരണമായ ചില പദാർത്ഥങ്ങൾ സസ്യങ്ങളിൽ രൂപപ്പെടുന്നുവെന്നാണ് ഇതിന് കാരണം. തണ്ടുകളുടെ നീളംവെയ്ക്കലിന് നിദാനമായ ഇന്റോൺ അസറ്റിക്ക് ആസിഡ് ഫോട്ടോ ഓക്സിഡറി ഉൽപന്നങ്ങളായി വിഭജിക്കപ്പെടുകയും ചെയ്യും. ഇലകളുടെ വലിപ്പവും വിസ്തൃതിയും കുറയാനും യു.വി റേഡിയേഷൻ കാരണമാകുന്നുണ്ട്. സസ്യങ്ങളുടെ മൊത്ത ശരീരഭാഗം കുറയാൻ അൾട്രാവയലറ്റ് രശ്മികൾ കാരണമാകും എന്നാണ് മറ്റൊരു നിരീക്ഷണം. സസ്യങ്ങളിലെ പ്രകാശവിശ്ലേഷണം മന്ദീഭവിപ്പിക്കുന്നതിലൂടെയാണ് വളർച്ചയും, ശരീരഭാഗവും, വിളവും യു.വി. രശ്മികൾ കുറയ്ക്കുക.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം വൻകിട വ്യവസായങ്ങളെക്കാൾ ഏറ്റവുമധികം SSI (Small Scale Industries) യൂണിറ്റുകളാണ്. ലാഭം കുറഞ്ഞുപോയേക്കാം എന്ന ഭയത്താൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നില്ല. ഭാരതത്തിന്റെ പുണ്യനദിയെന്ന് നാം വിളിയ്ക്കുന്ന ഗംഗയിലേക്ക് ഏകദേശം 132 വ്യവസായ ശാലകൾ മാലിന്യം ഒഴുക്കിവിടുന്നുവെന്ന് റിപ്പോർട്ടുകൾ കാണിക്കുന്നു. പുണ്യനദിയിൽ മുങ്ങി പൊങ്ങുന്ന ഭക്തന്റെ തലയ്ക്കു മുകളിലൂടെ ശവശരീരങ്ങൾ ഒഴുകിപ്പോകുന്നുവെന്നതും ഈ നദിയുടെ മാത്രം പ്രത്യേകതയാണ്.

പരിസരമലിനീകരണവും അന്തരീക്ഷമലിനീകരണവും ഒഴിവാക്കാൻ സ്വിസ് ശാസ്ത്രജ്ഞന്മാർ രംഗത്തിറങ്ങിയിരിക്കുന്നു. സ്വീഡനിലെ ABB ഫ്ലക്റ്റ് ഇൻഡസ്ട്രിയുടെ സഹകരണത്തോടെ സ്വിറ്റ്സർലന്റിലെ ലൂസേണിൽ ഉള്ള ശാസ്ത്ര ഗവേഷണസ്ഥാപനമാണ് മലിനീകരണത്തിനെതിരെ പുതിയ സംവിധാനം തയ്യാറാക്കിയത്. വെറ്റ് സ്റ്റേജ് സ്ക്രബർ യൂണിറ്റും ഫിൽ സോർപ്ഷൻ യൂണിറ്റും ചേർത്ത് മാലിന്യ സംസ്കരണത്തിന് ഏറ്റവും ആധുനികവും ചിലവ് കുറഞ്ഞതുമായ സംവിധാനം ഒരുക്കിയിരിക്കുന്നു.



ഇന്ത്യ നേരിടുന്ന മറ്റൊരു ഭീഷണിയാണ് കരിയും സൾഫേറ്റും, നൈട്രേറ്റുകളും മറ്റുമടങ്ങുന്ന ഒരു ഇരുണ്ട പാട. അറബിക്കടലിന്റേയും ബംഗാൾ ഉൾക്കടലിന്റെയും മുകളിൽ വായുവിൽ വ്യാപിച്ചിരിക്കുന്നു എന്ന കണ്ടെത്തൽ ഒരുകോടി ചതുരശ്ര കിലോമീറ്റർ വരെ ഇപ്പോൾ ഇതു പരന്നിട്ടുണ്ടത്രെ.

ഇന്ത്യ നേരിടുന്ന മറ്റൊരു ഭീഷണിയാണ് കരിയും സൾഫേറ്റും, നൈട്രേറ്റുകളും മറ്റുമടങ്ങുന്ന ഒരു ഇരുണ്ട പാട. അറബിക്കടലിന്റേയും ബംഗാൾ ഉൾക്കടലിന്റെയും മുകളിൽ വായുവിൽ വ്യാപിച്ചിരിക്കുന്നു എന്ന കണ്ടെത്തൽ ഒരുകോടി ചതുരശ്ര കിലോമീറ്റർ വരെ ഇപ്പോൾ ഇതു പരന്നിട്ടുണ്ടത്രെ. പ്രകൃതിയുടെ സമതുലനത്തിനും, സമുദ്രജീവികളുടെ നിലനിൽപ്പിനും മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെ സുരക്ഷിതത്വത്തിനും ഇതു ഭീഷണിയാണ്. ഇതിന് പ്രധാനകാരണം വ്യവസായ സ്ഥാപനങ്ങളും മോട്ടോർ വാഹനങ്ങളുംതന്നെയാണ്. ഈ അഴുക്കുപാട വേനലായാൽ കടൽക്കാറ്റിനൊപ്പം കരയ്ക്കുമിതെ എത്തുന്നു. പിന്നെ വടക്കുപടിഞ്ഞാ

റൻ മൺസൂൺ കാലത്ത് ഈ അഴുക്കുപാടയിലെ കാർബണും നൈട്രേറ്റും സൾഫേറ്റുമൊക്കെ ഭൂമിയിലേക്ക് പെയ്തൊഴുകും. ഫലമോ കനത്ത ആസിഡ് മഴ അന്തരീക്ഷത്തെ ഒരേ സമയം തന്നെ ചൂടാക്കാനും തണുപ്പിക്കാനും കഴിയുന്ന ഈ അഴുക്കുപാടയ്ക്കെതിരെ ഇന്ത്യയ്ക്ക് ഇതുവരെ ചെയ്യാൻ കഴിഞ്ഞത് പഠനം മാത്രമാണ് പഠനം നടത്തിയാൽ പരിസ്ഥിതി പ്രശ്നത്തിന് പരിഹാരമാകും എന്നാണ് ശാസ്ത്രജ്ഞരുടെ വിശ്വാസം.

ഭൂമിക്ക് ഭീഷണിയൊരുക്കുന്നതും ഇന്ന് മനുഷ്യന് അത്യന്താപേക്ഷിതവുമായ ഒരു സാധനമാണ് പ്ലാസ്റ്റിക്. പ്ലാസ്റ്റിക് ക്രമാതീതമായി ഉപയോഗിക്കുന്നതും അശ്രദ്ധയോടെ വലിച്ചെറിയുന്നതും വലിയ അപകടത്തിലേക്കാണ് നയിക്കുന്നത്. 2010 ആകുമ്പോൾ ഭൂമിയെ പൂർണ്ണമായും ഒരിഞ്ച് കനത്തിൽ പൊതിയുവാൻ മാത്രമുള്ള പ്ലാസ്റ്റിക് കവറുകൾ ഉണ്ടാകുമെന്നാണ് നിഗമനം. പ്ലാസ്റ്റിക് ലയിക്കുവാൻ കുറഞ്ഞത് 400 വർഷമെങ്കിലും വേണം. പ്ലാസ്റ്റിക് കുപ്പികളിൽ വയിച്ചു ചേർന്നിട്ടുള്ള ബിസ്ഫിനോൾ എന്ന രാസവസ്തു ലൈംഗിക വിഭ്രാന്തിയുണ്ടാക്കുമെന്ന് കണ്ടെത്തിയിരിക്കുന്നു. സാധാരണയായി നമ്മൾ ഉപയോഗിക്കുന്നത് ആറുതരം പ്ലാസ്റ്റിക്കാണ്.



1. PVC (Poly vinyl choloride) പൈപ്പുകൾ നിർമ്മിക്കുന്നു.

2. LDP (Low density Poly Elthene) കവറുകൾ നിർമ്മിക്കുന്നു.

3. HDP (High Density Poly Ethlene) ഐസ് ക്ലേറ്ററുകൾ നിർമ്മിക്കുന്നു.

4. Poly Ethlene Terra - താലേറ്റുകൾ. പെറ്റം ജാറുകൾ ഇവ നിർമ്മിക്കുന്നു.

5. Poly Propalene - ഫിലിം നിർമ്മിക്കുന്നു.

6. PUF - Poly Urethene Form - Dispossible Plates, Glasses എന്നിവ ഉണ്ടാക്കുന്നു.

സംസ്കരിക്കാൻ കഴിയാത്ത ഈ പോളിത്തീൻ കത്തിക്കുന്നത് അന്തരീക്ഷത്തിന് ഭീഷണിയാണ്. വലിച്ചെറിയപ്പെടുന്ന കവറുകൾ ഭൂമിയിൽ പലതരം പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാക്കുന്നു. എന്നാൽ പ്ലാസ്റ്റിക് സഞ്ചികൾ നിരോധിക്കാൻ ഇതുവരെ അധികൃതർ ഒന്നും ചെയ്തിട്ടില്ല എന്നത് വളരെ ദയനീയമാണ്. ആദ്യനടപടിയെന്നോണം കനംകുറഞ്ഞ പ്ലാസ്റ്റിക് സഞ്ചികൾ നിരോധിക്കുക എന്നത് അത്യന്താപേക്ഷിതമാണ്.

ഭൂമിയിലിങ്ങനെ പലതരത്തിലുള്ള മലിനീകരണങ്ങൾ നിയന്ത്രിച്ചാൽ തീരാത്തവിധം ആയിരിക്കുന്നു. ഇനി ഓരോ പൗരനും പരിസ്ഥിതിയെ മനസ്സിലാക്കി പ്രവർത്തിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടത് അനിവാര്യമായിരിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കേണ്ടതാണ്. എല്ലാം അറിഞ്ഞുകൊണ്ടും നാം ഇനിയും പ്രകൃതിയെ ചൂഷണം ചെയ്താൽ മനുഷ്യവാസയോഗ്യമല്ലാത്ത രീതിയിൽ ഭൂമി ആയിത്തീരും എന്നതിൽ സംശയമില്ല. പ്രകൃതിയുടെ തിരിച്ചടിക്ക് ശാസ്ത്രീയകാരണങ്ങൾ കണ്ടെത്തിയത്കൊണ്ട് കാര്യമില്ല. നിയന്ത്രണം ഏർപ്പെടുത്തുകതന്നെ വേണം. കാരണം മനുഷ്യന്റെ നിലനിൽപാണല്ലോ പ്രധാനം. □

കെ. ബാലൻ
മലയാളവിഭാഗം.

# പേരും പൊരുളും

പേരും പൊരുളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടാകേണ്ടതുണ്ടോ? ഈ ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം കണ്ടെത്തുക എളുപ്പമല്ല. പണ്ടുകാലത്ത് രാജകുടുംബങ്ങളിൽ ചില പ്രത്യേക പേരുകളേ പതിവുണ്ടായിരുന്നുള്ളൂ. അഭിജാതർക്കുമാത്രമായി കുറെ പേരുകൾ സംവരണം ചെയ്യപ്പെട്ടിരുന്നുവെന്ന് ചുരുക്കം. ഈ പതിവ് കിഴക്കായാലും പടിഞ്ഞാറായാലും മാറ്റമില്ലാതെ നടപ്പുണ്ടായിരുന്നു. അങ്ങനെയാണ് ജെയിംസ് ഒന്നാമൻ, രണ്ടാമൻ തൊട്ടുള്ള പേരുകളും ചാൾസ് ഒന്നാമൻ, രണ്ടാമൻ, ലൂയി ഒന്നാമൻ തൊട്ട് പതിനാറാമൻ വരെയും. ആറാം ജോർജ് തിരുമേനിയും സാർ നിക്കോളസ് രണ്ടാമനും ഒക്കെ ഉണ്ടായത് ഏതാണ്ടിതേ ന്യായം തന്നെയാണ് നമ്മുടെ രാജാക്കന്മാരെയും രാജ്ഞിമാരേയും നക്ഷത്രം ചേർത്ത് വിളിച്ചുവന്നതിന്റെ പുറകിലും ഉണ്ടായിരുന്നത്. പഴയ നമ്പൂരാർക്കിടയിലും ചില പ്രത്യേക പേരുകൾ മാത്രമേ പതിവുണ്ടായിരുന്നുള്ളുവെന്നതും സ്മരിക്കാവുന്നതാണ്.

നാമകരണം ആരോടെങ്കിലുമൊക്കെ പ്രതിഷേധിക്കാനായലോ? കുട്ടനാട്ടിലെ പുലയർ കേരളത്തിലെ ജന്മിജാതി വ്യവസ്ഥയിൽ അങ്ങേയറ്റം പീഡനമനുഭവിച്ചവരാണ്. ചങ്ങമ്പുഴ, തകഴി, ലളിതാംബിക അന്തർജനം തുടങ്ങിയവരുടെ രചനകളിൽ പീഡിതരായ ഈ ജനവിഭാഗത്തെ നമുക്കിന്നും കണ്ടെത്താവുന്നതാണ്. ക്രൂരപീഢനങ്ങൾ ഏറ്റുവാങ്ങിയിരുന്ന ഇക്കൂട്ടർക്ക് തമ്പുരാക്കന്മാരോട് അമർഷം ഉണ്ടാവുക സ്വാഭാവികം. പക്ഷെ ആ പരിതഃസ്ഥിതിയിലാണ് സ്വന്തം മക്കളുടെ പേരിടലിൽകൂടി പ്രതിഷേധം തീർക്കാൻ ഇവർ ശ്രമിച്ചത്. ദേവൻ, തമ്പുരാൻ തുടങ്ങിയ പേരുകൾ പുലയർക്കിടയിൽ സർവസാധാരണമായതിന്റെ കാരണം ഇതായിരിക്കാമെന്ന് തോന്നുന്നു. എടോ തമ്പുരാനെ എന്ന് തമ്പ്രാനെ സ്വപ്നത്തിൽ കൂടി വിളിക്കാൻ ധൈര്യപ്പെടാതിരുന്ന കുട്ടനാടൻ പുലയന് സ്വന്തം മകനെ എടാ കഴുവെറി മോനെ തമ്പുരാനെ എന്ന് ധൈര്യപൂർവ്വം വിളിക്കാനും ശാസിക്കാനും ഇതുവഴി സാധിച്ചിരുന്നു. അവരുടെ പ്രതിഷേധം അങ്ങനെ അല്പമെങ്കിലും പ്രകടിപ്പിക്കാനും.

> ചങ്ങമ്പുഴ, തകഴി, ലളിതാംബിക അന്തർജനം തുടങ്ങിയവരുടെ രചനകളിൽ പീഡിതരായ ഈ ജനവിഭാഗത്തെ നമുക്കിന്നും കണ്ടെത്താവുന്നതാണ്. ക്രൂരപീഢനങ്ങൾ ഏറ്റുവാങ്ങിയിരുന്ന ഇക്കൂട്ടർക്ക് തമ്പുരാക്കന്മാരോട് അമർഷം ഉണ്ടാവുക സ്വാഭാവികം.

പേരും പൊരുളും തമ്മിൽ അങ്ങനെ നിയതമായൊരുബന്ധവും വേണ്ടെന്ന് വാദിക്കുന്നവരുടെ കൂടെയാകണം പ്രസിദ്ധപണ്ഡിതനും ചിന്തകനുമായ യശഃശ്ശരീരനായ കുട്ടികൃഷ്ണമാരാര്. ചായ+കട=ചായക്കട എന്നും മൊട്ട+തല =മൊട്ടത്തല, മമ്മി+കുട്ടി=മമ്മിക്കുട്ടി എന്നുമൊക്കെ ആവുന്നത് മലയാള വ്യാകരണ വഴക്കം. ഇരട്ടിപ്പ് വന്നില്ലെങ്കിലോ? ഇറച്ചി കോഴിക്ക് അമ്പേഷിക്കുക എന്നും എരുമപാലിന് ആവശ്യമുണ്ടെന്നുമൊക്കെ

## നർമ്മം

> **വേരും പൊരുളും തമ്മിൽ അങ്ങനെ നിയതമായൊരുബന്ധവും വേണ്ടെന്ന് വാദിക്കുന്നവരുടെ കൂടെയാണകണം പ്രസിദ്ധപണ്ഡിതനും ചിന്തകനുമായ യശഃശ്ശരീരനായ കുട്ടികൃഷ്ണ മാരാർ.**

അർത്ഥം മാറിപ്പോകുന്ന, നാം ഇടയ്ക്കിടെ കാണാറുള്ള പ്രയോഗങ്ങൾ കടന്ന് വരും. ഇതേ ന്യായപ്രകാരം കുട്ടി+കൃഷ്ണൻ=കുട്ടികൃഷ്ണൻ എന്നാണല്ലോ രൂപം വരേണ്ടത്. മലയാളത്തിൽ ഇക്കാര്യത്തിൽ എല്ലാവരും പിന്തുടരുന്നതു കുട്ടികൃഷ്ണൻ എന്നുതന്നെ. പക്ഷെ മാരാര് തന്റെ പേരെഴുതേണ്ടിവരുമ്പോഴൊക്കെ കുട്ടികൃഷ്ണമാരാര് എന്ന് ഇരട്ടിപ്പില്ലാതെ മാത്രമാണ് എഴുതിയത്. സംസ്കൃതമലയാള വ്യാകരണങ്ങളും പ്രയോഗങ്ങളും വെള്ളംപോലെ അയത്ന ലളിതമായി ഗ്രഹിച്ചിരുന്ന മാരാര് എന്നിട്ടും സ്വന്തം പേരിൽ വ്യാകരണനിയമം തെറ്റിച്ചതിന്റെ യുക്തി എന്തായിരിക്കും? മാരാർ തന്നെ അതിന് ഉത്തരം നൽകിയിട്ടുണ്ട്. എന്റെ അമ്മ എന്നെ വിളിച്ചുവന്നത് അങ്ങനെയാണ്. പേരിന്റെ കാര്യത്തിൽ വ്യാകരണപരതയും അർത്ഥവും നോക്കേണ്ടതില്ല എന്നുതന്നെയാണ് ഇതിന്റെ പൊരുൾ.

എന്നാലും പേരും പൊരുളും തമ്മിൽ ബന്ധം വേണമെന്ന കാര്യത്തിൽ സാധാരണ ജനങ്ങൾ നിർബന്ധം പിടിക്കാറുണ്ടെന്നത് മറ്റൊരു സത്യം. എന്റെ ഒരു സുഹൃത്ത് അന്യമതസ്ഥയായ ഒരു കുട്ടിയെ പരിണയിച്ചപ്പോൾ അവളെ മതംമാറ്റാൻ അദ്ദേഹത്തിൽറെ കുടുംബക്കാർ ആവശ്യപ്പെട്ടു. അത് നടക്കില്ലെന്ന് കണ്ടപ്പോൾ പേരെങ്കിലും ഒന്നു പരിഷ്കരിച്ച് മതാനുസാരിയാക്കണമെന്നായി അവരുടെ നിർബന്ധം. (നമ്മുടെ നാട്ടിൽ പേരിലും ഹിന്ദു മുസ്ലിം ക്രിസ്ത്യൻ തരം തിരിവ് രൂഢമൂലമാണല്ലോ) ഈ ദമ്പതികൾക്ക് മകനുണ്ടായപ്പോൾ അവനെ എന്തുപേരിൽ വിളിക്കും എന്ന് എന്നോടുതന്നെ പല സുഹൃത്തുക്കളും അന്നേ ചോദിച്ചിട്ടുണ്ട്. പക്ഷെ പോർത്തുഗീസ് ഭാഷയിൽ നിന്ന് സുന്ദരമായൊരു മതേതര നാമം കണ്ടെത്തിക്കൊണ്ട് അദ്ദേഹം ആ പ്രശ്നത്തിന് ഉത്തരം കാണുകയുണ്ടായി. മറ്റൊരു സുഹൃത്ത് മകൾക്ക് പേരിട്ടത് ആത്തിയ കതിയ എന്നായിരുന്നു. പേരുകൊണ്ട് ജാതിയും മതവുമൊന്നും വെളിവാകേണ്ട എന്നാണ് അദ്ദേഹത്തിന്റെ യുക്തി.

മക്കൾക്ക് പേരിടുമ്പോൾ എല്ലാ രക്ഷിതാക്കളും എന്തെങ്കിലും യുക്തി മനസ്സിൽ കാണാറുണ്ട്. ചിലർക്ക് മക്കളുടെ പേരുകൾ ഏറ്റവും പുതിയതും മറ്റാരിലും കാണാത്തത്ര സവിശേഷവുമാകണം എന്നാണ് യുക്തി. പലപ്പോഴും ഈ യുക്തി അവരെ തെറ്റായ വഴിക്ക് തള്ളി വിടാറുണ്ട്. ക്ലാസിലെ കുട്ടികളിൽ ചിലരുടെയെങ്കിലും പേരുകൾക്ക് അർത്ഥം ഉണ്ടാവാറില്ല. കുറച്ചുകൊല്ലം മുമ്പ് എനിക്ക് പ്രിജി എന്ന പേരുള്ള ഒരു പ്രിയശിഷ്യയുണ്ടായിരുന്നു. ആ പേരിന്ന് എന്താണർത്ഥമെന്ന് എനിക്കറിയില്ല. അവൾക്കും പേരിട്ടുകൊടുത്ത അച്ഛനും അമ്മയ്ക്കും അതിന്റെ അർത്ഥം അറിയില്ല. കാരണം ആ രണ്ടക്ഷരം ആ വിധം ചേർത്താൽ യാതൊരു അർത്ഥവും ജനിക്കുന്നില്ല എന്നതുതന്നെ. അർത്ഥം ഉണ്ടായില്ലെങ്കിലും ദുരർത്ഥം ഉണ്ടായില്ലല്ലോ എന്ന് നമുക്കിവിടെ സമാധാനിക്കാം. പക്ഷെ, ചിലപ്പോഴെങ്കിലും നാമകരണം വഴി ദുരർത്ഥങ്ങൾ ഉണ്ടാകാറുണ്ടെന്ന് അധികമാരും ഓർക്കാറില്ല. ഏതാനും ലക്ഷ്യങ്ങൾ എടുത്തുകാണിക്കാം.

ചില മാതാപിതാക്കൾക്ക് കുട്ടികളുടെ പേരുകൾ തമ്മിലൊരു പൊരുത്തം വേണം. ഏതു കാര്യത്തിലും പൊരുത്തം വരുത്തുക മനുഷ്യസ്വഭാവമാണല്ലോ. ഈ പൊരുത്തം വരുത്തലിലൂടെ ദുരർത്ഥ നാമങ്ങൾ മക്കൾക്കിട്ടാലോ? മൂത്തമകനെ റോജറെന്ന് വിളിച്ച ആൾ അടുത്ത മകനെ റോബർ എന്നു വിളിക്കുമ്പോൾ പൊരുത്തം കിട്ടി. പക്ഷെ അർത്ഥമോ? ഹരിശ്ചന്ദ്രനായ് ജീവിച്ചാലും അയാൾ ജീവിതകാലം മുഴുവൻ അയാൾ കായംകുളം കൊച്ചുണ്ണിയുടേയോ ഇത്തിക്കരപക്കിയുടേയോ കുഞ്ഞിമംഗലത്ത് വെള്ളേന്റെയോ ഗണത്തിൽ പേരുകൊണ്ട് ചേർന്ന്പോകുമല്ലൊ. നിരക്ഷരരായ ആളുകൾ ഏതെങ്കിലും വഴിക്ക് പണക്കാരായാൽ അവർ അല്പത്വം കാണിക്കവെ എന്ന് ഇ.വി. കൃഷ്ണപിള്ള അല്പന്മാർ എന്ന ലേഖനത്തിൽ സരസമായി പറഞ്ഞുവെച്ചിട്ടുണ്ട്. വസ്തുത ശരിയാണെന്ന് ഇത്തരം നാമകരണങ്ങളിലൂടെ വ്യക്തമാക്കുന്നു. എന്റെ ഒരനുഭവം പറയട്ടെ. ഗൾഫിൽ പോയി പെട്ടെന്നു പണക്കാരനായിവന്ന ഒരു സുഹൃത്ത് മൂത്തകുട്ടിയെ ഹബീബ എന്നു വിളിച്ചു. രണ്ടാമതു പെണ്ണായപ്പോൾ പൊരുത്തം വരുത്തി നജീബ എന്നു പേരിട്ടു. കൊള്ളാം. പക്ഷെ മൂന്നാമത്തെ കുട്ടിയും പെണ്ണായപ്പോൾ ആ കുഞ്ഞിന് മൂത്തവരുടെ പേരുകളുമായി പൊരുത്തമുള്ള പേര് കണ്ടെത്താൻ അയാൾ വിഷമിച്ചു. പേര് പുതുമയുള്ളതാകണം. കേൾവിക്ക് ഭംഗിയും സുഖവും വേണം. അപ്പോഴാണ് അയൽക്കാരനായ കുസൃതിപ്പയ്യൻ ഒരു പേര് നിർദ്ദേശിച്ചത്. അമീബ. പിതാവിന് ആ പേര് ശരിക്കും പിടിച്ചു. ഇക്കാലത്ത് മുസ്ലീങ്ങളായ പല

രക്ഷിതാക്കളും മക്കളെ ആശ, നിശ പ്രസീന, ഷീജ എന്നൊക്കെ കാഫ്രിച്ചികർക്കിടുന്ന പേരുപോലെയല്ലല്ലോ. എന്തായാലും ഒരു പടിഞ്ഞാറൻ ചുവയുള്ള വാക്ക്. അക്ഷരജ്ഞാനമില്ലാത്ത അയാൾ മകളെ അങ്ങനെത്തന്നെ വിളിച്ചു. പക്ഷെ ആ കുട്ടി ജീവിതകാലം മുഴുവൻ അമീബയായിത്തന്നെ കഴിച്ചുകൂട്ടേണ്ടിവരുന്നത് കഷ്ടമാണ് എന്ന് നമുക്കറിയാം. വേറൊരാൾക്ക് പറ്റിയ അമളി കേൾക്കണോ? മൂത്ത കുട്ടിയെ മേഘന എന്നു വിളിച്ചു. പുതുമയും അപൂർവ്വതയും ചാരുതയും ഉള്ള രസികൻ പേര്. പക്ഷെ അടുത്ത മകൾക്ക് തത്തുല്യമായൊരു പേര് കണ്ടെത്താൻ അയാൾക്കായില്ല. അപ്പോഴാണ് ആരോ ജഘന എന്ന പേര് നിർദേശിച്ചത്. അപൂർവ്വതയും ചാരുതയുമുണ്ട്. അർത്ഥമെന്തെന്ന് കണ്ടെത്താൻ അയാൾ മിനക്കെട്ടില്ല. വിശേഷപ്പെട്ട ജഘനമുള്ളവൾ ജഘനയാകും. ജഘനം എന്നാൽ എന്താണർത്ഥമെന്ന് ഞാൻ പറയുന്നില്ല. നിങ്ങൾതന്നെ നിഘണ്ടുനോക്കി കണ്ടെത്തിക്കോളൂ. ഇത്രതന്നെ അപകടമില്ലെങ്കിലും നാം സർവ്വസാധാരണമായി ഉപയോഗിക്കുന്ന പല പേരുകളും കുഴപ്പം പിടിച്ചവയുമാണ്. അക്കൂട്ടത്തിലൊന്ന് രമ്യ. രമിക്കാവുന്നവൾ എന്നർത്ഥം. ചുരുങ്ങിയപക്ഷം ഭർത്താവിന് രമിക്കാവുന്നവൾ എന്നെങ്കിലും അർത്ഥമാകുന്നു. അനിത എന്ന് മറ്റൊരു പേര്. നിത്യതയില്ലാത്തവൾ, വിശ്വസിക്കാൻ കൊള്ളാത്തവൾ എന്നൊക്കെയാണ് അർത്ഥം. ഏതായാലും അർത്ഥം നോക്കിയാൽ ആ പേര് അധികമാർക്കും സ്വീകാര്യമാവില്ല എന്ന് ഉറപ്പ്.

ചില രക്ഷിതാക്കൾ മാതാപിതാക്കളുടെ പേരിലെ അക്ഷരങ്ങൾ ചേർത്ത് മക്കൾക്ക് പേരിടാറുണ്ട്. മാധവന്റേയും ലതയുടെയും മകൾ മാലയായതും അങ്ങനെയാണ്. ദുരർത്ഥമില്ലാതെ ചാരുതയുള്ള നാമം. പക്ഷെ എപ്പോഴും അതല്ല അവസ്ഥ. മാത്യുവിന്റെയും ക്രിസ്റ്റീനയുടെയും മകനെ മാക്രിയെന്നും കൃഷ്ണന്റേയും മീനയുടെയും മകനെ കൃമി എന്നും വിളിച്ചാലോ? പേരിലെ അപൂർവ്വത തേടിപ്പോയ മറ്റൊരു പിതാവ് മകൾക്ക് പേരിട്ടത് പ്രതിയെന്നാണ്. പ്രതിയെന്ന വാക്കിന്റെ അർത്ഥങ്ങളൊന്നും പെൺകിടാവിന്ന് ചേർന്നതല്ല. അതുപോലെ മറ്റൊരാൾ മകളെ പ്രഗ്ന എന്നാണ് പേരിട്ടുവിളിച്ചത്. എന്റെ ഒരയൽവാസി അപൂർവ്വത തേടിച്ചെന്ന് എത്തിയത് ദിൽന എന്ന പേരിലാണ്. ദിൽ എന്നാൽ ഹൃദയമെന്നർത്ഥം. ന അല്ല. (ഇല്ല) രണ്ടും ചേരുമ്പോൾ ഹൃദയമില്ലാത്തവൾ എന്നാകും. അടുത്തകാലത്തായി ഒരു ഡോക്ടറുടെ പേരെഴുതിവെച്ച ബോർഡ് ശ്രദ്ധയിൽപെട്ടു. Dr. 'നിമ' കേൾക്കാൻ സുഖമുണ്ട്. പക്ഷെ അർത്ഥം സുഖകരമല്ല. ചെടികൾക്ക് വാട്ടരോഗം വരുത്തുന്ന വൈറസിനെപ്പരത്തുന്ന ഒരിനം വിരകളുടെ പേരാണ് 'നിമ' എന്നത്. അതുപോലെ മറ്റൊരു പേര് നുജാ. നുജാ എന്ന വാക്കിന് അറബിക്കിൽ നല്ല അർത്ഥങ്ങളുണ്ടാകും. പക്ഷെ ലാറ്റിനിൽ നജാ എന്നത് മൂർഖന്റെ ശാസ്ത്രീയനാമമാണ്. വായിക്കുന്നവർക്കിടയിലും Zoology വിദ്യാർത്ഥികൾക്കും ഇതറിവുണ്ടായിരിക്കും. അങ്ങനെയിരിക്കേ മകൾക്ക് നുജാ എന്ന് പേരിടാതിരിക്കുന്നതല്ലേ ഭംഗി!

ഇതേക്കാളൊക്കെ കടുപ്പമുള്ള മറ്റൊരു കാര്യം പറയട്ടെ. ഒരു രക്ഷിതാവ് മകളെ ഓമനിച്ചു വിളിച്ച പേര് ശിശ്ന. ശിശ്നമെന്നാൽ ലിംഗം എന്നാണ് അർത്ഥം. ആ കുടുംബം അവിടെയും നിർത്തിയില്ല. അവർ ഒരു സ്റ്റുഡിയോ സ്ഥാപിച്ചപ്പോൾ മകളുടെ പേര് സ്റ്റുഡിയോവിനും നൽകി. ബസ് സർവ്വീസ് തുടങ്ങിയപ്പോൾ നാട്ടിലാകെ ശിശ്നാബസ് ഓടിത്തുടങ്ങി.

ഇനി അല്പം മുസ്ലിം പേരുകളുടെ കാര്യം കൂടി ചൂണ്ടിക്കാണിച്ച് അവസാനിപ്പിക്കാം. അറിവില്ലാത്ത രക്ഷിതാവ് കുട്ടിയെ ഫാജിറ എന്ന് വിളിച്ചു. ഫാജിറ എന്നാൽ തെമ്മാടിച്ചി എന്നാണ് അർത്ഥം അതുപോലെ Zina (സിന) എന്ന വാക്കിന് അറബിക്കിൽ വേശ്യാവൃത്തിയെന്നാണ് അർത്ഥമെന്നിരിക്കെ Zina എന്ന പേര് ഒരു പെൺകിടാവിന് ഉചിതമോ?

നമ്മളാരും മാരാർ അല്ലാത്തതിനാൽ തലയുയർത്തിനിന്ന് എന്റെ പേരിന്റെ അർത്ഥം നോക്കേണ്ടതില്ല എന്നു പറയാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അത്തരം ഒരവസ്ഥയിൽ പൊരുത്തമുള്ള പേരിടുന്നതല്ലേ ഭംഗി! □

**ചി**ല രക്ഷിതാക്കൾ മാതാപിതാക്കളുടെ പേരിലെ അക്ഷരങ്ങൾ ചേർത്ത് മക്കൾക്ക് പേരിടാറുണ്ട്. മാധവന്റേയും ലതയുടെയും മകൾ മാലയായതും അങ്ങനെയാണ്. ദുരർത്ഥമില്ലാതെ ചാരുതയുള്ള നാമം. പക്ഷെ എപ്പോഴും അതല്ല അവസ്ഥ. മാത്യുവിന്റെയും ക്രിസ്റ്റീനയുടെയും മകനെ മാക്രിയെന്നും കൃഷ്ണന്റേയും മീനയുടെയും മകനെ കൃമി എന്നും വിളിച്ചാലോ?

കെ ഇ എൻ
മലയാളവിഭാഗം

# സൗന്ദര്യത്തിന്റെ കാണാപ്പുറങ്ങൾ

വെള്ളക്കാരൻ എന്റെ അച്ഛനെക്കൊന്നു.
എന്റെ അച്ഛൻ തന്റേടിയായിരുന്നു.
വെള്ളക്കാരൻ എന്റെ അമ്മയെ ബലാൽസംഗം ചെയ്തു
എന്റെ അമ്മ സുന്ദരിയായിരുന്നു.
വെള്ളക്കാരൻ എന്റെ ചേട്ടനെ ഉച്ച വെയിലിൽ ചുട്ടുകളഞ്ഞു.
എന്റെ ചേട്ടൻ കരുത്തനായിരുന്നു.
വെള്ളക്കാരൻ എന്റെ നേരെതിരിഞ്ഞ് വിജയിയുടെ സ്വരത്തിൽ കല്പിച്ചു.
"ഹേയ്, പയ്യൻ, ഒരു കസേര, ഒരുവിഞ്ഞ്, ഒരു തോർത്ത്.
(ഡേവിഡ്ദിയോപ്)

"ആ നീണ്ട നാവിനും ആടുന്ന വാലിനുമിടയിൽ വിശപ്പിന്റെ വേലിയേറ്റമാണ് തിരയടിക്കുന്നത്, അവന് നിങ്ങളുടെ കുലീനതയിൽ താല്പര്യമില്ല" (ധുമിൽ)

> ഇന്ദുലേഖയിൽ മാധവനെയും ഇന്ദുലേഖയെയും വർണിക്കുമ്പോൾ ചന്തുമേനോനനുഭവിക്കുന്ന 'ഹർഷോന്മാദം' വിവരണാതീതമാണ്. കാരണം മാധവനും ഇന്ദുലേഖയും തങ്കവർണക്കാരാണ്! ഒറ്റക്ക് നിൽക്കുന്ന കറുപ്പ് മാത്രമല്ല ചേർന്നു നിൽക്കുന്ന കറുപ്പിനോടും 'ഇന്ദുലേഖ' പങ്കുവെക്കുന്നത് വെറുപ്പാണ്.

സ്വാതന്ത്ര്യത്തിന്റെ പറുദീസയായി പരസ്യ ചെയ്യപ്പെടുന്ന അമേരിക്കയിൽ കറുത്തവരിപ്പോഴും അനുഭവിക്കുന്നത് അപമാനവും അവഹേളനവുമാണ്. ഇരുനൂറ് വർഷങ്ങൾക്കുമുമ്പ് മരിച്ചുപോയ സ്വന്തം മുതുമുത്തശിയുടെ നീഗ്രോ വംശബന്ധം മറച്ചുവെച്ചതിന്റെ പേരിൽ അവരുടെ പേരമകളായ സുസി പിച്ച്സ് അമേരിക്കയിൽ വിചാരണ ചെയ്യപ്പെട്ടു! വംശബന്ധം മറച്ചുവെച്ചതിനുപുറമേ 1969-ൽ സ്വന്തം രക്ഷിതാക്കളെ വെള്ളക്കാർക്കുള്ള ശ്മശാനത്തിൽ സംസ്കരിച്ചത് മറ്റൊരു മാരകകുറ്റമായും ആരോപിച്ചു. "അമേരിക്ക ഇന്നു നിന്റെ സ്വാതന്ത്ര്യം ഒരു പ്രതിമയാകുന്നു" എന്ന് വാൾട് വിറ്റ്മാൻ എഴുതിയത് എത്ര അന്വർഥം! കറുപ്പിൽനിന്ന് പുറത്തുകടക്കാനുള്ള 'നീഗ്രോകളുടെ' ശ്രമം അവരെ കൂടുതൽ കുഴപ്പത്തിലേക്കാണ് നയിക്കുന്നത്. 'യൂറോപ്യൻ വേഷത്തിൽ' കറുത്ത ഡോക്ടർ വരുമ്പോൾ രോഗികൾ പറയും. "ഞങ്ങൾക്കൊരു നീഗ്രോ ഡോക്ടറുണ്ട്. അയാളുടെ കൈകൾ ശുദ്ധമാണ്." അയാളൊരു പ്രൊഫസറാണെങ്കിൽ വിദ്യാർഥികൾ മന്ത്രിക്കും. "ഞങ്ങൾക്കൊരു നീഗ്രോ പ്രൊഫസറുണ്ട്. അയാൾ വളരെ ബുദ്ധിമാനാണ്." (ഫാനൺ) വൈത്തിപ്പട്ടരുടെ വിരൂപത സൂചിപ്പിക്കാൻ ചന്തുമേനോനുപയോഗിച്ചത് "ദേഹം കറുത്തമഷിയുടെ വർണം" എന്നത്രേ! എന്നാൽ "കറുത്ത നെറ്റി മുഴുവൻ വെളുത്ത ഭസ്മംകൊണ്ട് മൂടി" വേഷം ഉഗ്രമാക്കുന്ന 'സൗന്ദര്യതന്ത്രം' പൂഞ്ചോലക്കര അച്ചൻ എന്ന കഥാപാത്രനിർമിതിയിൽ അദ്ദേഹം നടപ്പിലാക്കിയിരിക്കുന്നു! കറുപ്പനെപ്പോലുള്ള കഥാപാത്രങ്ങളെ 'ജന്തുക്കൾ' എന്ന് വിളിക്കുന്നതിലും അവർ 'പല്ലിളിച്ച് കാണിക്കുന്നതിന്' മന്ദഹാസം, പുഞ്ചിരി എന്നും മറ്റുമുള്ള വാക്കുകൾ ഉപയോഗിക്കുന്നത് കേവലം അബദ്ധമാണെന്നും അദ്ദേഹം പ്രഖ്യാപിക്കുന്നു.! എന്നാൽ ഇന്ദുലേഖയിൽ മാധവനെയും ഇന്ദുലേഖയെയും വർണിക്കുമ്പോൾ ചന്തുമേനോനനുഭ

വിക്കുന്ന 'ഹർഷോന്മാദം' വിവരണാതീതമാണ്. കാരണം മാധവനും ഇന്ദുലേഖയും തങ്കവർണക്കാരാണ്! ഒറ്റക്ക് നിൽക്കുന്ന കറുപ്പ് മാത്രമല്ല ചേർന്നുനിൽക്കുന്ന കറുപ്പിനോടും 'ഇന്ദുലേഖ' പങ്കുവെക്കുന്നത് വെറുപ്പാണ്. "കറുപ്പുനിറം സാധാരണ ശരീരവർണനത്തിനു സൗന്ദര്യമില്ലാത്തതാണെന്ന് പറയുന്നു. എന്നാൽ ചിലപ്പോൾ കറുപ്പുനിറം വേറെ സാധനങ്ങളുമായുള്ള ചേർച്ചയാലോ മറ്റു പ്രകാരത്തിലോ ബഹുശോഭയോടെ കാണപ്പെടുന്നുണ്ട്." (ഇന്ദുലേഖ കറുത്തിട്ടാണെന്ന് എന്റെ വായനക്കാർ ഇവിടെ ശങ്കിച്ചുപോകരുതേ) വലയത്തിനകത്തുനിന്നുയരുന്ന നെഞ്ചടിച്ചുള്ള നിലവിളി ഒരു നിറത്തിനോടുള്ള കേവലകൗതുകത്തിൽനിന്നല്ല ഒരു സവിശേഷ വർണബോധത്തിന്റെ സൃഷ്ടിയാണ്. ഇന്ദുലേഖയുടെ ശരീരത്തിന്റെ വർണം പൊൻകസവിന്റെ സവർണമാകയാൽ കസവ് എവിടെ അവസാനിച്ചു, ശരീരം എവിടെ തുടങ്ങി, എന്നു കാഴ്ചയിൽ പറവാൻ ഒരുവനും കേവലം സാധിക്കുകയില്ല." മേൽപ്പൊന്ന ചന്തുമേനോന്റെ 'സവർണകസവാണ്' ഇന്നും നമ്മുടെ 'തനത് സംസ്കാരത്തിന്റെ' ജീവിക്കുന്ന സാക്ഷിയായി സാംസ്കാരികഘോഷയാത്രകളിൽ പ്രത്യക്ഷപ്പെടുന്നത്.

## രണ്ട്

രാഷ്ട്രീയത്തിന്റെ സ്ഥാനം അരാഷ്ട്രീയതയും തത്വശാസ്ത്രത്തിന്റെ സ്ഥാനം 'പ്രചാരണപരസ്യങ്ങളും' സമ്പദ്ശാസ്ത്രത്തിന്റെ സ്ഥാനം 'ഊഹാശാസ്ത്രവും' ബദൽപ്രതീക്ഷകളുടെ സ്ഥാനം പുനരുത്ഥാനമോഹങ്ങളും ചരിത്രബോധത്തിന്റെ സ്ഥാനം 'മിത്തിക്കൽ ബോധവും' കയ്യേറുന്ന ഒരു പുത്തൻ അധിനിവേശകാലത്ത് സൗന്ദര്യബോധം മാത്രം സുരക്ഷിതമായി നിലകൊള്ളുമെന്ന് കരുതുക വയ്യ! കറുത്തവരെ വെളുത്തവരാക്കുന്ന അദ്ഭുതകരമായ 'സിറം' കണ്ടുപിടിക്കാനുള്ള പരീക്ഷണങ്ങൾ കയ്യൊഴിച്ചാലും മനുഷ്യരെ വ്യാമോഹവലയങ്ങൾക്കുള്ളിലിട്ട് വിഭ്രമിപ്പിക്കുന്ന വേല മുതലാളിത്തം ഒരിക്കലും കയ്യൊഴിക്കില്ല. മനോരഞ്ജക വ്യവസായത്തോടൊപ്പം മുഖംമിനുക്ക് കലാപരിപാടികളും അവർ അനസ്യൂതം തുടരും! സ്വന്തം നിറവും ആകൃതിയും അവയവസവിശേഷതകളും മാത്രമല്ല വിയർപ്പ്പോലും സൗന്ദര്യവ്യവസായത്തിന്റെ കാഴ്ചപ്പാടിലിപ്പോൾ കുറ്റവാളിയാണ്. 'വേർപ്പുമുത്തേലും തൊഴിലാളർതൻ മെയ്യ്' എന്ന് വൈലോപ്പിള്ളി വാഴ്ത്തിയ അധ്വാനിക്കുന്നവരുടെ ശരീരത്തിനുനേരെ വിരലുയർത്തി 'നിങ്ങളെ നാറുന്നു' എന്നത്രേ 'കമ്പോള സൗന്ദര്യശാസ്ത്രം' ഇപ്പോൾ അലറുന്നത്! നമ്മളാകട്ടെ ഒരു വളർത്തുപൂച്ചയുടെ സൗമ്യതയോടെ ഇതെല്ലാം സ്നേഹപൂർവ്വം സ്വീകരിക്കുന്ന തിരക്കിലാണ്.! സവർണാധിപത്യം രൂപം നൽകിയ അയിത്തസങ്കല്പത്തിന് അങ്ങാടിയൊരുക്കുന്ന പുത്തൻ വിപണന ഭാഷ്യമാണ് വരേണ്യസൗന്ദര്യസങ്കല്പമായി ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യരെ അകറ്റുന്നത് ജനവിരുദ്ധ ആശയങ്ങളും മുൻവിധികളുമാണെന്നും അവരെ അടുപ്പിക്കുന്നത് ജനാധിപത്യമാണെന്നും പരസ്യങ്ങളുടെ ആക്രോശങ്ങൾക്കിടയിൽ അവഗണിക്കപ്പെടുന്നു. ശരീരവും 'മനസ്സും' യഥാക്രമം പ്രകൃതിക്കും സമൂഹത്തിനും പകർന്നുകൊടുക്കുന്ന ഒരു വംശത്തിന്റെ അസ്തിത്വമാണ് സൗന്ദര്യത്തിന്റെ മറവിൽനിന്നുകൊണ്ട് സംഹരിക്കപ്പെടുന്നത്. 'സൗന്ദര്യദേവൻ' രക്തദാഹിയായി ആവശ്യപ്പെടുന്നത് "നരകത്തിന്റെ നടുവിലും സ്വർഗം നിർമിക്കുന്ന സ്നേഹത്തിന്റെ" മൃതദേഹമാണ്. കൊഴിയുന്ന പല്ലിനും ചുളിയുന്ന തൊലിക്കും നരയ്ക്കുന്ന മുടിക്കും അപ്പുറമാണ് 'മനുഷ്യബന്ധത്തിന്റെ ലോകം' എന്ന അത്യന്തികമായ ചരിത്രാനുഭവത്തിനാണ് ഇപ്പോൾ സൗന്ദര്യവ്യവസായം തീ കൊടുക്കുന്നത്. "മനുഷ്യൻ ഹാ എത്ര മനോഹരമായ പദം" എന്ന കവിതക്കുപകരം ഇപ്പോൾ മുഴങ്ങുന്നത് മനുഷ്യനൊരു വൃത്തികെട്ട ജന്തു എന്ന കമ്പോളമുദ്രാവാക്യമാണ്.

> മനുഷ്യരെ അകറ്റുന്നത് ജനവിരുദ്ധ ആശയങ്ങളും മുൻവിധികളുമാണെന്നും അവരെ അടുപ്പിക്കുന്നത് ജനാധിപത്യമാണെന്നും പരസ്യങ്ങളുടെ ആക്രോശങ്ങൾക്കിടയിൽ അവഗണിക്കപ്പെടുന്നു. ശരീരവും 'മനസ്സും' യഥാക്രമം പ്രകൃതിക്കും സമൂഹത്തിനും പകർന്നുകൊടുക്കുന്ന ഒരു വംശത്തിന്റെ അസ്തിത്വമാണ് സൗന്ദര്യത്തിന്റെ മറവിൽനിന്നുകൊണ്ട് സംഹരിക്കപ്പെടുന്നത്.

## മൂന്ന്

വസ്തു–ജന്തുലോകത്തിൽനിന്നും പുറത്തുകടക്കാൻ കഴിഞ്ഞതുകൊണ്ടാണ് മനുഷ്യർക്ക് വസ്തു–ജന്തുലോകത്തെ വർണനകളിലും വരകളിലും തോന്നുമ്പോഴൊക്കെയും വിളിച്ചുവരുത്താൻ കഴിയുന്നത്. സൗന്ദര്യവർണനകളിലൊക്കെയും സ്ഥിരം സ്ഥാനം കയ്യേൽക്കുന്ന 'മീനാക്ഷിയും' താമരാക്ഷിയുമെല്ലാം ഇങ്ങനെ മനുഷ്യലോകത്തിലേക്ക് വേഷം മാറിവന്നവരാണ്. എന്നാലൊടുവിൽ മീനും, താമരയും കൂടി മനുഷ്യജീവിതത്തെ പിടിച്ചെടുത്തിരിക്കുന്നു! ഫാഷൻപരേഡുകളിലും സൗന്ദര്യമത്സരങ്ങളിലും ആഘോഷിക്കപ്പെടുന്നത് വസ്തു–ജന്തുലോകം മനുഷ്യസംസ്കാരത്തിനുമേൽ നേടിയ ആധിപത്യത്തിന്റെ വിജയമാണ്! അരയന്നവും മയിലുമാവാൻ ഇപ്പോൾ മോഹിക്കുന്നത് ചിന്താലോകത്തിലേക്ക് കടന്നെത്താത്ത കുട്ടികളല്ല, വളർന്നിട്ടും വളരാത്ത സൗന്ദര്യമോഹികളാണ്. മനുഷ്യരാവുക എന്ന ബ്യൂട്ടിപാർലർ മുദ്രാവാക്യം വിഴുങ്ങുമ്പോൾ വീഴുന്നത് മനുഷ്യർ മുഴുവനുമാണ്! ശരീരത്തെക്കുറിച്ച് ഓർമിപ്പിക്കുകയാണെന്ന വ്യാജേന ശരീരകേന്ദ്രിതമായ രാഷ്ട്രീയമിത്തുകൾ നിർമിക്കുകയാണ് സൗന്ദര്യവ്യവസായം ചെയ്യുന്നത്. സ്വന്തം ശരീരത്തെ ഒരു സാധ്യതയാക്കി വികസിപ്പിക്കാനാരെയും അനുവദിക്കാതിരിക്കുകയും അതിനെ ഒരു ബാധ്യതയാക്കി മാറ്റാൻ എല്ലാവരേയും നിർബന്ധിക്കുക

യും ചെയ്യുന്ന 'സൗന്ദര്യസമ്മർദങ്ങളുടെ' മർദനം കൂടി ഇപ്പോൾ നമ്മളനുഭവിച്ചുകൊണ്ടിരിക്കുന്നു! ശാരീരികമായ ബലഹീനതകളെപ്പോലും ബലമാക്കി മാറ്റിയ മനുഷ്യവംശചരിത്രത്തെയാണ് സൗന്ദര്യവ്യവസായവും അതിന്റെ കങ്കാണിമാരും വെല്ലുവിളിക്കുന്നത്. സ്വന്തം പല്ല്, കണ്ണ്, മൂക്ക് തുടങ്ങിയവയെക്കുറിച്ചുള്ള അടിസ്ഥാനരഹിതമായ ആശങ്കകളാണ് മൂന്നാം ലോകമനുഷ്യർക്കിടയിൽ സൗന്ദര്യത്തിന്റെ മറവിൽ അടിച്ചേല്പിക്കപ്പെടുന്നത്. മുമ്പ് സാമാന്യമായി മുഖം മാത്രം നോക്കിയവർ ഇന്ന് സവിശേഷമായി കണ്ണിൻപുരികം മുതൽ പല്ലിൻ വിടവ് വരെ വിസ്തരിച്ച് നോക്കിത്തുടങ്ങിയിരിക്കുന്നു! പരസ്യങ്ങളൊരുക്കുന്ന വ്യാജചന്തങ്ങളുടെ ചതിക്കുഴിയിലേക്ക് നിർവൃതിയോടെ നടന്നുനീങ്ങുന്ന ഒരു ജനതയും ജനാധിപത്യത്തിന് അഭിമാനമല്ല. അവർ അനുദിനം പെരുകുന്ന സൗന്ദര്യവർധക പ്ലാസ്റ്റിക് സർജറി ആശുപത്രികൾക്കുള്ള അസംസ്കൃത പദാർഥങ്ങൾ മാത്രമാണ്! ആത്മബോധത്തിന്റെ അഭാവമാണ് 'അമ്പട ഞാൻ ബോധവും' അപകർഷതാബോധവുമായി പിരിയുന്നത്. പ്രതിരോധവും ചെറുത്തുനിൽപ്പുമില്ലാതെ സ്വന്തം പ്രതിബിംബത്തിൽ അഭിരമിക്കുന്ന നാർസിസ്സുകളുടെ ലോകത്തിന്റെ പരസ്യത്തിലാണ് വരേണ്യ സൗന്ദര്യസങ്കല്പം പുളകംകൊള്ളുന്നത്. മനുഷ്യർ ശരിയായ ശരീരബോധം എറിഞ്ഞുകളയാതെ 'ശരീരരതിയിൽനിന്ന് പുറത്തുകടക്കുന്നത് സൗന്ദര്യബാധക്കെതിരെ ശക്തമായ സമരങ്ങൾ വികസിക്കുമ്പോഴാണ്. ഷോക്കേസിലെ മോഡലുകളെ സ്വപ്നം കാണുമ്പോഴല്ല ജനാധിപത്യജീവിതത്തിന്റെ പുതിയ മാതൃകകൾക്ക് പിറവി നൽകുമ്പോഴാണ് സൗന്ദര്യം സൃഷ്ടിക്കപ്പെടുന്നത്. "ചെറ്റുകറുത്ത മെയ്യേറെ കറുക്കുവാൻ / മുറ്റും വെയിലിൽ പണിയെടുക്കാം" എന്നു പ്രഖ്യാപിച്ച കുമാരനാശാന്റെ പ്രസിദ്ധമായ ദുരവസ്ഥയിൽ ശിരസ്സുയർത്തിപ്പിടിച്ച കീഴാളഭാവുകത്വം പിന്നീട് ശക്തിപ്രാപിച്ചത് പുരോഗമനസാഹിത്യപ്രസ്ഥാനം ഉഴുതുമറിച്ച മണ്ണിലാണ്. ചെറുകാടിന്റെ മുത്തശി എന്ന മലയാളത്തിലെ ശ്രദ്ധേയമായ ആധുനിക നോവൽ ആരംഭിക്കുന്നതുതന്നെ 'ഞാൻ സുന്ദരിയല്ല.....' എന്ന ഒരു കൊച്ചുവാക്യത്തോടെയാണ്, നാണിമിസ്ട്രസ് എന്ന 'മീശമുളച്ച സ്ത്രീ' (!) അടിച്ചേല്പിക്കപ്പെടുന്ന അപകർഷതാബോധത്തെ എത്ര

**ഷോക്കേസിലെ മോഡലുകളെ സ്വപ്നം കാണുമ്പോഴല്ല ജനാധിപത്യ ജീവിതത്തിന്റെ പുതിയ മാതൃകകൾക്ക് പിറവി നൽകുമ്പോഴാണ് സൗന്ദര്യം സൃഷ്ടിക്കപ്പെടുന്നത്.**

ധീരമായാണ് കുടഞ്ഞുകളയുന്നത്. പുറം കറുപ്പാണെങ്കിലും അകം വെളുപ്പാണ് എന്ന കാഴ്ചപ്പാട് അധീശത്വമൂല്യത്തോട് എതിരിടുന്നത് അതിന്റെ തന്നെ മൂല്യബോധം സ്വാംശീകരിച്ചുകൊണ്ടാണ്! പുരോഗമനപക്ഷത്ത് നിൽക്കുന്ന രചനകളിൽപ്പോലും ഇത്തരം 'ബലഹീനതകൾ' കടന്നുകൂടുക സ്വാഭാവികമാണ്. വില്യം ബ്ലേക്കിന്റെ *ചെറിയകറുത്തകുട്ടി* എന്ന കവിതയിൽ കറുപ്പ് ഒരു ക്ഷമാപണമാണ്. "എന്റെ അമ്മ എന്നെ പ്രസവിച്ചത് ദക്ഷിണ വന്യതയിൽ. അതുകൊണ്ട് ഞാൻ കറുപ്പനാണ്. എങ്കിലും എന്റെ ആത്മാവ് വെളുത്തതാണ്". എന്നാൽ ലാങ്സ്റ്റൺ ഹ്യൂഗസ്സിനെപ്പോലുള്ള 'കറുത്തകവികൾ' കറുപ്പിൽ കാണുന്നത് കരുത്തും കാന്തിയുമാണ്. "രാത്രി എത്രമനോഹരം! ഞങ്ങളുടെ പ്രിയപ്പെട്ട ജനങ്ങളുടെ മുഖങ്ങളും അത്ര മനോഹരം". കറുത്ത അവബോധത്തെ ആശ്ലേഷിക്കുന്ന പുതിയ 'നീഗ്രോവിന്' കറുപ്പ് സ്വന്തം സംസ്കാരത്തിന്റെ സർവസ്വവുമാണ്. കറുപ്പ് കഴുകിപ്പോകേണ്ട പാപവും വെളുപ്പ് വാരിത്തേക്കേണ്ട പുണ്യവുമാണെന്ന വർണ പ്രത്യയശാസ്ത്രത്തിന്റെ സൗന്ദര്യ സമീപനത്തിനെതിരെ ഇന്നവർ സ്വന്തം സംസ്കാരത്തിന്റെ കലവറയിൽനിന്നും ആയുധം കണ്ടെത്തി ചെറുത്തുകൊണ്ടിരിക്കുന്നു. ക്യൂബൻ കവിയായ നിക്കോളാസ് ഗിയന്റെ എന്തുനിറം എന്ന കവിത മാർട്ടിൻ ലൂഥർകിങ്ങിന്റെ വധത്തെക്കുറിച്ച് റഷ്യൻ കവി യെവ്തു ഷെങ്കോ എഴുതിയ "അദ്ദേഹത്തിന്റെ തൊലികറുത്തതായിരുന്നു, പക്ഷേ ആത്മാവ് പൊടിമഞ്ഞുപോലെ വെളുത്തതും" എന്ന ഈരടിയോടുള്ള ശക്തമായ പ്രതികരണമാണ്.

അവർ പറയുന്നു: മഹാനായ പാതിരിയ്ക്ക്

നന്നെ വെളുത്ത ആത്മാവാണുണ്ടായിരുന്നത്.

അവർ പറയുന്നു: അദ്ദേഹത്തിന്റെ തൊലി കറുത്തിരുന്നു.

അദ്ദേഹത്തിന്റെ തൊലിക്ക് തന്നെ
കറുപ്പ് നിറമാണുണ്ടായിരുന്നത്.
അകത്ത് പൊടിമഞ്ഞുപോലെ
വെളുത്ത ലില്ലി
പുതിയ പാല്
പഞ്ഞി
എന്തു നൈർമല്യം

അദ്ദേഹത്തിന്റെ കുറ്റമറ്റ അകത്തളത്തിൽ

ഒരുപാടുപോലുമുണ്ടായിരുന്നില്ല.

(ചുരുക്കത്തിൽ: ഒരു സുന്ദരവസ്തു)

ആത്മാവു വെളുത്ത ഒരു കറമ്പൻ
ഒരദ്ഭുതവസ്തു.)

എങ്കിലും അത് വേറൊരുവിധത്തിലും പറയാം....

ധീരനായ പാതിരിക്ക്

എന്തുകൊണ്ട് ഒരു കറുത്ത ആത്മാവുണ്ടായിക്കൂടാ?

കൽക്കരിപോലെ കറുത്തൊരാത്മാവ്......

കറുപ്പ്/ വെളുപ്പ് ദ്വിതം സത്യത്തിൽ വർണവിവേചനത്തിനപ്പുറം രാഷ്ട്രീയാന്തർഗതങ്ങളുള്ള ഒരു സംഘർഷസ്ഥലമാണ്. □